# വിശുദ്ധനബി.

ഗ്രന്ഥകർത്താ,

മൌൽവി എം. അബ്ദുൽറഹിമാൻ സാഹേബ്ബ്.

PUBLISHED BY

ST. ANTONY BOOK DEPOT,

THEVELAKARA.

൧-ാം പതിപ്പ് കാപ്പി—൫൦൦.

ശ്രീധര പ്രസ്സ്, തിരുവനന്തപുരം.

1111

[Price As. 6

Form II B div.

# വിശുദ്ധനബി.

## അദ്ധ്യായം ൧.

4712

### അറേബിയായും തന്നിവാസികളും.

ഇസ്ലാം ധമ്മപ്രവാചകനായ പുണ്യാത്മാവിൻെറ അവതാരത്താൽ ലോകവിശ്രുതവും പരിശുദ്ധവും ആയിത്തീൎന്ന അറേബിയാ, ഏഷ്യാ, ആഫ്രിക്കാ, യൂറോപ്പ് എന്നീ മൂന്നു ഭൂഖണ്ഡങ്ങളുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നു. ഈ ഉപദ്വീപം പടിഞ്ഞാറ് ചെങ്കടൽ, മദ്ധ്യധരണിക്കടൽ ഇവയാലും കിഴക്ക് പേഴ്സ്യൻ ഉൾക്കടലിനാലും തെക്കു ഇന്ത്യൻ മഹാസമുദ്രത്താലും ചുററപ്പെട്ടിരിക്കുന്നു. ടൈഗ്രിസ്, യൂഫ്രട്ടീസ് എന്നീ നദികൾ അതിൻെറ വടക്കുവശത്തു ചുററി ഒഴുകിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ നാലുവശത്തും ജലത്താൽ ചുററപ്പെട്ടിരിക്കുന്നതിനാൽ പ്രാചീന ഭൂവിവരണകാരന്മാർ ഈ രാജ്യത്തെ ഒരു ദ്വീപമായിട്ടാണ് ഗണിച്ചു വന്നിരുന്നത്. അന്നു സിറിയാ, മെസോപ്പൊട്ടേമിയ എന്നീ ദിക്കുകൾകൂടി അറേബിയയുടെ സീമകളിൽ ഉൾപ്പെട്ടിരുന്നു.

SMARAKA GRANDHA SALA
Reg. No: 3273
KUZHY

അറേബിയായുടെ മൂന്നിൽ ഒരു ഭാഗം വെറും മണൽക്കാടാണ്. ചിററാറുകളല്ലാതെ പറയത്തക്ക നദികളൊന്നും ഈ രാജ്യത്തില്ല. ജബാൽ ഉസ് സറാത്ത് എന്നൊരു

കുന്നു് ഈ ഉപദ്വീപിൽ നേരെ തെക്കുവടക്കായി നീണ്ടു നിവന്നു സ്ഥിതിചെയ്യുന്നു. ഈന്തപ്പനകൾ ഈ നാട്ടിൽ ധാരാളം ഉണ്ടാകുന്നു. മുൻ കാലത്തു് സ്വർണ്ണം വെള്ളി മുതലായ ലോഹങ്ങൾക്കും വിവിധ രത്നങ്ങൾക്കും അറേബിയാ കീർത്തിപ്പെട്ടിരുന്നു. ദേഹസുഭഗതയിലും ഓട്ടത്തിലും അറബിക്കുതിരകളോടു കിടപിടിക്കത്തക്ക കുതിരകളും മററെങ്ങും ഉണ്ടായിരുന്നില്ല. എന്നാൽ അറബികൾക്ക് ഏററവും പ്രിയപ്പെട്ട മൃഗം ഒട്ടകം ആയിരുന്നു.

അറേബിയാ രാജ്യം പല ഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. അവയിൽ ഏററവും പ്രധാനപ്പെട്ടതു് ഹെഡ്ജാസ് എന്ന ജില്ലയാകുന്നു. ഈ ദേശം ചെങ്കടലിനോടു തൊട്ടു കിടക്കുന്നു. മക്കവും മദീനയും ഈ ദേശത്തിലെ പ്രധാന നഗരങ്ങളാണ്. ജദ്ദാ, എൽബോ എന്നീ തുറമുഖങ്ങളും ഇവിടെയുള്ളതാണ്. മക്കത്തേക്കും മദീനയ്ക്കും ഉള്ള തീർത്ഥയാത്രക്കാർ ഈ തുറമുഖങ്ങളിലാണ് ഇറങ്ങുന്നതു്. ഇസ്ലാംധർമ്മികൾ ഇന്നും ഭക്ത്യാദരപൂർവ്വം ഈ ദേശത്തെ ഗണിച്ചു പോരുന്നു. അന്നുള്ളവർ ഈ ദേശത്തെ ഭക്തിപൂർവ്വം ആദരിക്കയും യുദ്ധങ്ങളുംമററും ഇതിൻെറ അതിർത്തിക്കുള്ളിൽ നിഷേധിക്കപ്പെടുകയും ചെയ്തിരുന്നതു കൊണ്ടാണ് അതിന് ഹാറാം ഹെഡ്ജാസ് (പാവനമാക്കപ്പെട്ട പ്രദേശം) എന്നു പേർ വന്നതു്. ഹാറാം ഹെഡ്ജാസിൻെറ അതിർത്തിയിലാണ് 'കാബാ' എന്ന പ്രസിദ്ധ ദേവാലയം സ്ഥിതിചെയ്യുന്നതും.

രണ്ടാമത്തെ പ്രധാന വിഭാഗം 'യാമൻ' ദേശമാണ്. അതു അറേബിയായുടെ തെക്കു ഭാഗത്തുള്ള ഒരു ഡിസ്ട്രി

ക്ററാകുന്നു. പ്രാചീന കാലത്ത് ഈ പ്രദേശം അത്യന്തം പരിഷ്കൃതാവസ്ഥയിൽ ഇരുന്നു എന്നുള്ളതിന് പലേ ലക്ഷ്യങ്ങൾ ഉണ്ട്. കുന്നുകളിൽ നിന്ന് പൊട്ടിപ്പുറപ്പെടുന്ന ചിററാറുകളിലെ ജലം എല്ലാം കൂട്ടിച്ചേർത്തു അണകെട്ടി നിർത്തി കൃഷികന്മാരുടെ ഉപയോഗത്തിനായി ജലവിതരണം ചെയ്തുവന്നതിനാൽ, പുരാതനകാലത്തുതന്നെ ഈ സ്ഥലം വളരെ ഫലപുഷ്ടിയുള്ളതായിരുന്നു. വിശുദ്ധ ഖുറാനിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള യൂക്കാറിയ ആഡ് സാമ്രാജ്യം ഇവിടെയാണ് സ്ഥാപിക്കപ്പെട്ടിരുന്നത്. ഹസ്രാമത്ത്, അകപാഫ് എന്നീ ദേശങ്ങൾ ഈ സംസ്ഥാനത്തിന്റെ രണ്ടു പ്രധാന അംശങ്ങളാകുന്നു. അവയിൽ ആഡ് സാമ്രാജ്യം സ്ഥാപിക്കപ്പെട്ടിരുന്ന ദേശമത്രേ അകപാഫ്. ഹസ്രാമത്തിലെ പ്രധാന തുറമുഖമാണ് ഏഡൻ നഗരം.

അറേബിയായിലെ മററൊരു പ്രധാന സംസ്ഥാനം 'നാജിദ്' ആകുന്നു. അത് ഈ ഉപദ്വീപിന്റെ ഉള്ളിൽ ജാബുൽ-അസ്-സറാത്ത് എന്ന സ്ഥലത്തു നിന്നും കിഴക്കോട്ടു വ്യാപിച്ചുകിടക്കുന്നു. സമുദ്രതലത്തിൽനിന്ന് നാലായിരത്തോളം അടി ഉയരത്തിൽ സസ്യസമ്പൽസമൃദ്ധമായി പ്രശോഭിക്കുന്ന ഈ സമഭൂമിയിലാണ് 'മുസാലിമാ' എന്ന വഞ്ചകനെ ജനിപ്പിച്ച 'ബാനുഹനീഫാ' വംശക്കാർ അധിവസിച്ചിരുന്നത്.

അറേബിയൻ ഉപദ്വീപിന്റെ തെക്കുകിഴക്കായി ഓമൻ ഉൾക്കടലിന്റെ തീരത്തു നീണ്ടു കിടക്കുന്ന സ്ഥലത്തിന് ഉമ്മാൻ എന്നു പേർ. അതിനു വടക്കാ

അൽ അസാ രാജ്യവും അതിനെ തൊട്ടു ഹിറാ രാജ്യവും സ്ഥിതി ചെയ്യുന്നു. മദീനാ പട്ടണത്തിനു വടക്കുമാറി ഹിജിർ എന്നൊരു ദിക്കുണ്ട്. ആ സ്ഥലം വഴിക്കാണ് വിശുദ്ധ നബി തബൂക്കിലേയ്ക്കുള്ള യുദ്ധയാത്ര ചെയ്തത്. സാമൂദ് ജാതിക്കാരുടെ വാസഭൂമിയും 'സാലി' എന്ന ദീഘദശിയുടെ ജന്മഭൂമിയും ഇതായിരുന്നു. ആ സ്ഥല ത്തിനു അടുത്തു പടിഞ്ഞാറായി ഷു അയിബു എന്ന പ്രവാചകൻെറ ജന്മദേശമായ മദ്യാൻ സ്ഥിതി ചെയ്യുന്നു.

അറേബിയൻ നഗരങ്ങളിൽ വച്ചു് ഏററവും പ്രധാനം മെക്കാ തന്നെയാകുന്നു. അതിനെ നഗരങ്ങളുടെ മാതാവു് എന്നു് അറബികൾ വിളിച്ചുവരുന്നു. പ്രാക്തനകാലം മുതല്ക്കേ ഈ പട്ടണം അറേബിയായുടെ വൈദിക തലസ്ഥാന നഗരിയായിരുന്നു. സകല അറബികളാലും ആദരിക്കപ്പെട്ടിരുന്ന കാബാ ദേവാലയം ഇവിടെയാണ് നിന്നിരുന്നത്. ആണ്ടു തോറും യാമൻ, ഹദ്രാമത്തു്, പെഴ്ഷ്യൻ ഉൾക്കടലിൻെറ തീരങ്ങൾ, ഹീറാ, മെസോപെട്ടോമിയാ എന്നീ ദേശങ്ങളിൽ നിന്നും ഭക്തി പരവശരായ ജനങ്ങൾ മെക്കാവിലേക്കു വന്നുകൊണ്ടിരുന്നു. ഇന്നും മക്കം ഒന്നു ദശിച്ചിട്ടു് ഇഹലോകവാസം വെടിയണമെന്നാണ് ഓരോ മുസ്ലിമിൻേറയും ആശ.

ഈശ്വരാരാധനത്തിനായി ആദ്യമായി നിമ്മിക്കപ്പെട്ട ദേവാലയം കാബയാണത്രേ. ഐശ്വരമായ വെളിപാടിൻെറ പ്രഥമ കിരണങ്ങൾ പതിച്ച ഈ സ്ഥലത്തു തന്നെയാണ് പരിശുദ്ധ പ്രവാചകന്മാരിൽ അന്തിമനും സവ്വോൽകൃഷ്ടനും ആയ മഹമ്മദു് നബി

അവതരിച്ചതു്. ക്രൈസ്തവ വേദ വിശ്രുതനായ ഏബ്ര ഹാമിന്റെ കാലത്തിനുമുമ്പേ കാബാ ദേവാലയം ഉണ്ടായിരുന്നുവെന്നു കാണുന്നു. സ്വപുത്രനായ ഇസ്മായിലിനെ ഈ ദേശത്തു വിട്ടുംവച്ചു് ആ പുണ്യാത്മാവു പോയ അവസരത്തിൽ ഇങ്ങനെ പ്രാർത്ഥിച്ചു :—

"സർവ്വശക്ത ! നിന്റെ ഈ പരിശുദ്ധ വിഹാരത്തിനടുത്തുള്ള സസ്യസമ്പൽശൂന്യമായ ഈ ദിക്കിൽ എന്റെ സന്താനങ്ങളിൽ ചിലരെ കുടിപാർപ്പിച്ചിരിക്കുന്നു." മനുഷ്യനുവേണ്ടി ഇദംപ്രഥമമായി നിർമ്മിക്കപ്പെട്ട ഭവനം മെക്കായിലാണെന്നും അതു ജനങ്ങൾക്കു ഒരു ദീപമാണെന്നും വിശുദ്ധ ഖുറാൻ പ്രസ്താവിച്ചിട്ടുമുണ്ടു്.

യസ്രാബ്ബ് എന്നായിരുന്നു മദിനയുടെ ആദ്യത്തെ പേരു്. വിശുദ്ധ നബി അവിടെ താമസം തുടങ്ങിയപ്പോൾ അതിന്നു് മദിനത്ത്-അൽ-നബി എന്ന നാമം സിദ്ധിക്കയും ആ പേർ ചുരുങ്ങി ആൽമദീനാ എന്നും പിന്നീടു് മദീനം എന്നും ആവുകയും ചെയ്തു. അവിടുത്തെ ആദിമനിവാസികൾ അമാലകൈത്ത്സ് എന്ന ജാതിക്കാരായിരുന്നു. കാലക്രമേണ യൂദന്മാരും അസ്ലസ്രാജ് എന്ന വംശക്കാരും അവിടെ താമസം ഉറപ്പിച്ചു. പരിശുദ്ധനബി നിര്യാതനായതും സംസ്കരിക്കപ്പെട്ടതും മെദീനയിലായിരുന്നു.

അറേബിയായിലെ ആദിമ വംശക്കാർ ആഡ്, സമൂദ്, ടാസാ, ജഡിസ് എന്നീ ജാതിക്കാരായിരുന്നു. ഇവരിൽ ആഡ് വംശക്കാർ അതിപ്രബലന്മാരായിരുന്നതിനാൽ അവരുടെശക്തി അറേബിയായുടെ അതിർത്തിക്കു

പ്പുറംവരെ വ്യാപിച്ചു. അവരുടെ കോട്ടകൊത്തളങ്ങളുടെ അവശേഷങ്ങൾ മിശ്രു (ഈജിപ്റ്റ്) ദേശത്തു ഇപ്പോഴും കാണ്മാനുണ്ടത്രേ.

അവരുടെ ശക്തി ക്ഷയിച്ചതോടുകൂടി സമൂദ്‌വംശക്കാർ സാമ്രാജ്യശക്തി പ്രതിഷ്ഠിച്ചു. പിന്നീട് യാമൻ ദേശീയരായ ബാനുകഹ്താൻ ജാതിക്കാർക്ക് ഈ രാജ്യം കീഴടങ്ങി. അവരിൽനിന്നു ഉത്ഭവിച്ച ആഡ്, കാസ്രാങ് എന്നീ ജാതിക്കാർ അറിബാ എന്നു വിളിക്കപ്പെട്ടുവന്നു.

ഏബ്രാഹാം കാബാ ദേവാലയത്തിനു സമീപം തൻെറ രണ്ടു പത്നികളിൽ ഒരുവളായ ഹജിറായേയും തൽപുത്രനായ ഇസ്മായിലിനേയും വിട്ടുംവച്ചുപോയെന്നു മുൻപു പ്രസ്താവിച്ചല്ലോ. ആ ഇസ്മായിലിൻെറ സന്താനങ്ങളെ മുസ്താറിബാ (കുടിയേറിപാർത്ത അറബികൾ) എന്നു വിളിച്ചുവന്നു. പിതാവും പുത്രനുംകൂടി കാബാദേവാലയത്തെ പുനരുദ്ധാരണംചെയ്ത അവസരത്തിൽ അവർ ഇങ്ങനെ പ്രാർത്ഥിച്ചതായി വിശുദ്ധഖുറാനിൽ പ്രസ്താവിച്ചിരിക്കുന്നു. "ഞങ്ങളുടെഈശ്വര! അവരിൽനിന്നുതന്നെ ഒരു പ്രവാചകനെ അവർക്കായി നൽകേണമേ."

ഇസ്മായിലിൻെറ സന്താനപരമ്പരയിൽപെട്ട നാദിർ ജാതിക്കാരിൽനിന്ന് ഉത്ഭവിച്ച ഖുറൈഷിവർഗ്ഗത്തിൻെറ ഗോത്രങ്ങളിൽ ഒന്നായ 'ബാനുഹഷീ'മിൻെറ വിശുദ്ധസന്തതിയാണ് മഹമ്മദു നബി.

# അദ്ധ്യായം ൨.

നബിയുടെ അവതാരത്തിന്നു മുമ്പ് കടലിലും കരയിലും ദുർമ്മാർഗ്ഗം വ്യാപിച്ചിരുന്നു എന്ന് വിശുദ്ധ ഖുറാനിൽ പറഞ്ഞിരിക്കുന്നു. അറബികൾ ഐഹിക പരിഷ്ക്കാരത്തിൻെറ പരമകാഷ്ഠയെ പ്രാപിച്ചിരുന്നുവെന്നുള്ളതിന് അക്കാലത്തുണ്ടായ ഉത്തമസാഹിത്യഗ്രന്ഥങ്ങൾ ലക്ഷ്യം വഹിക്കുന്നുണ്ട്. അതിഥിസൽക്കാരം, സ്വാതന്ത്ര്യം, പൌരുഷം മുതലായ ഗുണങ്ങൾ അവരിൽ കുടികൊണ്ടിരുന്നു. എന്നാൽ ഭിന്നവർഗ്ഗങ്ങൾ തമ്മിൽ ഭയങ്കരങ്ങളായ കലഹങ്ങൾ അടിയ്ക്കടി ഉണ്ടായിക്കൊണ്ടിരുന്നതിനാൽ അവർക്ക് ഏകീകൃതമായ ഒരു ജനമണ്ഡലമായിത്തീരാൻ സാധിച്ചില്ല. പൊതുവേ ഏക ദൈവത്തിൽ അവർ വിശ്വസിച്ചിരുന്നു; എന്നാൽ സർവ്വശക്തനായ ദൈവം ലോകരക്ഷണകൃത്യത്തെ അനേകം ദേവന്മാരിലും ദേവിമാരിലും ചുമതലപ്പെടുത്തിയിരുന്നതായി വിശ്വസിച്ച് വിഗ്രഹാരാധന നടത്തിപ്പോന്നു. വിഗ്രഹങ്ങളെക്കൂടാതെ സൂര്യചന്ദ്രാദി തേജോഗോളങ്ങളേയും വൃക്ഷങ്ങളേയും കല്ലുകളേയും അവർ ആരാധിച്ചുവന്നു. ഭംഗിയുള്ള ഒരു കല്ലുകഷണം കണ്ടാൽ അവർ അതിൻെറ മുമ്പാകെ നമസ്കരിക്ക പതിവായിരുന്നത്രേ. വഴിയാത്ര പോകുമ്പോൾ അവർ നാലുകല്ലുകൾ കൂടി കൊണ്ടുപോകാറുണ്ടായിരുന്നു. അവയിൽ മൂന്നെണ്ണം അടുപ്പുകൂട്ടുന്നതിന്നും, ഒന്നു പൂജയ്ക്കും ആയി ഉപയോഗിച്ചുപോന്നു. കാബാ ദേവാലയത്തിൽ തന്നെ മുന്നൂററിഅറുപതു

ഹങ്ങൾ ഉണ്ടായിരുന്നു. ഇങ്ങനെ വിഗ്രഹാരാധനയിൽ മുഴുകി അജ്ഞാനാന്ധകാരത്തിൽ ആണ്ടുകിടന്നിരുന്ന ഒരു മഹാജനതയെ ഉദ്ധരിച്ച് ഏകദൈവ വിശ്വാസത്തിൽ അടിയുറപ്പിച്ച വിശുദ്ധ നബിയുടെ നാമസ്മരണമാത്രത്താൽ ഭക്തിതരളിതമാകാത്ത മനുഷ്യ ഹൃദയമേത്ത് !

അനാത്മാവാദികളും അറേബിയായിൽ അക്കാലത്ത് ഇല്ലാതിരുന്നില്ല. ആ കൂട്ടർക്ക് ആത്മാവിന്റെ നിത്യത്തിൽ വിശ്വാസമേ ഇല്ലായിരുന്നു. അവർ ഈശ്വരനേയും ദേവാലയത്തേയും വിഗ്രഹങ്ങളേയും എല്ലാം ഒരുപോലെ നിന്ദിച്ചുവന്നു.

സാമൂഹ്യജീവിതത്തിലും അറബികളുടെ സ്ഥിതി ശോഭനമായിരുന്നില്ല. സദാ അന്തശ്ഛിദ്രത്തിൽ ഏപ്പെട്ടിരുന്നതിനാൽ സ്വസ്ഥജീവിതം അവർക്ക് പരിചിതമേ അല്ലായിരുന്നു. തങ്ങളുടെ കന്നുകാലികളുമായി അലഞ്ഞു നടക്കുന്നതിലായിരുന്നു അവർക്ക് അധികം കൌതുകം. ചുരുക്കം ചിലർ മാത്രമാണ് ഗ്രാമങ്ങളിലും നഗരങ്ങളിലും അധിവസിച്ചിരുന്നത്. രാജ്യം മുഴുവനും ഖണ്ഡം ഖണ്ഡമായി വിഭജിക്കപ്പെട്ടിരുന്നതിനാൽ വ്യവസ്ഥിതവും നീതിനിപുണവും ആയ ഒരു ഗവമ്മെൻറും അന്നുണ്ടായിരുന്നില്ല. 'കൈയൂക്കുള്ളവൻ കാര്യക്കാരൻ'; ഇതായിരുന്നു അവിടത്തെ പ്രധാന നിയമം. ഭിന്നവർഗ്ഗങ്ങളേയും ജാതികളേയും സംയോജിപ്പിക്കത്തക്ക സാമുദായികമോ രാഷ്ട്രീയമോ ആയ ശക്തിയുടെ അഭാവത്താൽ ജനങ്ങൾക്കു ശാന്തി എന്ന പദംപോലും പരിചിതമായിരുന്നില്ല.

മൂയിർ എന്ന ചരിത്രകാരൻ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു :—

"നമ്മുടെ ശ്രദ്ധയെ സർവ്വതോമുഖമായി ആകർഷിക്കുന്ന ഏക സംഗതി ഒരേ നിയമാവലിയാൽ ബന്ധിതരും ഒരേ സ്വഭാവഗതിയോടുകൂടിയവരും എന്നാൽ സ്വതന്ത്രരും ആയ നിരവധി ചെറുസംഘങ്ങളായി അറബികൾ വേർതിരിഞ്ഞിരുന്നു എന്നുള്ളതാണ്. അവർ അസ്വസ്ഥന്മാരും പരസ്പരകലഹങ്ങളിൽ ഉത്സുകന്മാരും ആയിരുന്നു. ചാർച്ചവഴിക്കോ സ്നേഹബന്ധംമൂലമോ പരസ്പരം ബന്ധപ്പെട്ടിരുന്നവർ പോലും നിസ്സാരകാരണങ്ങളാൽ പിണങ്ങി ആജന്മശത്രുക്കളായി വർത്തിച്ചുപോന്നു. ഒരു കാരണവശാലും യോജിച്ചുനില്ക്കുന്നതിന്നു സാധിക്കാത്തവിധത്തിൽ വിവിധസ്വഭാവഗതികളോടുകൂടിയ ഭിന്നവർഗ്ഗക്കാർ അറേബിയായിൽ ഉണ്ടായിരുന്നു. അവരെ എല്ലാം ഒരു ചരടിൽ കോർത്തിണക്കുക എന്ന ദുർഭരമായ ചുമതലയാണ് വിശുദ്ധ നബി ഏറെറടുത്തു ഭംഗിയായി നിർവ്വഹിച്ചത്.

"ഈ ദയനീയാവസ്ഥ കണ്ടിട്ടാണ് നിങ്ങൾ (അറബികൾ) ഒരു ഭയങ്കരമായ അഗ്നികുണ്ഡത്തിൻെറ വക്കത്തിരിക്കയായിരുന്നു" എന്നു നബി അരുളിച്ചെയ്തത്. ഒരു ഭയങ്കരമായ രക്തപ്രവാഹത്തിന് അന്ന് ഒരു വാക്കു മതിയാകുമായിരുന്നു. ശണ്ഠകളിൽ പരാജിതരായവരുടെ സ്ഥിതിയോ ? കഷ്ടാൽകഷ്ടതരം ! അവർ ആജീവനാന്തം അടിമപ്പണി എടുത്തു കഴിച്ചു കൂട്ടേണ്ടിവന്നു.

സ്ത്രീകളുടെ ജീവിതവും അത്യന്തം ദയനീയമായിരുന്നു. പുരുഷന്മാരുടെ ബഹുഭാര്യത്വം നിമിത്തം അനവധി സ്ത്രീകൾ കഷ്ടത അനുഭവിച്ചു പോന്നു. ബഹുഭർത്തൃത്വവും സ്ത്രീകളുടെ ഇടയ്ക്കു നടപ്പുണ്ടായിരുന്നതായി കാണുന്നു. അവക്കു ചാരിത്രനിഷ്ഠയും വളരെ കുറവായിരുന്നത്രെ. സ്ത്രീകളെ ക്രയവിക്രയസാധനമായിട്ടാണ് അന്നത്തേ അറബികൾ കരുതിയിരുന്നത്.

അടിമകളാക്കപ്പെട്ട പലേ സ്ത്രീകൾ എന്തുചെയ്തും യജമാനന്മാരുടെ പണപ്പെട്ടി നിറച്ചുവന്നു. സ്വതന്ത്ര സ്ത്രീകൾക്കും ഭർത്താവിൻെറയോ മററു ബന്ധുക്കളുടേയോ സ്വത്തിനു യാതൊരു അവകാശവും ഉണ്ടായിരുന്നില്ല. വിധവകൾ അവരുടെ ഭർത്താക്കന്മാരായിരുന്ന പുരുഷന്മാരുടെ സ്വത്തിൻെറ ഒരംശം മാത്രമായിട്ടാണ് ഗണിക്കപ്പെട്ടിരുന്നത്. സ്ത്രീകളെ ഈ പടുകുണ്ടിൽ നിന്നും ഉദ്ധരിച്ച് അവക്കു ബഹുമാന്യമായ ഒരു പദവി നല്കിയതു പുണ്യശ്ലോകനായ മുഹമ്മദ് നബിയായിരുന്നു. അദ്ദേഹം അവക്കു നല്കിയ വിലയും നിലയും ഇന്നത്തെ പാശ്ചാത്യന്മാർ പോലും സ്ത്രീലോകത്തിന് നല്കീട്ടില്ലെന്നു ഖണ്ഡിതമായിപ്പറയാം.

പുരുഷന്മാക്കു സ്ത്രീ ജനങ്ങളിൽ എത്രത്തോളം അധികാരവും അവകാശവും ഉണ്ടോ അത്രത്തോളം തന്നെ അധികാരാവകാശങ്ങൾ സ്ത്രീകൾക്കു പുരുഷന്മാരിലും ഉണ്ട് എന്നുള്ള വിശുദ്ധ ഖുറാനിലെ വാക്യം സ്ത്രീലോകത്തിനു ബന്ധനവിമുക്തി എന്നെന്നേയ്ക്കുമായി നല്കി. വിശുദ്ധനബി പിന്നെയും അരുളിച്ചെയ്തിരിക്കുന്നു:—

"യാതൊരുവനാണോ സ്വപത്നിയെ മാന്യനിലയിൽ വെച്ചിരിക്കുന്നത് അവൻതന്നെയാണ് ഉൽകൃഷ്ടൻ." ഒരു പെൺകുട്ടി ജനിച്ചാലുടനെ അതിനെ ജീവനോടുകൂടി കുഴിച്ചുമൂടുന്ന നടപ്പ് ആഭിജാത്യലക്ഷണമായി കരുതിപ്പോന്ന അറബികളുടെ ഇടയ്ക്ക് സ്ത്രീലോകത്തിനു ഇത്ര മാന്യ പദവി സമ്പാദിച്ചു കൊടുത്ത മഹമ്മദു നബി എന്തൊരു മഹോപകാരമാണ് മനുഷ്യൎക്കു ചെയ്തു തന്നത്.

അറബികളെ സാൎവത്രികമായി ബാധിച്ചിരുന്ന മറെറാരു മഹാരോഗം മദ്യപാനാസക്തിയായിരുന്നു. കലവറകളിൽ അടുക്കടുക്കായി മദ്യംനിറച്ച ചാറകൾ സൂക്ഷിച്ചുവയ്ക്കാത്ത ഒരു ഗൃഹവും അന്ന് ആ നാട്ടിൽ ഇല്ലായിരുന്നു. വിശുദ്ധ ഖുറാൻ എത്രകോടി മദ്യകുംഭങ്ങളെയാണ് പൊട്ടിച്ചുദൂരത്തെറിഞ്ഞുകളഞ്ഞത്. മൌലാനാ മഹമ്മദാലി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു :—"അല്പകാലത്തിനുള്ളിൽ മുഹമ്മദുനബി—അദ്ദേഹത്തിനു നിത്യശാന്തി ഭവിക്കട്ടേ—അറബികളുടെ ഇടയ്ക്കു പരമ്പരാഗതമായി നിലനിന്നുപോന്ന ദുൎവൃത്തികളിൽനിന്നും അടിമത്തത്തിൽ നിന്നും സമുദ്ധരിച്ചു. അവരെ സഭ്യതയുടെയും, സദ്വൃത്തിയുടേയും, വിജ്ഞാനത്തിന്റെയും പരാകാഷ്ഠയിൽ എത്തിച്ചു. അറബികളുടെ സമുദ്ധാരണം പോലെ മഹനീയവും ഉജ്ജ്വലവും ആയ ആ മഹാകാൎയ്യം അല്പകാലത്തിനുള്ളിൽ സാധിച്ച ആ പുരുഷകേസരിയായ ഇസ്ലാം ധൎമ്മസ്ഥാപകനെ മനുഷ്യലോകത്തിന്റെരത്നം എന്നു അഭിധാനം ചെയ്യുന്നതിന് എന്താണു മടിക്കാനുള്ളത്?"

# അദ്ധ്യായം ൯.

## പരിഷ്ക്കരണോദ്യമങ്ങൾ.

അറേബിയായിൽ അനേകം ദീഘദശിമാർ വിശ്രുത നബിയുടെ കാലത്തിനുമുമ്പ് തന്നെ ഉണ്ടായിട്ടുണ്ട്. യാമൻ സംസ്ഥാനത്തിന്റെ ഒരു അംശമായ അകപാഫ് ദേശത്തു കുടിപാൎത്തിരുന്ന അഡ്ജാതീയരെ ഹർദ്ദൂഎന്ന ദീഘദശി ഉന്നമിപ്പിച്ചു. 'സലി' എന്ന പേരോടുകൂടി മറെറാരു പ്രവാചകനും ഹിജിർ എന്ന സ്ഥലത്തു പാൎത്തിരുന്ന സമൂദ്ദ് ജാതിക്കാരുടെ ഉന്നമനാൎത്ഥം ആവിർഭവിക്കയുണ്ടായി. ഇവർ രണ്ടുപേരും ഏബ്രാഹാമിന്റെ പൂൎവ്വഗാമികളായിരുന്നു. യാമൻ, മദ്യാൻ എന്നീദേശങ്ങളിൽ അവതരിച്ച രണ്ടു ദീഘദശികളായിരുന്നു ഇസ്മായിലും, ഷുയാബും. ഈ നാലു ദീഘദശികളും അറബികളുടെ ഇടയ്ക്കു് ഈശ്വരഭക്തിയും, സദാചാരനിഷ്ഠയും പ്രചരിപ്പിക്കാൻ ശ്രമിച്ച മഹാനുഭാവന്മാരായിരുന്നു.

ക്രിസ്താബ്ദം അഞ്ചാം ശതകത്തിനിടയ്ക്കു് നെബുക്കഡ് നസാറിനാൽ ബഹിഷ്കൃതരായ യഹൂദർ അറബിരാജ്യത്തു വന്നു് കുടിപാൎത്തു തുടങ്ങി. ഒടുവിലത്തെ പ്രവാചകൻ അറേബിയായിൽ ജാതനാകും എന്നു അവർ ദൃഢമായി വിശ്വസിച്ചുപോന്നു. അചിരേണ യഹൂദമതം ആ പ്രദേശത്തു വ്യാപിച്ചു തുടങ്ങി. എന്നാൽ അതിന് അവിടെ വേരുറയ്ക്കാൻ സാധിച്ചതേ ഇല്ല.

അനന്തരം പടിഞ്ഞാറുനിന്ന് അബിസ്സീനിയ രാജ്യവും വടക്കുനിന്ന് റോമാ സാമ്രാജ്യവും അറേബിയായിൽ ക്രിസ്തുമതം പ്രചരിപ്പാൻ തീവ്രപ്രയത്നം തുടങ്ങി. തൽഫലമായി നജ്റാൻ എന്ന ദേശം മുഴുവനും ക്രിസ്തുമതം അംഗീകരിച്ചു. എന്നാൽ ആ മതത്തിനും അറേബിയായിൽ പറയത്തക്ക പ്രചാരമൊന്നും സിദ്ധിക്കാനിടയായില്ല.

ഇങ്ങനെ നാട്ടിൻെറ ബഹിർഭാഗത്തുനിന്നും ഉണ്ടായ പരിഷ്കരണോദ്യമങ്ങൾ വിഫലങ്ങളായിത്തീൎന്നപ്പോൾ, ഹനീഫ് എന്നൊരു പുതിയ മതം അവിടെ ഉത്ഭവിച്ചു. ആ മതക്കാർ ഏകദൈവത്തിൽ വിശ്വസിക്കയും വിഗ്രഹങ്ങളെ വെറുക്കയും ചെയ്തു. എന്നാൽ അവർ അറബികളുടെ സാമുദായിക ദുരാചാരങ്ങളെ നശിപ്പിക്കുന്നതിനു യാതൊന്നും ചെയ്യുകയുണ്ടായില്ലത്രേ.

ഈ മതങ്ങളെല്ലാം വിശുദ്ധ നബിയുടെ അവതാരത്തോടുകൂടി നാമാവശേഷമായിപ്പോയി. ലോകചരിത്രത്തിൽ ഒരിടത്തും ഇത്ര വിപുലവും നിരുപമവുമായ മതപരിവൎത്തനം ഇത്ര ചുരുങ്ങിയ കാലത്തിനുള്ളിൽ സാധിച്ചിട്ടില്ല.

യൂദന്മാൎക്കും അറബികൾക്കും തമ്മിൽ രക്തസംബന്ധമുണ്ടായിരുന്നു. ഭാഷ, സ്വഭാവഗതി, ദിനചൎയ്യ ഈ വിഷയങ്ങളിലെല്ലാം അവൎക്കു തമ്മിൽ വളരെ സാദൃശ്യമുണ്ടായിരുന്നു. ഇരുകൂട്ടരും ആദിമപിതാവായ ഏബ്രഹാമിനെ ഭക്തിപൂൎവ്വം ബഹുമാനിച്ചുവന്നു. ഇങ്ങനെ ഒക്കെ ഇരുന്നിട്ടും അറബികൾ പ്രബലമായ യഹൂദമതത്തെ

കൈക്കൊണ്ടില്ല. രണ്ടു മഹാശക്തികളുടെ പിൻബലത്തോടും അപ്രതിധൃഷ്യമായ ആകൎഷണശക്തിയോടുംകൂടി ആവിൎഭവിച്ച കൃസ്തുമതത്തിനും അവരെ പുരാതനമതത്തിൽനിന്നു വ്യതിചലിപ്പിക്കാൻ കഴിയാതെ വന്നു. അറബിമതം വിഗ്രഹാരാധനയിൽ ദൃഢമൂലമായിരുന്നു. ഈജിപ്തിൽ നിന്നും സിറിയായിൽ നിന്നും പ്രവഹിച്ച പരിഷ്കരണോദ്യമങ്ങളെയെല്ലാം നിരോധിച്ചു നില്ക്കുന്നതിനു തക്ക ശക്തി അതിനുണ്ടായി. ഇങ്ങനെ പുറത്തുനിന്നും അകത്തുനിന്നും ഉണ്ടായ നവീകരണ യത്നങ്ങളെ വകവയ്ക്കാതെ പൂൎവാചാരശൃംഖലയിൽ കുടുങ്ങിക്കിടന്ന അറബികളെ എത്ര നിഷ്പ്രയാസം വിശുദ്ധ നബി മോചിപ്പിച്ചുവെന്നു നോക്കുക.

---

# അദ്ധ്യായം ൪.

## വിശുദ്ധ നബിയുടെ ആഗമനം.

വിശുദ്ധ നബിയുടെ ആഗമനത്തെപ്പററി മുമ്പുണ്ടായിരുന്ന എല്ലാ പ്രവാചകന്മാരും അരുളിച്ചെയ്തിരുന്നു. ആ ദീർഘദർശികളുടെയെല്ലാം ഉപദേശതത്വങ്ങളെ സ്വീകരിച്ചു് സാക്ഷാൽക്കരിക്കുന്നതിനായി ഒടുവിൽ അവതരിച്ച പ്രധാന പ്രവാചകനത്രേ മുഹമ്മദ് നബി.

ഏബ്രഹാമിൻെറ സീമന്തപുത്രനായിരുന്ന ഇഷ്മായേലിനു പന്ത്രണ്ടു സന്താനങ്ങളുണ്ടായിരുന്നവരിൽ ഒരാളായ കൈദറിൻെറ സന്താനപരമ്പരയാണ് ഹെഡ്ജാസ് ദേശം മുഴുവനും വ്യാപിച്ചതു്. ആ വംശാവലിയിൽ നാല്പതാമത്തെ തലമുറയിൽ ഉത്ഭവിച്ച അദ്നാൻ എന്ന ആളിനോടു് മുഹമ്മദിൻെറ ഗോത്രം സംഘടിക്കപ്പെട്ടിരിക്കുന്നു. അദ്നാനിൽനിന്നും ഒൻപതാമത്തെ തലമുറയിൽ ഖുറെഷ് വംശസ്ഥാപകനായ നാസർ ബിൻകിനാനാ ജനിച്ചു. ആ ആളിൽനിന്നും ഒൻപതാമത്തെ തലമുറയിൽ കസ്സായി എന്നൊരുത്തനും ഉത്ഭവിച്ചു. അദ്ദേഹം വിശുദ്ധ നബിയുടെ പിതാമഹൻെറ അപ്പൂപ്പനായിരുന്നു.

മാതൃവഴിക്കും അദ്ദേഹം ഉൽകൃഷ്ടകുലജാതനായിരുന്നു. ബാനുനജ്ജാർ വംശത്തിൽപ്പെട്ട ഒരു സുകൃതിനിയിൽ ജനിച്ച അബ്ദുൽ മുത്താലിബ്ബിനു പത്തു പുത്രന്മാരുണ്ടായിരുന്നവരിൽ ഒരാളും നബിയുടെ പിതാവായ അബ്ദു

ള്ളായായിരുന്നു. അദ്ദേഹം സുഹ്രാവംശത്തിലെ വഹാബിൻ അബ്ദു—മാനാഫിൻെറ പുത്രിയായ അമീനയെ കല്യാണംകഴിച്ചു. ഈ വധൂവരന്മാർ ആഭിജാത്യംകൊണ്ടും സ്വഭാവ മാധുര്യംകൊണ്ടും ചാരിത്രശുദ്ധികൊണ്ടും പരസ്പരം യോജിച്ചവരായിരുന്നു.

വിവാഹാനന്തരം അധികകാലം കഴിയും മുമ്പ് അബ്ദുള്ളയ്ക്ക് വാണിജ്യസംബന്ധമായി സിറിയായിലേക്കു പോകേണ്ടിവന്നു. എന്നാൽ തിരിച്ചുവരുംവഴിക്ക് അദ്ദേഹം മെദീനയിൽവച്ച് ഇഹലോകവാസം വെടിഞ്ഞു. വിശുദ്ധ നബി ഇങ്ങനെ അനാഥശിശുവായിട്ടാണ് ഭൂമുഖം ആദ്യമായി ദർശിച്ചത്. ആറാമത്തെ വയസ്സിൽ പ്രിയജനനിയും നിര്യാതയായി. മാതാപിതാക്കന്മാരുടെ വാത്സല്യപൂർവ്വമായ പരിലാളനകൾ ഏല്ക്കുന്നതിനോ പുസ്തകപാരായണംവഴിക്കുള്ള വിജ്ഞാനം സമാർജ്ജിക്കുന്നതിനോ ആ ബാലനു ഭാഗ്യമുണ്ടായില്ലെങ്കിലും എന്തൊരു ജ്ഞാനദീപ്തിയാണ് അദ്ദേഹം അനന്തരകാലത്ത് ലോകമൊട്ടുക്കു ചൊരിഞ്ഞത്!

ചാന്ദ്രമാസമായ റാബി-ഉൽ-അവ്വാൽ പന്ത്രണ്ടാം തീയതി തിങ്കളാഴ്ചദിവസമാണ് വിശുദ്ധ നബി അവതരിച്ചത്. ഈ സംഭവത്തെപ്പററി അമീനയ്ക്കും പിതാമഹനും ഓരോ സ്വപ്നദർശനമുണ്ടായി. ആ സ്വപ്നങ്ങളുടെ ഫലമായി പിതാമഹൻ മഹമ്മദ് എന്ന നാമവും മാതാവ് അഹമ്മദ് എന്ന പേരും അദ്ദേഹത്തിനു കല്പിച്ചു. ഈ രണ്ടുപേരുകളും അദ്ദേഹത്തിനുണ്ടായിരുന്നതായി ഖുറാനിൽനിന്നും തെളിയുന്നു.

അതേവഷത്തിൽ തന്നെ യാമൻ രാജ്യത്തിലെ ക്രൈസ്ത്യരാജാവ് കാബാ ദേവാലയം ഇടിച്ചു നിരത്താനും അതിനു പകരം തന്റെ തലസ്ഥാനനഗരിയായ സാനാവിൽ ഒരു പള്ളി പണിയിക്കാനും ഉറച്ചു. കാബാ വിദ്ധ്വംസനാത്ഥം 'അബ്രഹാ'ഭിധനായ ആ രാജാവ് സസൈന്യം പുറപ്പെട്ട് മക്കത്തുനിന്നു മൂന്നുനാഴിക ദൂരെ സൈന്യനിവേശം ചെയ്തു. അതിന്നിടയ്ക്ക് അബ്ദുൽ മുത്താലിബ്ബിന്റെ ഏതാനും ഒട്ടകങ്ങളെ അബ്രഹാമിന്റെ ഭടന്മാർ തടഞ്ഞുനിത്തി. മത്താലിബ് നേരെ ആബ്രഹാവിനെ ചെന്നുകണ്ട് ഒട്ടകങ്ങളെ വിട്ടുതരണമെന്ന് അഭ്യത്ഥിച്ചു. അദ്ദേഹത്തിന്റെ ഗൗരവയുക്തമായ ഭാവംകണ്ട് രാജാവു ചോദിച്ചു:—"നിങ്ങൾ ഈ ഒട്ടകങ്ങളുടെ വിഷയത്തിൽ ഇത്ര ശ്രദ്ധിക്കുന്നല്ലോ. ഞാൻ നിങ്ങളുടെ ദേവാലയത്തെ ധ്വംസിക്കാനാണു വന്നിരിക്കുന്നതു്. അതിനെപ്പററി ഒരു വിചാരവും നിങ്ങൾക്കില്ലേ?" അതിന് അദ്ദേഹം ഇങ്ങനെ മറുപടിപറഞ്ഞു:—"ഒട്ടകങ്ങളെപ്പററി ഞാൻ ഇത്ര സങ്കടപ്പെടുന്നതു് അവ എന്റെതായതുകൊണ്ടാണ്. ദേവാലയത്തെപ്പററി അതിന്റെ ഉടമസ്ഥൻ ശ്രദ്ധിച്ചുകൊള്ളും." ദേവാലയസംരക്ഷണത്തിന് പര്യാപ്തമായ ശക്തി ഖുറൈഷിവഗ്ഗക്കാക്ക് ഇല്ലാതിരുന്നതിനാൽ അവർ സമീപത്തുള്ള കുന്നുകളിൽ ച്ചെന്നു താമസം തുടങ്ങി. മെക്കാ വിടുന്നസമയം അബ്ദുൽ മുത്തിലിബ് ഇങ്ങനെ പ്രാത്ഥിച്ചു. "അള്ളാവേ ! ഇതു് അവിടുത്തേ സ്വന്ത ദേവാലയമാണ്. അതിനെ രക്ഷിക്കുന്നതിന് അടിയങ്ങൾ ശക്തരല്ല. അതിനെ രക്ഷിക്കു

ന്നതിനു് അവിടുത്തേയ്ക്കു് കനിവുണ്ടാകണേ" ആബ്രഹാവിന്റെ സൈന്യത്തിൽ അചിരേണ മസൂരി പടൎന്നു പിടിച്ചു പലരും നശിച്ചു. ശേഷംപേർ ഓടിപ്പോയി. ഇങ്ങനെ ആ രാജാവിന്റെ ഉദ്യമം ഫലിക്കാതെ വരുകയും അബ്ദുള്ളാ മുത്താലിബ്ബിന്റെ പ്രാൎത്ഥന സഫലമാവുകയും ചെയ്തു. ആബ്രഹാവിന്റെ ഈ പരാജയ ദിവസം തന്നെയാണത്രേ നബി തിരുവവതാരം ചെയ്തതു്.

---

# അദ്ധ്യായം ൭.

അക്കാലത്ത് അറേബിയൻ പ്രഭുകുടുംബങ്ങളിൽ മാതൃജനങ്ങൾ സ്വശിശുക്കൾക്ക് മുലകൊടുത്തു വളത്താറില്ലായിരുന്നു. വിശുദ്ധ നബിക്ക് മാതാവ് രണ്ടുദിവസം സ്തന്യം നല്കി. പിന്നീട് രണ്ടുമൂന്നുദിവസത്തോളം ആബുലഹാബിൻെറ ദാസിയായ സുവാബിയാ മുലകൊടുത്തു. അനന്തരം ഹലിമാ എന്നൊരു പരിചാരികയാണ് ശിശുവിനെ വളത്തിയത്. രണ്ടു വഷങ്ങൾക്കു ശേഷം ഈ പരിചാരിക ബാലനെ മാതാവായ അമീനയുടെ അടുക്കൽ കൊണ്ടുചെന്നപ്പോൾ മെക്കയിൽ എല്ലായിടത്തും ഒരു ഭയങ്കര മഹാമാരി വ്യാപിച്ചിരുന്നു. തന്നിമിത്തം ഹലിമ വീണ്ടും ശിശുവിനെ അവിടെനിന്നു കൊണ്ടുപോയി. പിന്നീട് ആറാമത്തെ വയസ്സിലാണ് പ്രസ്തുത ബാലൻ മാതൃസന്നിധിയെ പ്രാപിച്ചത്. അക്കാലത്ത് അമീനയ്ക്കു് പുത്രസഹിതം സ്വഭത്താവിൻെറ ശവകുടീരം ദശിക്കാൻ ആഗ്രഹമുണ്ടായി. അങ്ങനെ മദീനയ്ക്കു പോകുംവഴി ദൈവഗത്യാ ആ സുകൃതിനി അബ്‌വാ എന്ന സ്ഥലത്തുവച്ച് പരലോകം പ്രാപിച്ചു. ഇപ്രകാരം നമ്മുടെ ബാലകന് അച്ഛനെപ്പോലെ തന്നെ അമ്മയും നഷ്ടമായി.

പിതാമഹനായ അബ്ദുൽ മുത്താലിബ്ബാണ് അനന്തരം ഈ ബാലനെ വളത്തിയതു്. എന്നാൽ അദ്ദേഹവും രണ്ടുവഷത്തിനുള്ളിൽ മരണം പ്രാപിച്ചു. പിന്നീട് നബിയുടെ രക്ഷാകത്തൃത്വം പിതൃവ്യനായ ആബുതാ-

ലിബ്ബ് വഹിച്ചു. അദ്ദേഹം പോകുന്നിടത്തൊക്കെ ഈ കുട്ടിയേക്കൂടിക്കൊണ്ടുപോകാറുണ്ടായിരുന്നു. ശൈശവ ദശയിൽ തന്നെ ഭാവി പ്രവാചകൻെറ സൽഗ്ഗുണാങ്കുരങ്ങൾ ഈ ബാലനിൽ കണ്ടുതുടങ്ങി. ആബുതാലിബ്ബ് കച്ചവടസംബന്ധമായ കാൎയ്യങ്ങൾക്കായി സിറിയായിലേയ്ക്കു പോയപ്പോൾ ദ്വാദശവയസ്കനായ നബിയേക്കൂടി കൊണ്ടുപോയി. ഈ യാത്രാമദ്ധ്യത്തിൽ ആ വണിക്പ്രവരൻ ഒരു ക്രൈസ്തവസന്യാസിയെ ദൎശിച്ചു. ആ സന്യാസി നബിയുടെ മുഖത്തു പ്രശോഭിച്ച ദിവ്യകാന്തി കണ്ടു് ഈ കുട്ടിയേ പ്രത്യേകം സൂക്ഷിച്ചുകൊള്ളണമെന്നു് പ്രത്യേകം ഉപദേശിച്ചതായും പറയപ്പെടുന്നു.

ഇരുപതാമത്തെ വയസ്സുവരെ നബിയുടെ ചരിത്രത്തിൽ അധികമൊന്നും അറിയപ്പെട്ടിട്ടില്ല. അക്കാലത്തു ഖുറൈഷികളും ഖൈവസ് വൎഗ്ഗീയരും തമ്മിൽ ഉണ്ടായ യുദ്ധത്തിൽ നബിയും പങ്കെടുത്തു. എന്നാൽ തൻെറ കൈകൊണ്ടു് ഒരു ജീവിയുടേയും പ്രാണഹാനിവരുത്താൻ അദ്ദേഹം ഇടവരുത്തിയില്ല. അനന്തരം ഉണ്ടായ സന്ധിയിൽ പ്രധാനഭാഗം നബിതന്നെയാണ് വഹിച്ചതു്.

ഈ കാലത്തിനുള്ളിൽ നബിയുടെ പേരിൽ ജനങ്ങൾക്കെല്ലാം സ്നേഹവും വിശ്വാസവും ജനിച്ചുകഴിഞ്ഞു. സകല പെരുമാററങ്ങളിലും സത്യനിഷ്ഠനായിരുന്നതുകൊണ്ടു് അദ്ദേഹത്തിനു 'അൽഅമീൻ' എന്ന പേർ സിദ്ധിച്ചു.

മുപ്പത്തിഅഞ്ചാമത്തെ വയസ്സിൽ കാബാ ദേവാലയത്തിൻെറ ജീൎണ്ണോദ്ധാരണത്തിനായി ഖുറൈഷ് വൎഗ്ഗ

ക്കാർ ഒത്തൊരുമിച്ച് ശ്രമം തുടങ്ങി. എന്നാൽ അസ്ഥിവാരത്തിൽ കൃഷ്ണശില സ്ഥാപിക്ക എന്നുള്ള പ്രധാനകൎമ്മം നിൎവ്വഹിക്കേണ്ടതാരെന്നുള്ളതിനെപ്പററി തക്കം തുടങ്ങി. വാദം മൂത്ത് രക്തച്ചൊരിച്ചൽ ഉണ്ടാവുമെന്നുള്ള ഘട്ടം വന്നുചേൎന്നു. അപ്പോൾ ഒരു വൃദ്ധൻ എണീററ് മാദ്ധ്യസ്ഥ്യംവഴിക്ക് ഈ വഴക്ക തീക്കേണ്ടതാണെന്നും അടുത്തദിവസം കാബാ ക്ഷേത്രത്തിൽ ആദ്യമായി വരുന്ന ആൾ മാദ്ധ്യസ്ഥ്യം വഹിക്കേണ്ടതാണെന്നും ഉപദേശിച്ചു. അവരെല്ലാം ആ അഭിപ്രായത്തോടു യോജിക്കയാൽ പിറേറദിവസം അതിരാവിലെ എണീററ് മദ്ധ്യസ്ഥന്റെ ആഗമനത്തെ പ്രതീക്ഷിച്ച് സോൽക്കണ്ഠം ഇരിപ്പായി. അങ്ങനെ ഇരിക്കെ അവരുടെ മുമ്പിൽ പ്രത്യക്ഷനായത് എല്ലാവൎക്കും വിശ്വാസപാത്രമായിരുന്ന മുഹമ്മദ്നബി തന്നെ ആയിരുന്നു. അദ്ദേഹം തന്നെ കൃഷ്ണശിലാസ്ഥാപനകൎമ്മം നിൎവ്വഹിച്ച് ഭയങ്കരമായ ആ വൎഗ്ഗീയകലഹത്തെ നാമ്പിലേ തന്നെ നുള്ളിക്കളഞ്ഞു.

'നീതിനിപുണ' എന്ന ഉപനാമത്താൽ വിശ്രുതയായിരുന്ന കദീജാ എന്നൊരു വനിതാരത്നം മുഹമ്മദിന്റെ സൽഗ്ഗുണങ്ങളേയും വിശ്വാസയോഗ്യതയേയുംപററി കേട്ട് തന്റെ സകല കാൎയ്യങ്ങളേയും അദ്ദേഹത്തിൽ സമൎപ്പിച്ചു. ക്രമേണ ആ വിധവയ്ക്കു നബിയിൽ വിശ്വാസവും പ്രേമവും അങ്കുരിച്ചതിന്റെ ഫലമായി, അദ്ദേഹത്തിനെ ഭൎത്താവായും വരിച്ചു. ആ നാരീരത്നത്തിൽ നബിക്ക് നാലു സ്ത്രീ സന്താനങ്ങളും രണ്ടു പുരുഷപ്രജകളും ഉണ്ടായി. മൂത്തപുത്രന്റെ പേർ കാസിം എന്നാ

യിരുന്നു. അതിനാൽ നബിക്ക് അബുൽകാസിം എന്നു പേർക്കൂടി സിദ്ധിച്ചു. ആ പുത്രൻ രണ്ടാമത്തെ വയസ്സിൽ ദേഹവിയോഗംചെയ്തു. ദ്വിതീയപുത്രനും കുട്ടിപ്രായത്തിൽ തന്നെ മരിച്ചുപോയി. മൂത്തപുത്രിയായ സൈനാബ് അബുൽഅസിനേയും രുകയ്യാ ഉസ്മാനേയും വിവാഹംകഴിച്ചു. ബാദാർ എന്ന സ്ഥലത്തുവച്ചു നടന്ന യുദ്ധത്തിൽ മുസ്ലിമീങ്ങൾക്കു വിജയലാഭം ഉണ്ടായ അന്ന് രുകയ്യാ മരിച്ചു. അടുത്ത പുത്രിയായ ഉമ്മികുത്സും തദനന്തരം ഉസ്മാനെത്തന്നെ കല്യാണംകഴിച്ചു. ഒടുവിലത്തെ മകളായ ഫാത്തിമയിൽനിന്നാണ് മുസ്ലിം ചരിത്രപ്രസിദ്ധരായ സയ്യിദ്ദ്വർഗ്ഗക്കാർ ഉണ്ടായത്. കദീജയിൽ നബിയ്ക്കുണ്ടായ സന്താനങ്ങളിൽ ഫത്തീമയൊഴിച്ചുള്ളവരെല്ലാം അദ്ദേഹത്തിന്റെ കാലത്തിനുമുമ്പുതന്നെ കാലധൎമ്മം പ്രാപിച്ചുപോയെന്നുള്ളതും ഇവിടെ പ്രസ്താവ്യമാകുന്നു. ഫത്തീമയും നബിയുടെ കാലശേഷം ആറുമാസക്കാലമേ ജീവിച്ചിരുന്നുള്ളു.

കദീജാ എല്ലാ വിധത്തിലും ഒരു ഉത്തമ സ്ത്രീയായിരുന്നു. ആ ദേവി തന്റെ ധനം ധൎമ്മ്യകൎമ്മങ്ങൾക്കായി ചെലവുചെയ്തുവന്നു. സന്മാൎഗ്ഗനിഷ്ഠ ആ സ്ത്രീരത്നത്തിൽ മൂൎത്തിമതിയായിരുന്നു. തന്നിമിത്തം കദീജയുടെ കാലശേഷവും ആ ദേവിയെ നബി പ്രേമപൂൎവ്വം സ്മരിക്കയും പലപ്പോഴും സ്തുതിക്കയും ചെയ്യാറുണ്ടായിരുന്നു.

നബിക്കു ഐശോന്മേഷം ഉണ്ടായപ്പോൾ അദ്ദേഹത്തിന് തന്നിൽ അൎപ്പിതമായ ചുമതലകളെപ്പററി ആശങ്കജനിച്ചു ; ആ അവസരത്തിൽ സാന്ത്വന വാക്കുകളാൽ

അദ്ദേഹത്തിനെ സമാശ്വസിപ്പിച്ചതു കദീജ ആയിരുന്നു. ആ ദേവി പറഞ്ഞു:—"തോൽവി എന്നുള്ള ദുരവസ്ഥ അള്ളാ അങ്ങേയ്ക്കു വരുത്തുകയേ ഇല്ല. അവിടുന്നു് രക്ത ബന്ധങ്ങളെ യഥാൎത്ഥമായി ആദരിക്കയും ബലഹീന ന്മാരുടെ ഭാരം സ്വയം കൈയ്യേല്ക്കുകയും കാലാതിപാത ത്താൽ അസ്തമിതപ്രായമായ സാരോപദേശങ്ങളെ പുനരു ദ്ധരിക്കയും അതിഥിപൂജ നടത്തുകയും ആപത്തിലും സത്യ ത്തെ മുറുകിപ്പിടിക്കയും ചെയ്യണം."

ഈ മാതിരി ഉത്തമപ്രേരണകളാൽ ഭൎത്താക്കന്മാൎക്കു ഉന്മേഷം നൽകുന്ന സഹധൎമ്മിണികൾ ധാരാളമുണ്ടായി രുന്നെങ്കിൽ ഈ ലോകം ഈ അവസ്ഥയിൽ ഇരിക്കുമാ യിരുന്നോ ?

നബിയ്ക്കു് അയിഷാ എന്നൊരു പത്നികൂടിയുണ്ടാ യിരുന്നു. ആ പത്നിയിലും ഇബ്രാഹിം എന്നൊരു ശിശു ഉണ്ടായി; എന്നാൽ ആ കുട്ടി അധികകാലം ജീവിച്ചി രുന്നില്ല

നബിയുടെ ഭൃതദയക്കും ആശ്രിത വാത്സല്യത്തിനും അളവില്ലായിരുന്നു. കദീജ തന്റെ ഭൎത്താവിനുവേണ്ടി ഒരു അടിമയെ വിലയ്ക്കുവാങ്ങി; എന്നാൽ നബിയാ കട്ടെ അയാൾക്കു സകല സ്വാതന്ത്ര്യവും കൊടുത്തു. അദ്ദേഹത്തിന്റെ ഉത്തമ മിത്രങ്ങളിൽ ഒരാളായിരുന്ന സയ്യിദും ഒരടിമയായിരുന്നു. അയാൾക്കു നബി സ്വാത ന്ത്ര്യദാനം ചെയ്തതായി അറിഞ്ഞു് അവിടെ വന്നുചേന്ന തൽപിതാവ്, സൈയിദിനെ തന്റെ കൂടെ അയയ്ക്കണ മെന്നു് അപേക്ഷിച്ചപ്പോൾ ആ കാൎയ്യം സയ്യിദിന്റെ

ഇഷ്ടത്തിന വിട്ടിരിക്കുന്നു എന്നു നബി മറുപടി പറഞ്ഞു. എന്നാൽ സയ്യിദ്ദിനാകട്ടെ സ്വപിതാവിനോടുള്ളതിൽ കവിഞ്ഞ സ്നേഹം നബിയോടാണുണ്ടായിരുന്നത്. അതു നിമിത്തം അയാൾ അദ്ദേഹത്തിനെ വിട്ടുപോയതേ ഇല്ല. അബൂതാലിബ് സ്വപ്രാണങ്ങൾക്കും പ്രാണനായിട്ടാണ് നബിയെ ഗണിച്ചുപോന്നത്. അദ്ദേഹം പൂർവ്വാചാരങ്ങളിലും മതസിദ്ധാന്തങ്ങളിലും ദൃഢനിഷ്ഠനായിരുന്നിട്ടും എല്ലാ സന്ദർഭങ്ങളിലും നബിയെ സഹായിച്ചുപോന്നു. ആ വഴിക്ക് അദ്ദേഹം സ്വവർഗ്ഗക്കാരുടെ ഒത്തൊരുമിച്ച കോപത്തിന് വശംവദനായി. ജീവാപായശങ്കപോലും അദ്ദേഹത്തിന നേരിട്ടു; എന്നിട്ടും നബിയെ അദ്ദേഹം ഉപേക്ഷിക്കയുണ്ടായില്ല. ഇതിനെല്ലാം കാരണം ആ മഹാപുരുഷന്റെ സ്വഭാവമാധുരിതന്നെ ആയിരുന്നു. ഖുറൈഷി വർഗ്ഗക്കാർ മുഹമ്മദിനെ വിട്ടുകൊടുക്കണമെന്ന് അപേക്ഷിച്ചപ്പോൾ അബൂതാലിബ് പറഞ്ഞതു ഇങ്ങനെ ആയിരുന്നു:—നിങ്ങൾ നശിച്ചുപോകട്ടെ! രക്ഷ്യമായുള്ളതിനെ എല്ലാം യഥായോഗ്യം രക്ഷിക്കുന്ന ഒരു നേതാവിനെ ഒരു ജനതയും പരിത്യജിച്ചിട്ടില്ല. അയാൾ അന്യന്മാരോടു അഹങ്കാരപൂർവം വർത്തിക്കുന്നില്ല. എന്നാൽ തന്റെ കാര്യങ്ങളെ അന്യരെ ഏല്പിക്കത്തക്കവണ്ണം ദുർബലനല്ലതാനും. അയാളുടെ ഹൃദയം ഔദാര്യസുഭഗമാണ്. അനാഥരായ ശിശുക്കൾക്കും വിധവകൾക്കും അയാൾ അഭയകേന്ദ്രമായിരിക്കുന്നു."

നബിക്കു ശത്രുക്കളെപ്പോലെതന്നെ മിത്രങ്ങളും കുറവല്ലായിരുന്നു. ഖുറൈഷീ നായകന്മാരിൽ ഒരുവനായ

ഹക്കിം-ബിൻ-ഹസാം സമദ്-ബിൻസൽബാ ഇവർ രണ്ടുപേരും അദ്ദേഹത്തിൻെറ പ്രാണമിത്രങ്ങളായിരുന്നു.

ബാല്യാൽപ്രഭൃതി അദ്ദേഹം ഈശ്വരധ്യാനത്തിൽ നിഷ്ഠയുള്ളവനായി കാണപ്പെട്ടു. അധഃപതിച്ചുപോയ ബഹുജനതയെ ഉദ്ധരിച്ച് അവരിൽ സന്മാൎഗ്ഗബുദ്ധി ജനി പ്പിക്കുന്നതിനുള്ള മോഹം ചെറുപ്പത്തിൽതന്നെ നബി യിൽ കടന്നുകൂടി. പലപ്പോഴും ഹിറാ എന്ന ഗുഹയിൽ ചെന്നിരുന്ന് ബാഷ്പാകുലനേത്രനായി അദ്ദേഹം മനുഷ്യ വൎഗ്ഗത്തിൻെറ ഉന്നമനാൎത്ഥം പ്രാൎത്ഥിച്ചുവന്നു. കുട്ടിക്കാ ലത്തുതന്നെ വിഗ്രഹാരാധനനോടുള്ള വെറുപ്പ് അദ്ദേഹം പ്രദൎശിപ്പിക്കാറുണ്ടായിരുന്നു. അറബികളുടെ പ്രധാന വി നോദം യുദ്ധപരിശീലനമായിരുന്നെങ്കിലും നബിയ്ക്കു് യുദ്ധ ത്തോടു അതിയായ വെറുപ്പുണ്ടായിരുന്നു. അശരണ്യരിലും അനാഥശിശുക്കളിലും അദ്ദേഹത്തിനുണ്ടായിരുന്ന അനു കമ്പ സീമാതീതമായിരുന്നു എന്നുള്ളതിന് അദ്ദേഹ ത്തിൻെറജീവിതം ഉത്തമസാക്ഷ്യം വഹിക്കുന്നു.

# അദ്ധ്യായം ൩.

---

സമാഹാരം.

പലപ്പോഴും മുഹമ്മദുനബി ഹീറാ എന്ന ഗുഹയിൽ ചെന്നിരുന്ന് ഈശ്വരധ്യാനം ചെയ്യാറുണ്ടായിരുന്നല്ലോ. കൂടക്കൂടെ സമാധിസ്ഥനാവാറുമുണ്ടായിരുന്നു. അങ്ങനെ ഇരിക്കെ ക്രിസ്ത്വാബ്ദം ൬൧൦-ാംവൎഷത്തിൽ റംസാൻ എന്ന ചാന്ദ്രമാസത്തിലെ ഒരു രാത്രി ഗബ്രിയേൽ എന്ന ദൈവദൂതൻ അദ്ദേഹത്തിനു ദൎശനം നല്കി. 'വായിക്കൂ' എന്നു അദ്ദേഹം നബിയോടു ആജ്ഞാപിച്ചു. എന്നാൽ "വായിക്കാൻ അറിഞ്ഞുകൂടാ" എന്ന് അദ്ദേഹം മറുപടി പറഞ്ഞിട്ടും വീണ്ടും രണ്ടുപ്രാവശ്യം കൂടി ആ ദൈവദൂതൻ 'വായിക്കൂ' എന്നു തന്നെ കല്പിച്ചു. അപ്പോൾ ആ ദിവ്യദൂതൻ ഈ അൎത്ഥം വരുന്ന വാക്യങ്ങളെ ഉച്ചരിച്ചു:— നിന്റെ സൃഷ്ടികൎത്താവിന്റെ നാമത്തിൽ വായിക്കുക. അദ്ദേഹം മനുഷ്യനെ ഒരു പിണ്ഡത്തിൽ നിന്നു സൃഷ്ടിച്ചു. വായിക്കുക, നിന്റെ ഈശ്വരൻ അത്യന്തം പൂജനീയനാണ്. തൂലികകൊണ്ടു ലേഖനം ചെയ്യുന്നതിനു മനുഷ്യനറിയാത്ത പലേ സംഗതികളെ അദ്ദേഹം മനുഷ്യനു പഠിപ്പിക്കുന്നു." വായിക്കാനറിഞ്ഞുകൂടെങ്കിലും അള്ളാവിന്റെ നാമത്തിൽ ശ്രമിച്ചാൽ അതു സുഖസാദ്ധ്യമാണെന്നും ഈശ്വരസഹായം ഉണ്ടെങ്കിൽ സാധിക്കാത്ത കാൎയ്യമൊന്നുമില്ലെന്നും അദ്ദേഹത്തിനെ ഗബ്രിയേൽ ധരിപ്പിച്ചു. ഇങ്ങനെ അതീവ ദുൎഘടവും ഗൌരവമേറിയതുമായ പ്രവാ

ചകതപം നബിയുടെ ചുമലിൽ അപ്പിതമായി. അദ്ദേഹം തുഷ്ണാപൂൎവ്വം ആരാഞ്ഞു കൊണ്ടിരുന്ന ജ്ഞാനമാൎഗ്ഗം അദ്ദേഹത്തിനു ദൃഷ്ടിഗോചരീഭവിച്ചു. അജ്ഞാനാന്ധകാരത്തിൽ പെട്ട് നിരന്തരം കുപഥസഞ്ചാരം ചെയ്തുകൊണ്ടിരുന്ന ഒരു മഹാജനതയെ ഉദ്ധരിക്കുക എന്ന ഭാരമേറിയ ചുമതലയേ ഈശ്വരസഹായത്തേ മാത്രം അവലംബിച്ച് ധീരധീരം നിൎവ്വഹിക്കുന്നതിന് അദ്ദേഹം നിശ്ചയിച്ചു. ഈശ്വരസാക്ഷാൽകാരം എന്ന അവസ്ഥ മനുഷ്യൻെറ സാധാരണ പരിചയകോടിയിൽപ്പെടാത്ത ഒരു സംഭവമാണല്ലോ. ഈ ദിവ്യാനുഭൂതി ഉണ്ടാവുന്ന ആം ചുററു പാടുമുള്ള ബന്ധങ്ങളിൽ നിന്നു അകന്നിരിക്കേണ്ടതു അത്യാവശ്യമാണ്. അനുഗ്രഹംഉണ്ടായമാത്രയിൽ നബിയുടെശരീരം വിയൎക്കുകയും വളരെ ഭാരമുള്ളതായി തോന്നിക്കുകയുംചെയ്തു. കമ്പിതശരീരത്തോടുകൂടിയാണ് അദ്ദേഹം സ്വഗൃഹംപ്രാപിച്ചതു്. കൈകാലുകൾ മരവിച്ചുപോയതുപോലെ തോന്നി. അദ്ദേഹം പ്രിയതമയായ കദീജാദേവിയോടു ഈ സംഭവത്തെപ്പററി പറഞ്ഞു. അതു കേട്ടമാത്രയിൽ ആ സ്ത്രീരത്നം ആശ്ചൎയ്യപരാഭൂതയായെങ്കിലും സ്വഭൎത്താവിനെ പലവിധത്തിലുള്ള സാന്ത്വനവാക്കുകളാൽ ധൈൎയ്യപ്പെടുത്തി. ഏതു ദുൎഘടഘട്ടത്തിലും നീതിപഥത്തിൽനിന്നു വ്യതിചലിക്കാതെ അനാഥസംരക്ഷണത്തിൽ ഉദ്യുക്തനായിരിക്കുന്ന അദ്ദേഹത്തെ ഈശ്വരൻ സഹായിക്കുമെന്നും ആദ്ധ്യാത്മികജോലിയിൽ അദ്ദേഹത്തിനു വിജയം സിദ്ധിക്കുമെന്നും ആ മനസ്വിനിപറഞ്ഞു.

കദീജയുടെ ചാച്ച്ക്കാരിൽ ഒരാളായ വറാകപാ-ബിൻ-നോഫാൻ എന്നയാൾ വിഗ്രഹാരാധനയിൽ അസംതൃപ്തനായിട്ട് ക്രിസ്തുമതം സ്വീകരിച്ചുകഴിഞ്ഞിരുന്നു. ആ വൃദ്ധന്റെ അടുക്കലേയ്ക്കു് കദീജ സ്വഭർത്താവിനെ നയിച്ചു. മഹമ്മദിന് ഐശോന്മേഷം ഉണ്ടായതായി അറിഞ്ഞമാത്രയിൽ ആ വൃദ്ധൻ മോശയുടെ പ്രവചനത്തെ അനുസ്മരിച്ച് ഇങ്ങനെ പറഞ്ഞു:—"ഇതുതന്നെയാണ് ഈശ്വരൻ മോശയ്ക്കു് അയച്ചിരുന്ന ആ 'ദൈവദൂതൻ'." അയാൾ പിന്നെയും പറഞ്ഞു:—"നിങ്ങളെ സ്വന്ത ജനങ്ങൾ ഭ്രഷ്ടനാക്കുന്ന അവസരത്തിൽ ഞാൻ കൂടി ജീവിച്ചിരുന്നാൽ കൊള്ളാമെന്ന് എനിക്കാഗ്രഹമുണ്ട്."

ഇതുകേട്ട് അത്ഭുതപരവശനായിത്തീർന്ന നബി ചോദിച്ചു:—"എന്നെ ബന്ധുജനങ്ങൾ ഉപദ്രവിക്കുമോ?"

വൃദ്ധൻ:—"തീർച്ചയായും. എല്ലാ നബികളുടേയും അനുഭവം അതാണല്ലോ" അധികം താമസിയാതെ വറാകപാ മരണം പ്രാപിച്ചു.

വീണ്ടും ഗബ്രിയേൽ നബിയ്ക്കു പ്രത്യക്ഷപ്പെട്ടു. മുമ്പിലത്തെ അത്ര ഭയം അപ്പോൾ അദ്ദേഹത്തിനുണ്ടായില്ല. വസ്ത്രംകൊണ്ടു തന്നെ മൂടുന്നതിന് അദ്ദേഹം കദീജയോടു പറഞ്ഞു. ഗബ്രിയേൽ ഇങ്ങനെ അരുളിച്ചെയ്തു:—"മൂടിപ്പുതച്ചുകിടക്കുന്ന മനുഷ്യ! എഴുന്നേററു ഉപദേശിക്കുക."

ഇതോടുകൂടി നബിയുടെ ജീവിതം മറെറാരു വിശിഷ്ട ഘട്ടത്തിൽ പ്രവേശിച്ചു.

---

# അദ്ധ്യായം ൭.

ആദ്യമായി നബിയുടെ നവീനമതത്തെ അംഗീകരിച്ചതു് കദീജ തന്നെയായിരുന്നു എന്നു് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ആ സതീരത്നം സ്വഭർത്താവിന്റെ നബീത്വത്തിൽ പരിപൂർണ്ണമായി വിശ്വസിച്ചു. രണ്ടാമതായി ഇസ്ലാം ധർമ്മം കൈക്കൊണ്ടതു് വറാകവാ എന്ന വൃദ്ധനായിരുന്നു. എന്നാൽ അദ്ദേഹം നബിയുടെ മതപ്രസംഗങ്ങൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ പരലോകം പ്രാപിച്ചു. മൂന്നാമത്തെ ശിഷ്യൻ മെക്കയിലെ പ്രഭുക്കന്മാരിൽ ഒരാളായ അബൂബക്കർ ആയിരുന്നു. അദ്ദേഹം അതിപ്രബലനും നബിയിൽ വളരെക്കാലമായി ദൃഢവിശ്വാസവും സ്നേഹവും ഉള്ളവനും ആയിരുന്നു. മുഹമ്മദ് അല്ലായുടെ നബിതന്നെയാണെന്നു് അദ്ദേഹം മുക്തകണ്ഠം പ്രഖ്യാപനം ചെയ്തു.

ആബു താലിബിന്റെ പുത്രനായ അലിയും നബിയുടെ ആദിമ ശിഷ്യഗണത്തിൽ ഉൾപ്പെടുന്നു. നബിയാൽ സ്വാതന്ത്ര്യദാനം ചെയ്യപ്പെട്ടിട്ടും പിതൃഗൃഹത്തിലേയ്ക്കു പോകാതെ അദ്ദേഹത്തിനെ പരിചരിച്ചുകൊണ്ടിരുന്ന സയ്യിദ്ദ് എന്ന അടിമയും നവ്യധർമ്മ്യത്തെ സവ്വാത്മനാ കൈവരിച്ചു.

അബൂബക്കർ ഇസ്ലാം ധർമ്മത്തെ അചഞ്ചലനിഷ്ഠയോടുകൂടി പ്രസംഗിച്ചതിന്റെ ഫലമായി ഉസ്മാൻ, അബ്ദുൽറഹിമാൻ തുടങ്ങിയ പല മഹാന്മാരും ആ മത

ത്തെ സ്വീകരിച്ചു. ഇങ്ങനെ ഇസ്ലാം മതം അതിദ്രുതം പ്രചരിച്ചുതുടങ്ങി. മൂന്നരവഷത്തിനുള്ളിൽ നാല്പതോളം അനുയായികൾ നബിക്കുണ്ടായി. ഈ പ്രചാരംകണ്ട് മെക്കായിലുള്ള ജനങ്ങൾ അത്യന്തം ക്ഷോഭിച്ചു. തന്നിമിത്തം തന്റെ ജോലി നിവിഘ്നം നടത്തിക്കൊണ്ടുപോകുന്നതിലേക്ക് നബി ഒതുങ്ങിയ ഒരു സ്ഥലത്തു മാറിത്താമസിച്ചു. മതപ്രചാരത്തിന് അകപാം എന്നയാളിന്റെ ഗൃഹമാണ് അദ്ദേഹം പ്രധാന കേന്ദ്രമായി ഉപയോഗിച്ചത്.

മുസ്ലിംകാരുടെ എണ്ണം വർദ്ധിച്ചുവന്നു. ഖുറൈഷികളിൽ പലരും ഇസ്ലാം അംഗീകരിച്ചു. അവരിൽ എല്ലാംകൊണ്ടും പ്രധാനി നബിയുടെ മാതുലനും വളത്തു സഹോദരനും ആയ ഹംസാ ആയിരുന്നു. അദ്ദേഹം മതം മാറുന്നതിനു ഹേതുവായിത്തീന്ന സംഗതി അത്യന്തം രസകരമാണ്. നബിയുടെ ശത്രുക്കളിൽ ഒരാളായ അബുജാഹൽ അദ്ദേഹത്തിനെ പലവിധം പീഢിപ്പിക്കുന്നത് ഹംസായുടെ പരിചാരിക കാണ്മാനിടവന്നു. അവൾ ആ സംഗതി മൃഗയാ വിനോദം കഴിഞ്ഞു സ്വഗൃഹത്തിൽ വന്ന സ്വാമിയോടു പറഞ്ഞുകേൾപ്പിച്ചു. സ്വഭാഗിനേയന്റെ സ്വഭാവ മഹിമയെപ്പററി പരിപൂണ്ണബഹുമാനം ഉണ്ടായിരുന്ന ഹംസ തന്റെ ശക്തി പ്രയോഗിച്ചു നബിയുടെ മാഗ്ഗം അകണ്ടകിതമാക്കണമെന്നുറച്ചു. അതിനാൽ അബുജഹിലും കൂട്ടരും ഇസ്ലാം മതധ്വംസനാത്ഥം ഗൂഢാലോചന നടത്തിക്കൊണ്ടിരുന്ന കാബാ ദേവാലയത്തിൽ പെട്ടെന്നു പ്രവേശിച്ചു താനും ഇസ്ലാം ധമ്മം സ്വീകരിച്ചിരിക്കുന്നതായി പ്രഖ്യാപനം ചെയ്തു.

നബിയുടെ മററൊരു ശത്രു ഉമ്മർ ആയിരുന്നു. നബിയെ നിഗ്രഹിക്കാൻ അയാൾ തീച്ച്പ്പെടുത്തി. അതിലേക്കു നിശിതഖഡ്ഗവും ധരിച്ചുകൊണ്ട് അയാൾ നബിയുടെ പാപ്പിടത്തിലേക്കുതിരിച്ചു. എന്നാൽ സ്വസഹോദരിയായ ഫത്തിമയും അവളുടെ ഭത്താവായ സയ്യിദും ഇസ്ലാം ധമ്മം സ്വീകരിച്ചുകഴിഞ്ഞു എന്ന് അയാൾ അറിഞ്ഞിരുന്നില്ല. ഒരു മുസൽമാൻ മാഗ്ഗമദ്ധ്യേ അയാളെക്കണ്ടിട്ട് "എന്തു ദ്രോഹകൃത്യത്തിനാണ് നിങ്ങളുടെ ഇന്നത്തെ ഉദ്യമം?" എന്നു ചോദിച്ചു. "മുഹമ്മദിനെക്കൊല്ലാൻ" എന്നായിരുന്നു അയാളുടെ മറുപടി. "സ്വഭവനത്തിലുള്ളവരെ ശരിയാക്കീട്ടുവേണ്ടേ മുഹമ്മദിനെക്കൊല്ലുന്നതു്? നിങ്ങളുടെ സഹോദരിയും ഭത്താവും ഇസ്ലാം സ്വീകരിച്ചുകഴിഞ്ഞല്ലോ? എന്നു അയാൾ പറഞ്ഞു. അതുകേട്ട് ഉമ്മർ കോപാന്ധനായി അവരോടു പകവീട്ടാൻ സ്വന്തവീട്ടിലേക്കു തിരിച്ചു. ഉമ്മർ ഭവനത്തിനുള്ളിൽ പ്രവേശിച്ചപ്പോൾ ഖബാബ് ആ ഗൃഹത്തിലുള്ളവക്കു വിശുദ്ധഖുറാനിൽ ഒരംശം ചൊല്ലിക്കൊടുത്തുകൊണ്ടിരിക്കയായിരുന്നു. അവർ ഉമ്മറിനെക്കണ്ട് ആ അംശം അടങ്ങിയ താളുകളെപ്പെട്ടെന്നു മറച്ചുകളഞ്ഞു. തനിക്കു എല്ലാം മനസ്സിലായിക്കഴിഞ്ഞു എന്നു പറഞ്ഞുകൊണ്ട് ഉമ്മർ സയ്യിദിനെ പിടിച്ചു അടിച്ചുതുടങ്ങി. ഫത്തിമാ ഭത്താവിനെ രക്ഷിക്കാൻ നോക്കിയെങ്കിലും അവൾക്കും പരുക്കുകൾ പററിയതേയുള്ളു. ഒടുവിൽ അവൾ പറഞ്ഞു "നിങ്ങൾ ഇഷ്ടം പോലെ ചെയ്തുകൊള്ളുക. ഞങ്ങൾ ഇസ്ലാം സ്വീകരിച്ചുകഴിഞ്ഞു." ഈ സുധീരമായ നില ഉമ്മറിൻെറ കോപാഗ്നിയെ അല്പം

ശമിപ്പിച്ചു. അനന്തരം ഖുറാൻ എഴുതിയിരുന്ന താളു കൾ വേണമെന്ന് അയാൾ ആവശ്യപ്പെട്ടു. അതിനെ അവമാനിക്കുമെന്നു കരുതി ഫത്തിമ കൊടുക്കാൻ മടി ച്ചതു കണ്ടിട്ടു ഒരിക്കലും താൻ അവരുടെ മതവിശ്വാ സത്തെ ആക്ഷേപിക്കയില്ലെന്നു അയാൾ ശപഥം ചെയ്തു. ആ താളിൽ ഖുറാന്റെ രണ്ടാം അദ്ധ്യായമായ താഹാ എഴുതപ്പെട്ടിരുന്നു. അതു ഇങ്ങനെ സമാരംഭിച്ചു:—
"അല്ലയോ മനുഷ്യ! പരാജയക്ലേശം അനുഭവിക്കാനല്ല നാം നിനക്കു ഖുറാൻ അയച്ചുതന്നിരിക്കുന്നതു്. അല്ല, അതു ഭയപീഡിതന്ന് ഓർമ്മയ്ക്കുവേണ്ടി മാത്രമാകുന്നു. സ്വർഗ്ഗവും ഭൂമിയും സൃഷ്ടിച്ച സർവ്വശക്തിയിൽ നിന്നും ഉണ്ടായ ഒരു വെളിപാടാണ് അതു്" ഈ വാക്കുകൾ ഉമ്മറിന്റെ ഹൃദയത്തിൽ വിചാരവീചികൾ ജനിപ്പിച്ചു. അയാൾ ചിന്താമഗ്നനായിരിക്കുന്നതുകണ്ടു് ഖബാബ് ഇതു ഒരു ഉചിതമായ അവസരമെന്നു കരുതീട്ടു് ഇസ്ലാം ധർമ്മം ഉപദേശിക്കയും ചെയ്തു. അനന്തരം ഉമ്മർ ഖബാ ബിനോടു മുഹമ്മദിന്റെ വസതിയേപ്പററി ചോദിച്ചറി ഞ്ഞുകൊണ്ടു അങ്ങോട്ടു തിരിച്ചു. ഖഡ്ഗപാണിയായി വരുന്ന ഉമ്മറിനെ ആ ഗൃഹത്തിലുള്ള ഒരാൾ കണ്ടു് അ ത്യന്തം ചകിതനായി വിവരം വിശുദ്ധ നബിയെ അറിവി ച്ചപ്പോൾ അദ്ദേഹം വാതിൽതുറന്നുകൊടുക്കാൻ പറഞ്ഞു. ഉമ്മറാകട്ടെ അകത്തു കടന്ന ഉടനെ അള്ളായുടെ നബി യേ! എനിക്കു അള്ളായിലും അവിടുത്തേ നബിയിലുംഉള്ള വിശ്വാസത്തെ ഞാൻ പ്രഖ്യാപനം ചെയ്തുകൊള്ളുന്നു" എന്നു വിളിച്ചു പറഞ്ഞു. ഈ സംഭവം അവിടെ കൂടി

യിരുന്നവരെ സന്തോഷപാരാവാരത്തിൽ നിമഗ്നരാക്കി. എല്ലാവരും അള്ളായുടെ മഹിമാതിരേകത്തെ പുകഠത്തി.

ഈ മതപരിവത്തനം ഇസ്ലാമികധമ്മപ്രചരണത്തിനു വലുതായ ഉണർവുനല്കി. മുസൽമാന്മാർ കാബാ ദേവാലയത്തിൽ കടന്ന് പരസ്യമായി പ്രാത്ഥന നടത്താൻമു തിന്നു. എന്നാൽ ഇപ്പൊഴും പാവപ്പെട്ട മുസൽമാന്മാക്കു മെക്കാനിവാസികളുടെ ഉപദ്രവം അടിക്കടി ഉണ്ടായിക്കൊണ്ടിരുന്നു. മതപരിവത്തനം ചെയ്തിട്ടുള്ള അടിമകളെ അവരുടെ യജമാനന്മാർ പല വിധത്തിൽ ഹിംസിച്ചു. അതുകൊണ്ട് അബുബേക്കർ എന്ന മുസ്ലിം പ്രഭു അങ്ങനെയുള്ള അനേകം അടിമകളെ വലിയ വില കൊടുത്തു വാങ്ങിച്ച് അവക്കു സ്വാതന്ത്ര്യം നല്കിവന്നു.

ഒരുദിവസം നബി ഖുറൈഷി പ്രഭുക്കന്മാരോടു പ്രസംഗിച്ചുകൊണ്ടിരിക്കെ അവിടെ ഒരു സാധു കടന്നുചെന്നു. ഇബ്നി-ഉമ്മി-മക്തൂം എന്നായിരുന്നു അയാളുടെ പേർ. ഗൌരവമേറിയ സംഗതികളെപ്പററി പ്രതിവാദിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കു് തനിക്കു പ്രതിബന്ധം വരുത്തിയ ആ സാധുവിനെ നബി ശാസിച്ചില്ലെങ്കിലും അയാളോട് അല്പം നീരസം പ്രകാശിപ്പിച്ചു. അള്ളാ തൻെറ നബിയുടെ ഈ പ്രവൃത്തിയേപ്പററി അടുത്ത വെളിപാടിൽ ഇങ്ങനെ ശാസിച്ചു :—

“അദ്ദേഹത്തിൻെറ നെററി ചുളിഞ്ഞു; കുരുടനായ സാധു അടുത്തുചെന്നപ്പോഠ അദ്ദേഹം പിന്തിരിഞ്ഞുകളഞ്ഞു.” അദ്ദേഹത്തിൻെറ ഉപദേശം ആ സാധുവിനും

ഉപകരിക്കുമായിരുന്നല്ലോ എന്ന് ജഗദീശ്വരൻ നബി യെ അറിവിച്ചു.

ഇസ്ലാം ധമ്മത്തിൻെറ പ്രധാന മമ്മം തന്നെ സവ്വജന സാഹോദൎയ്യം ആണ്. സാധുക്കളും ദുർബലന്മാരും ആണ് അധികമായി ഈ മതം സ്വീകരിച്ചത്. അവരെല്ലാം ധമ്മപ്രചാരണയത്നത്താൽ അത്യന്തം മഹിമയുള്ളവരായും ഭവിച്ചു. മുഹമ്മദാലി പറയുന്നു :—

പരമാത്ഥത്തിൽ ദുർബലന്മാരേയും ധിക്കൃതന്മാരേയും ഇസ്ലാം ധമ്മം രാജാധികാരചിഹ്നമായ ചെങ്കോൽ ധരിക്കുന്നതിന് ഇടയാക്കിയെന്നു മാത്രമല്ല, ഭൂമി അജ്ഞാനതിമിരാവൃതമായിരുന്ന കാലത്ത് അവരെ സദ്വൃത്തിയുടേയും കരകൌശലത്തിൻേറയും പ്രകൃതിശാസ്ത്രത്തിൻേറയും തത്വദശ്നത്തിൻേറയും പരാകാഷ്ഠയിൽ എത്തിച്ച് അവരെ വിജ്ഞാനദീപങ്ങളാക്കിത്തീക്കയും ചെയ്തു എന്നുള്ളത് ചരിത്രത്തിൽനിന്നും സുവിദിതമായ ഒരു സംഗതിയാണല്ലോ. ഇസ്ലാം ധമ്മത്തിൻെറ മാഹാത്മ്യത്തിന് ഇതിനേക്കാൾ ഉപരിയായി എന്തു തെളിവാണ് വേണ്ടത്?

# അദ്ധ്യായം വ്വ.

## ശത്രുബാധ.

അജ്ഞാനതിമിരാന്ധന്മാക്ക് ജ്ഞാനദീപം കാട്ടിക്കൊടുത്തതായി അവതരിക്കുന്ന പുണ്യാത്മാക്കൾക്ക് കണ്ടകിതന്മാരായി ഒരുക്കൂട്ടം ദുഷ്ടന്മാരും ഉണ്ടാകാതിരിക്കുന്നില്ല. ഉത്തമന്മാർ അവരുടെ ഹിംസകളെ തങ്ങളുടെ സദുദ്ദേശങ്ങളുടെ ആത്മാത്ഥതയെ പരീക്ഷിക്കുന്നതിനുള്ള ഉരകല്ലായി ഗണിച്ച്, അവർ ചെയ്യുന്ന ഭർത്സനങ്ങളെ സഹിക്കുന്നു ; അവരിൽനിന്നുണ്ടാകുന്ന കഠിനോപദ്രവങ്ങളെ പ്രശാന്തചിന്തതയോടുകൂടി ഏല്ക്കുന്നു; സത്യത്തെ ജീവനെ ത്യജിച്ചും പുലത്തുന്നു. സന്മാഗ്ഗജീവിതത്തിൻെറ പൂണ്ണതയ്ക്കു് അത്യന്താപേക്ഷിതമായ സ്ഥിരനിഷ്ഠ, നിസ്തന്ദ്രത ഈ ഗുണങ്ങളുടെ ഏക വിളനിലം ദുഃഖാനുഭൂതിയാകുന്നു. അതിനാൽ ഇത്തരം പുരുഷകേസരികൾക്കു നേരിട്ടുകൊണ്ടിരിക്കുന്ന വിപത്തുകൾ അവരുടെ ജീവിതപൂണ്ണിമയ്ക്കു ഉതകുന്ന അനുഗ്രഹങ്ങൾ തന്നെയാണ്. അതുകൊണ്ട് ഈശ്വരശാസനം അനുസരിച്ച് ധമ്മപ്രബോധനംചെയ്യാൻ ബദ്ധകങ്കണനായി ഇറങ്ങിയ നബിയും കൂട്ടരും മക്കത്തുകാരിൽനിന്നുണ്ടായ ഹിംസകളെ ക്ഷമാബുദ്ധിയോടുകൂടി സഹിച്ചു.

ആദ്യമായി തദ്ദേശീയർ നബിയോടുള്ള വെറുപ്പിനെ പ്രകാശിപ്പിച്ചത് അധിക്ഷേപങ്ങൾവഴിക്കായിരുന്നു. ഈ ആക്ഷേപഘമ്മാനിലനിൽ ഇസ്ലാം ചെടി വാടിത്തളൻപോകുമെന്നായിരുന്നു അവരുടെ പ്രതീക്ഷ. എ

ന്നാൽ ഈശ്വരഹസ്തത്താൽ നട്ടുവളർത്തപ്പെട്ട ആ ചെടി യുണ്ടോ വാടിപ്പോകാൻപോകുന്നു! കാലക്രമേണ ഈ പുതിയ മതത്തിന് ഉത്തരോത്തരം പ്രചാരം വന്നതിനോടുകൂടി അവർ മററുവിധത്തിൽ പീഡിപ്പിക്കാൻ തുടങ്ങി. ഒരിക്കൽ കാബാ ദേവാലയത്തിൽ നബി നിസ്കരിച്ചുകൊണ്ടിരിക്കവേ ആബുജാഹിൽ ഒരു പെൺ ഒട്ടകത്തിൻെറ ജീർണ്ണമായ കുടൽമാല അദ്ദേഹത്തിൻ കഴുത്തിൽ ചാർത്തി. പ്രഭാതത്തിൽ ദേവാലയത്തിലേക്കു പോകുന്ന വഴിക്ക് മുള്ളുകൾ നിരത്തിയിടുക പതിവായിത്തീർന്നു. പലപ്പോഴും അവർ അദ്ദേഹത്തിനെ കല്ലെറിഞ്ഞിട്ടുണ്ട്. ഒരു ദിവസം ഖുറൈഷി പ്രഭുക്കന്മാർ ഒരുമിച്ചുചേർന്ന് അദ്ദേഹത്തിനെ വളഞ്ഞു. ഉകബാ-ബിൻ-അബി-മുവാദ് എന്ന ആൾ തൻെറ വസ്ത്രത്തിനെ അദ്ദേഹത്തിൻെറ കഴുത്തിൽ ഇട്ടിറുക്കി ശ്വാസം മുട്ടിച്ചു കൊല്ലാൻ നോക്കി. എന്നാൽ 'അരക്ഷിതം തിഷ്ഠതി ദൈവരക്ഷിതം' എന്ന പ്രമാണം അനുസരിച്ച് അബൂബക്കർ പെട്ടെന്ന് അവിടെ ആവിർഭവിച്ച് അദ്ദേഹത്തിനെ മോചിപ്പിച്ചു. അയാൾ അവരോടു ചോദിച്ചു. "മൂഢന്മാരെ! ദൈവം തൻെറ നായകനാണ് എന്നു ഒരു മനുഷ്യൻ പറയുന്നതുകൊണ്ടാണോ അയാളെക്കൊല്ലാൻ നിങ്ങൾ ഉദ്യമിക്കുന്നത്."

നബി മാത്രമല്ല ഈമാതിരി പീഡകൾ അനുഭവിക്കേണ്ടിവന്നത്. അവരുടെ ഹിംസകളുടെ എല്ലാം കാഠിന്യം പൂർണ്ണമായി അനുഭവിച്ചത് ഖുറൈഷിവർഗ്ഗത്തിൽ പെടാത്ത അടിമകളായിരുന്നു. അവരെ അതിനീചമായ വിധത്തിൽ അവർ ദണ്ഡിപ്പിച്ചുകൊണ്ടിരുന്നു. ആ ദണ്ഡനകൾ എല്ലാം ഏററിട്ടും അവർ ഇസ്ലാം ധർമ്മം

വെടിയാതിരുന്നതിൽനിന്ന് അവക്ക് അതിൽ എത്ര അചഞ്ചലമായ നിഷ്ഠയാണുണ്ടായിരുന്നതെന്നൂഹിക്കാം. തങ്ങളുടെ ഹൃദയങ്ങളിൽ വേരുറച്ചിരുന്ന ഇസ്ലാംധമ്മത്തെ ഉപേക്ഷിക്കുന്നതിനേക്കാൾ മരണമാണ് ഉത്തമമെന്ന് അവർ ഉറച്ചിരുന്നു. ബിലാൽ എന്ന അടിമയെ അയാളുടെ നായകൻ ഉപദ്രവിച്ചതെങ്ങനെ എന്നറിയുമ്പോൾ ഏതു കഠിനഹൃദയവും തപിച്ചുപോകും. അറേബിയൻ സൂൎയ്യന്റെ ചണ്ഡകിരണതാപം ആക്കും ഊഹിക്കാവുന്നതാണല്ലോ. ആ സൂൎയ്യൻ അത്യുജ്ജ്വലം തീക്ഷ്ണകിരണങ്ങൾ ചൊരിഞ്ഞുകൊണ്ടിരിക്കുന്ന നട്ടുച്ചസമയത്ത് ബിലാലിനെ തന്റെ ഘാതകൻ വെറുംനിലത്തു മണലിൽ കിടത്തി ഭാരമേറിയ കല്ലുകൾ അയാളുടെ നെഞ്ഞത്തു വലിച്ചുകയററി. ഈ ഹിംസയേററിട്ടും ആ ഭക്തശിരോമണി 'ഏകദൈവമേയുള്ളു' എന്നത്ഥം വരത്തക്ക അറബിവാക്കുകൾ ഉച്ചരിച്ചു. വേറൊരു ദുഷ്ടൻ യശീർ എന്ന സാധുവിന്റെ കാലുകൾ രണ്ടു ഒട്ടകങ്ങളുടെ കാലിൽ കെട്ടി ആ മൃഗങ്ങളെ രണ്ടുവഴിക്കായി ഓടിച്ചു.

പ്രഭുകുടുംബക്കാരും ഇത്തരം പീഡകൾ അനുഭവിക്കാതിരുന്നില്ല. ഉസ്മാൻ എന്ന പ്രഭുവിനെ അയാളുടെ മാതുലൻ വടംകൊണ്ട് വരിഞ്ഞുകെട്ടി കണക്കിനു ചതച്ചുവിട്ടു. ഉമ്മർ തന്റെ സഹോദരിയുടെ ഭത്താവായ സയ്യദിനോട്ട് എങ്ങനെ പെരുമാറിയെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ ഈ മാതിരി ബാധകളെല്ലാം ഇസ്ലാം ധമ്മത്തിന്റെ ശക്തി വർദ്ധിപ്പിച്ചതല്ലാതെ എള്ളോളം കുറയ്ക്കുന്നതിനു പൎയ്യാപ്തമായില്ല.

# അദ്ധ്യായം ൯.

---

## അബിസീനിയൻ യാത്ര.

നബി ഇസ്ലാം ധമ്മം പ്രഖ്യാപനം ചെയ്തിട്ട് അഞ്ചു വഷം തികഞ്ഞു. അപ്പോഴേക്കും നബിക്ക് തന്നിൽ അപാരഭക്തിയുള്ളവരായി അമ്പതു ഉത്തമ മിത്രങ്ങൾ ഉണ്ടായി. അവർ പുതിയ വിശ്വാസത്താൽ പരസ്പരം കൂട്ടിയിണക്കപ്പെട്ട ഒരു സഹോദരസംഘമായി തീന്നു. മെക്കാദേശീയരുടെ കഠിനോപദ്രവങ്ങൾ അവരുടെ പ്രേമബന്ധത്തെ ഒന്നുകൂടി ബലപ്പെടുത്തി. ശത്രുക്കളുടെ ദുഃഖം കാണുമ്പോഴും വ്യസനിക്കു പതിവായിരുന്ന നബിക്കു തൻെറ പ്രിയമിത്രങ്ങൾക്കു അടിക്കടി നേരിട്ടുകൊണ്ടിരുന്ന കഠിനോപദ്രവങ്ങൾ നിമിത്തം എത്ര ഹൃദയശല്യം നേരിട്ടിരിക്കണം. മക്കത്തുകാരുടെ ഉപദ്രവങ്ങൾ ദുസ്സഹമായിത്തീന്നപ്പോൾ മറേറതെങ്കിലും അഭയസ്ഥാനം തേടിപ്പൊയ്ക്കൊള്ളുന്നതിന് നബി അവരോടു ഉപദേശിച്ചു. നിഷ്ഠുരണം തദ്ദേശീയർ അവരെ ഹിംസിക്കുന്നതുകണ്ടുകൊണ്ടിരിക്കുന്നതിനേക്കാൾ, അവരുടെ പരമ ശത്രുതയാകുന്ന ചണ്ഡവാത്യയെ ഏകനായി നിന്ന് തടയുന്നതാണ് ഉത്തമം എന്ന് ആ മഹാമനസ്കൻ നിശ്ചയിച്ചു. അദ്ദേഹം അനുയായികളോടു അരുളിച്ചെയ്തു:—

"ആരെയും നിഷ്ക്കാരണം ഉപദ്രവിക്കാത്ത ഒരു ദേശമുണ്ട്. ഈ മാതിരി പ്രതിബന്ധങ്ങൾ നീക്കിത്തരുന്നതിന് അല്ലാഹു കനിവുദിയ്ക്കുംവരെ, നിങ്ങൾ അവിടെ

ട്ടോയി പാൎത്തുകൊള്ളുക". ആ രാജ്യത്തിലെ രാജാവും തന്നിവാസികളും ക്രിസ്ത്യാനികളായിരുന്നു.

ഈ ഉപദേശം അനുസരിച്ച് പതിനൊന്നുപേർ ചേൎന്ന ഒരു ചെറുസംഘം അബിസീനിയായിലേക്കു കപ്പൽ കയറി. അതിൽ നബിയുടെ പുത്രിയായ യറുകച്ചയ്യായും തൽഭൎത്താവായ ഉസ്മാനും ഉൾപ്പെട്ടിരുന്നു. വെളിപാടുവൎഷം അഞ്ചാമാണ്ട് റാജബ് മാസത്തിലാണ് അവർ മക്കം വിടുന്നതിനായി സ്വഗൃഹങ്ങളിൽനിന്ന് പുറപ്പെട്ടതു്. ഇതറിഞ്ഞു ശത്രുക്കൾ അവരെ പിടിച്ചുകൊണ്ടുവരുന്നതിനായി ഏതാനും ആളുകളെ നിയോഗിച്ചു. എന്നാൽ അവർ തുറമുഖത്തു് എത്തുംമുമ്പ് പ്രസ്തുത സംഘം കപ്പൽ കയറി യാത്രയായി. അതുമൂലം മെക്കാക്കാൎക്ക് അരിശം വൎദ്ധിച്ചതേയുള്ളു. അതിനാൽ മുസൽമാന്മാൎക്കു അബിസീനിയാ രാജ്യത്തു അഭയം കൊടുക്കരുതെന്നു അപേക്ഷിച്ചുകൊണ്ട് ഒരു സന്ദേശം നെഗസ്സ് രാജാവിന് അയയ്ക്കാൻ തീൎച്ചപ്പെടുത്തി. സ്ഥാനാപതികളായി അബ്ദുള്ള-ബിൻ-റാബിയും അമ്രു-ബിൻ-ആസും തിരഞ്ഞെടുക്കപ്പെട്ടു. അവർ രണ്ടുപേരും വിലപിടിച്ച ഉപഹാരങ്ങളോടുകൂടി അങ്ങോട്ടു തിരിച്ചു. അന്നാട്ടിൽ ചെന്ന ഉടനെ അവർ ചെയ്തതു് വൈദിക പട്ടക്കാരെ തങ്ങളുടെ വശത്താക്കുകയായിരുന്നു. ക്രിസ്തുധൎമ്മത്തിനു് വിപരീതമായ ഒരു മതം പ്രചരിപ്പിക്കാനാണ് ഈ മുസൽമാന്മാർ ശ്രമിക്കുന്നതെന്ന് അവർ ആ പട്ടക്കാരെ ധരിപ്പിച്ചു. പട്ടക്കാർ മുഖേന രാജാവിനെ സ്വാധീനപ്പെടുത്താമെന്നായിരുന്നു അവരുടെ മനോഗതം. അനന്തരം അവർ രാജസദ

സ്സിൽചെന്ന് ക്രിസ്തുധമ്മത്തിന്ന വിപരീതമായി ഒരു നവ്യ മതം സ്ഥാപിക്കാൻ ഉദ്യമിച്ചു എന്നുള്ള കുററം പ്രസ്തുത മുസൽമാൻ സംഘത്തിൽ ആരോപിച്ചിട്ട് അവരെ തിരിച്ചയച്ചുകൊടുക്കണമെന്ന് വാദിച്ചു. രാജാവാകട്ടെ മുസൽമാൻമാരെ ആളയച്ചു വരുത്തീട്ട്, അവരുടേമേൽ ആരോപിതമായ കുററത്തേപ്പററി എന്തു സമാധാനം പറവാനുണ്ടെന്നു ചോദിച്ചു. ജാഫർ-ബിൻ-ആബികാലിബ് എന്നൊരാരാം എണീററ് ഇങ്ങനെ പറഞ്ഞു :—

"പൂജ്യനായ രാജാവേ! വിഗ്രഹാരാധനയിൽ മുഴുകിയിരുന്ന അജ്ഞാനികളായിരുന്നു ഞങ്ങളെല്ലാവരും. ഞങ്ങൾ സ്വയമേവ ചത്തുപോയ ജന്തുക്കളുടെ ശവം ഭക്ഷിച്ചുപോന്നവരും കുത്സിതജീവിതം നയിച്ചുപോന്നവരും ആയിരുന്നു. ഞങ്ങൾക്കു ബന്ധുജനങ്ങളോടുള്ള കടമ നിറവേററുന്നതിലോ അയൽക്കാരെ ആദരിക്കുന്നതിലോ യാതൊരു ഔത്സുക്യവും ഉണ്ടായിരുന്നില്ല. ഞങ്ങളുടെ നാട്ടിൽ ബലവാൻ ദുർബലൻെറചെലവിൽ കാലംനയിച്ചുപോന്നു. ഇങ്ങനെയുള്ള ഒരു ജനതയെ മോചിപ്പിക്കുന്നതിനായി ദൈവം ഒരു നബിയെ ഞങ്ങൾക്കു നല്കി. ഞങ്ങൾ അദ്ദേഹത്തിൻെറ കുലീനതയിലും, സത്യസന്ധതയിലും, നന്മയിലും, ത്യാഗബുദ്ധിയിലും, സർവാത്മനാ വിശ്വസിക്കുന്നു. വിഗ്രഹാരാധനമുതലായവയെവെടിഞ്ഞു ഏകദൈവത്തിൽ വിശ്വസിക്കാൻ അദ്ദേഹം ഉപദേശിച്ചു. സത്യത്തിൽനിന്ന് അണുമാത്രം വ്യതിചലിക്കരുതെന്നും, അവരവരിൽ അപ്പിതമായ വിശ്വാസത്തെ നിറവേററണമെന്നും, ജ്ഞാനികളോടു ബഹുമാനപൂവം പെരു

മാറണമെന്നും അയല്ക്കാൎക്ക് നന്മചെയ്യണമെന്നും അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചു. രക്തംചിന്തരുതെന്നും ദുഷ്കൎമ്മങ്ങൾ ഒരിക്കലും ചെയ്തുപോകരുതെന്നും അദ്ദേഹം നിഷ്കൎഷിച്ചു. അസത്യംപറക, അനാഥബാലന്മാരുടെ വസ്തുവകകൾ അപഹരിക്ക, സ്ത്രീകളുടെ ചാരിത്രത്തെ ബാധിക്കുന്ന വ്യാജകഥകൾ നിൎമ്മിക്ക മുതലായ നിന്ദ്യകൎമ്മങ്ങൾ വൎജ്ജിക്കണമെന്നു ഗുണദോഷിച്ചു. ഞങ്ങൾ ആ മഹാത്മാവിൻെറ ഉപദേശങ്ങളെകൈക്കൊണ്ടു. ഞങ്ങളുടെ ഈ പുതിയ വിശ്വാസത്തെ ഉപേക്ഷിച്ചു വീണ്ടും വിഗ്രഹാരാധനയിലേക്കു തിരിച്ചുചെല്ലുന്നതിനു മക്കത്തെ ജനങ്ങൾ ഞങ്ങളെ പലവിധത്തിൽ ഉപദ്രവിച്ചു. ഞങ്ങൾ അനുഭവിച്ച വേദനകൾക്കു കൈയും കണക്കുമില്ല. ഈ നാട്ടിൽ വന്നാൽ ഈമാതിരി സങ്കടങ്ങൾ നേരിടുകയില്ലെന്നുകണ്ടിട്ടാണു ഞങ്ങൾ ഇങ്ങോട്ടുപോന്നതു്." ഇത്രയും പറഞ്ഞതിനുശേഷം രാജാവിൻെറ ഹൃദയത്തെ അലിയിക്കുന്നതിനു പൎയ്യാപ്തമായ ഒരുവാക്യം ഖുറാനിൽനിന്നു അയാൾ മധുരമായിപാടി. അതു നല്ലപോലെ ഫലിക്കയുംചെയ്തു. തന്നെ അഭയം പ്രാപിച്ചവരെ താൻ ഒരിക്കലും കൈവെടിയുന്നതല്ലെന്ന് അദ്ദേഹം ഖുറെഷി സ്ഥാനാപതികളോടു പറഞ്ഞു. അവരാകട്ടെ അതുകൊണ്ടും നിരാശപ്പെട്ടില്ല. മുസൽമാന്മാർ യേശുവിൻെറ ദൈവികത്വം അംഗീകരിക്കുന്നവരല്ലെന്നു പറഞ്ഞു് അവർ രാജാവിനെ ക്ഷോഭിപ്പിക്കാൻ നോക്കി. ഇതിലും അവരുടെ ശ്രമം വന്ധ്യമായിപ്പരിണമിച്ചു. യേശുവിനെ ഞങ്ങൾ ദൈവമായി കരുതുന്നില്ലെന്നും ദൈവം തെര

ഞ്ഞെടുത്ത ഒരു നബി എന്ന നിലയിൽ ഞങ്ങൾ അദ്ദേഹത്തിനെ പൂജിക്കുന്നുവെന്നും മുസൽമാന്മാർ പറഞ്ഞപ്പോൾ നെഗസ് രാജാവ് ഇപ്രകാരം പ്രസ്താവിച്ചു :—

"ഈ മുസൽമാന്മാർ വർണ്ണിച്ചതിൽ കൂടുതലായി യാതൊന്നും യേശുവിനില്ല."

ഇങ്ങനെ ഈ ശ്രമവും ഫലിക്കാതെവന്നപ്പോൾ ഖുറൈഷികൾക്ക് മുസൽമാന്മാരോടുള്ള ശത്രുത്വം പതിന്മടങ്ങു വർദ്ധിച്ചു. ഈ കാരണത്താലത്രേ പിന്നീട് നബിയും കൂട്ടരും മദീനയ്ക്കു കടന്നപ്പോൾ അവർക്ക് ഒരു വിധത്തിലുമുള്ള സ്വൈരവും കൊടുക്കാതിരുന്നത്. മദീനയിൽ മുസൽമാന്മാരെ അവരുടെ രക്തപാതത്തെക്കൊതിച്ചുകൊണ്ടിരുന്ന ശത്രുക്കളിൽനിന്നും രക്ഷിക്കുന്നതിന് ഈശ്വരനല്ലാതെ മററാരും ഉണ്ടായിരുന്നില്ല. സാധുക്കളായ ഇവരെ വാളിന് ഇരയാക്കുന്നതിന് അവർ ഉദ്യമിച്ചു. പ്രാണസംരക്ഷണകൌതുകം ഒന്നുമാത്രമാണ് ഇസ്ലാം മതാനുയായികളെ ആയുധം ധരിക്കുന്നതിനും പോരാടുന്നതിനും പ്രേരിപ്പിച്ചത്. ഇസ്ലാം യുദ്ധങ്ങൾ അതീവ ഭയങ്കരങ്ങളായിരുന്നു. എന്നാൽ ഈ യുദ്ധങ്ങളൊന്നും ഖുറൈഷികളുടെ മർദ്ദനമില്ലായിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്നില്ല.

അടുത്തവർഷം മറെറാരു സംഘം അബിസീനിയായിലേക്കു പോകാൻ ഒരുങ്ങി. അതിനെ തടയുന്നതിനും ഖുറൈഷികൾ കഴിയുന്നത്ര ശ്രമിക്കാതിരുന്നില്ല ; ഫലിച്ചില്ലെന്നേ ഉള്ളൂ. സ്ത്രീപുരുഷന്മാരുൾപ്പടെ ൧൦൧ പേർ അബിസീനിയയിൽ കുടിയേറിപ്പാർത്തു. നബി മക്കത്തുനി

ന്നം ഓടിപ്പോയിട്ട് ഏഴുവർഷം കഴിഞ്ഞാണ് അവർ മദീനത്തേയ്ക്കു തിരിച്ചുപോന്നത്.

ഹിജ്റാ ആറാംവഷത്തിൽ ഖുറൈഷിവർഗ്ഗക്കാരും മുസ്ലിമീങ്ങളും തമ്മിൽ ഹുദൈബിയിൽവെച്ചു നടന്ന സന്ധിക്കരാറനുസരിച്ച് മുസൽമാന്മാക്ക് അറേബിയായിൽ അല്പം രക്ഷ ലഭിച്ചു. അബീസിനിയയിൽ പോയി കുടിപാൎത്തുതുടങ്ങിയവൎക്കും ഈ സന്ധി നിമിത്തം തിരിച്ചുവന്നു തങ്ങളുടെ ബന്ധുമിത്രാദികളെ കാണ്മാനിടവന്നു.

നെഗസ് രാജാവ് കരുണാപൂൎവ്വമാണ് മുസ്ലിമീങ്ങളോടു വൎത്തിച്ചത്. തന്നിമിത്തം ശത്രുക്കളുമായി ആ രാജാവ് പോരാടേണ്ടിവന്നപ്പോഴെല്ലാം ആ മുസൽമാന്മാർ രാജപക്ഷത്തിൽ ചേൎന്ന് യുദ്ധംചെയ്കയും അദ്ദേഹത്തിന് വിജയലാഭം ഉണ്ടാകണേ എന്ന് അള്ളായോടു ഭക്തിപൂൎവ്വം പ്രാൎത്ഥിക്കയും ചെയ്തു. 'നന്മയ്ക്കു പകരം നന്മയല്ലാതെ മറ്റൊന്നും ചെയ്യരുത്' എന്നുള്ള വേദവാക്യത്തെ അവർ അക്ഷരംപ്രതി അനുവൎത്തിച്ചു.

# അദ്ധ്യായം ൧൦.

---

## വധോദ്യമം.

ആദ്യകാലത്തു വിശുദ്ധ നബി ഇസ്ലാം ധമ്മപ്രസംഗം ചെയ്തുവന്നിരുന്നത് ഗ്രഢമായിട്ടായിരുന്നു. എന്നാൽ തന്നിൽ അപ്പിതമായ കത്തവ്യത്തെ പരസ്യമായി നിവ്വഹിക്കേണ്ടതാണെന്നുള്ള വെളിപാടു ലഭിച്ച ഉടനേ തന്നെ അദ്ദേഹം പുറത്തുവന്നു. ഒരിക്കൽ സാഫാമലയുടെ മുകളിൽ കയറി, ഖുറൈഷികളെയെല്ലാം അവിടെ വിളിച്ചുകൂട്ടിക്കൊണ്ട് "നിങ്ങളിലാരെങ്കിലും ഞാൻ എപ്പോഴെങ്കിലും കള്ളംപറഞ്ഞതായി ഓക്കുന്നുണ്ടോ" എന്നു ചോദിച്ചു. "ഇല്ല" എന്ന് അവർ ഏകകണ്ഠമായി മറുപടിപറഞ്ഞു. "നിങ്ങളോടു എതിരിടുന്നതിന് ഈ മലയുടെ പിമ്പിൽ ഒരു വലിയ സൈന്യം തയ്യാറായി ഒളിച്ചുനില്ക്കുന്നു" എന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ ?"

"തീച്ചയായും വിശ്വസിക്കും. എന്തുകൊണ്ടെന്നാൽ നിങ്ങൾ കള്ളംപറഞ്ഞതായി ഞങ്ങൾ ഓക്കുന്നതേയില്ല."

ഈ ഉത്തരംകേട്ട് അദ്ദേഹം അവരോട് ദൈവവാക്യത്തെ ഉച്ചരിച്ചുകൊണ്ട് വിഗ്രഹാരാധന കൈവെടിയണമെന്നും ഏക ദൈവത്തിൽ വിശ്വസിക്കണമെന്നും സൽപഥത്തിൽ സദാ സഞ്ചരിക്കണമെന്നും ഉപദേശിച്ചു. ഖുറൈഷികൾ ഈ വാക്കുകേട്ട് കോപപരാഭൂതരായിച്ചമഞ്ഞു. അബുലഹബ് എന്നയാൾ വളരെ മയ്യാദാശൂന്യ

മായി ആ വിശുദ്ധാത്മാവിനോടു പെരുമാറി. അന്നു മുതൽക്ക് ഖുറൈഷികളുടെ ശത്രുത്വം എന്തെന്നില്ലാതെ കണ്ടു വർദ്ധിച്ചു. അവർ കഴിയുന്നവിധത്തിലെല്ലാം അദ്ദേഹത്തിനെ ഉപദ്രവിക്കാനും തുടങ്ങി. എന്നാൽ അതു കൊണ്ടൊന്നും അദ്ദേഹത്തിന് ഒരു കുലുക്കവും ഉണ്ടായില്ല. അറേബിയായുടെ എല്ലാ ഭാഗങ്ങളിൽനിന്നും കൂട്ടംകൂട്ടമായി ജനങ്ങൾ മക്കത്തുവരാറുള്ള പുണ്യദിനങ്ങളിലൊക്കെ, നബി അവരുടെ ഇടയ്ക്കുകടന്നുചെന്ന് ഈശ്വരസന്ദേശത്തെ അവരെ ധരിപ്പിച്ചുപോന്നു. ആ അവസരങ്ങളിലെല്ലാം അബുലഹാബും പുറകെ ഉണ്ടായിരിക്കും. നബി കേവലം ഭ്രാന്തനാണെന്നും അദ്ദേഹത്തിനെ ആരും വിശ്വസിച്ചുപോകരുതെന്നും അയാൾ അവരെ ധരിപ്പിച്ചുവന്നു. എന്നാൽ അതൊന്നുകൊണ്ടും ഇസ്ലാംധർമ്മ പ്രചാരത്തിന് കുറവു വന്നില്ല. അതിനാൽ നബിയെ ഗൂഢമായി നിഗ്രഹിക്കുന്നതിന് അവർ ഉറച്ചു. ആ ശ്രമവും ഫലിക്കാഞ്ഞതിനാൽ പരസ്യമായി അദ്ദേഹത്തിനോടു എതിരിടണമെന്നു അവർ നിശ്ചയിച്ചു. അതിലേക്കു നബിയുടെ മാതുലനായ അബുതാലിബ്ബിൻെറ അനുമതി വാങ്ങിയില്ലെങ്കിൽ അന്തഃഛിദ്രമുണ്ടായേക്കുമെന്നു കരുതി അവർ അതിനായി ഒരു സംഘത്തെ നിയോഗിച്ചു. ആ സംഘം അബുതാലിബിനോടു പറഞ്ഞു :—

നിങ്ങളുടെ ഭാഗിനേയൻ നമ്മുടെ ദേവന്മാരെ ദൂഷിക്കുന്നു; പുരാതന ധർമ്മത്തെ ആക്ഷേപിക്കുന്നു; നമ്മെയും നമ്മുടെ പൂർവ്വികന്മാരെയും കുപഥസഞ്ചാരിക-

ളെന്നും അജ്ഞാനികളെന്നും വിളിക്കുന്നു. അയാളെ ഒന്നു കിൽ നിങ്ങൾതന്നെ ശിക്ഷിക്കണം; അതല്ലെങ്കിൽ ഞങ്ങളുടെ പക്കൽ വിട്ടുതരണം.

അബുതാലിബ് ഉചിതമായ ചില വാക്കുകൾ പറഞ്ഞു് അവരെ സമാധാനിപ്പിച്ചയച്ചു. നബിയുടെ മേൽ ആരോപിക്കപ്പെട്ട ഈ കററങ്ങൾ വെറും ഭോഷ്ക്കായിരുന്നു. നബി ഒരിക്കലും അന്യമതത്തെ ദുഷിച്ചിട്ടില്ലെന്നുമാത്രമല്ല "അള്ളായെ അല്ലാതെ മററു ദേവന്മാരെ ആരാധിക്കുന്നവരുണ്ടെങ്കിൽ അവരെ ഒരിക്കലും നിന്ദിക്കരുതു്" പരമത ദൂഷണം ചെയ്യുന്ന ഒററ വാക്കുപോലും ഖുറാനിലെങ്ങും കാണുകയില്ല. ബഹുദൈവതവും വിഗ്രഹാരാധനയും ഈശ്വരലാഭത്തിനുള്ള നല്ല വഴികളല്ലെന്നു മാത്രമേ അദ്ദേഹം ഉപദേശിക്കയുണ്ടായുള്ളു.

അബുതാലിബിന്റെ വാക്കുകൾ ഖുറൈഷികളെ സമാധാനപ്പെടുത്തിയില്ല. ഒന്നുകിൽ നബിയോടുചേൎന്നു തങ്ങളോടു മല്ലിടാൻ ഒരുങ്ങിക്കൊള്ളണമെന്നും അല്ലാത്തപക്ഷം നബിക്കു അദ്ദേഹം ചെയ്തുപോരുന്ന സഹായങ്ങളെല്ലാം നിൎത്തിക്കൊള്ളണമെന്നും അവർ അദ്ദേഹത്തിനു അന്ത്യശാസനം അയച്ചു. ആ വിശിഷ്ടപുരുഷൻ ചകിതനായിട്ടു നബിയോടു ഇങ്ങനെ പറഞ്ഞു.—എന്നിൽ കനിവുണ്ടാകണേ. ദുൎവ്വഹമായ ഭാരം വഹിക്കണമെന്നു എന്നോടു പറയരുതേ. ഖുറൈഷിവൎഗ്ഗത്തിന്റെ ഏകോപിച്ച ശത്രുതയ്ക്കു ഞാൻ എതിരാണോ?

അഹോ! എത്ര ഭയങ്കരമായ ഒരു പതനത്തിലാണു നമ്മുടെ വിശുദ്ധ നബി എത്തിയിരിക്കുന്നതു്. അബുതാ

ലിമ്പുപോലും ഗത്യന്തരമില്ലായ്കയാൽ തൻെറ ഗൃഹദ്വാരത്തെ നബിയ്ക്കു് എതിരായി ബന്ധിക്കുന്നതിന് പ്രേരിതനാകുന്നു. തൻെറ രക്തപാനോത്സുകരായ നിരവധി ജനങ്ങളുടെ മദ്ധ്യത്തിൽ അദ്ദേഹം തനിയേ അകപ്പെടുന്നു. അദ്ദേഹത്തിനുവേണ്ടി പ്രാണാൎപ്പണം ചെയ്യാൻപോലും ഒരു ക്ലേശവുമില്ലാത്ത ശിഷ്യന്മാരൊക്കെ അന്യദിക്കിലും ആയിപ്പോകുന്നു. ഈ അവസരത്തിൽ ശത്രുക്കളോടുസന്ധി പ്രാൎത്ഥനചെയ്യാൻ ഏതൊരുവനും മടിക്കുമായിരുന്നില്ല. എന്നാൽ ഈശ്വരസന്ദേശത്തിൽ അചഞ്ചലവിശ്വാസമുണ്ടായിരുന്ന ആ പുണ്യാത്മാവു് തൻെറ കൃത്യത്തിൽനിന്നും അണുപോലും മാറുകയുണ്ടായില്ല. അബുതാലിബിനോടു് അദ്ദേഹംപറഞ്ഞു:—"പ്രിയമാതുല സൂൎയ്യനെ എൻെറ വലത്തുകൈയ്യിലും ചന്ദ്രനെ ഇടത്തുകൈയ്യിലും വച്ചാൽപോലും ഈ സന്ദേശത്തെ ഞാൻ ഉപേക്ഷിക്കയില്ല. എൻെറ ഉദ്യമം സഫലമായി പൎയ്യവസാനിക്കുന്നതിനു ഈശ്വരൻെറ തിരുവുള്ളം ഉണ്ടാകുംവരെയൊ അതിനുള്ള ഉദ്യമമദ്ധ്യേ ഞാൻ മരിക്കുന്നതുവരെയൊ അതിൽനിന്നു ഞാൻ പിന്മാറുന്നതല്ല."

പിതൃനിൎവിശേഷമായ വാത്സല്യത്തോടുകൂടി തന്നെ ലാളിച്ചു വളൎത്തിയ ആ മഹാത്മാവിന് തൻെറ വാക്കുകൾ നിരാശാജനകമായിരിക്കുമെന്നറിഞ്ഞതിനാൽ വിശുദ്ധ നബിയുടെ നേത്രങ്ങളിൽ അശ്രുക്കൾ നിറഞ്ഞു.

അബുതാലിബ് ഇതേവരെ പൂർവവിശ്വാസങ്ങളെ കൈവിടാത്തവനായിരുന്നെങ്കിലും, സ്വഭാഗിനേയനെ അനാഥനായി വിടുന്നതല്ലെന്നുതന്നെ ഒടുവിൽ ഉറച്ചു.

അദ്ദേഹം നബിയേ ആളയച്ചു വരുത്തീട്ടു പറഞ്ഞു :— നീ നിനക്ക് തോന്നുംപോലെ ചെയ്തുകൊള്ളുക. ഞാൻ നിന്നെ ഉപേക്ഷിക്കാൻ ശക്തനല്ല"

ഖുറൈഷീവർഗ്ഗക്കാരുടെ ഈ ശ്രമവും ഫലിക്കാതെ വന്നപ്പോൾ അബൂതാലിബിനെ സ്വാധീനപ്പെടുത്താൻ അവർ മററുമാർഗ്ഗം ആലോചിച്ചു. അവർ "അമ്മാറാബിൻ-വാലിദ്, എന്നൊരു സുന്ദരയുവാവിനെയും കൂട്ടിക്കൊണ്ട് അദ്ദേഹത്തിൻെറ അടുക്കൽ ചെന്നിട്ട് ആയുവാവിനെ ദത്തുപുത്രനായി സ്വീകരിച്ചുകൊള്ളണമെന്നും പൂർവ്വ വിശ്വാസങ്ങളെ ലംഘിച്ച കുററത്തിനു വധശിക്ഷ നല്കാനായി മുഹമ്മതിനെ വിട്ടുകൊടുക്കണമെന്നും അപേക്ഷിച്ചു. അതിന് അദ്ദേഹം മറുപടി പറഞ്ഞു !

"ഇതുകൊള്ളാം. നിങ്ങളുടെ കുട്ടിയെ വളത്താനായി ഞാൻ ഏറ്റുകൊള്ളണമെന്നും എൻെറ കുട്ടിയെ കൊല്ലുന്നതിനുവേണ്ടി നിങ്ങളെ ഏല്പിക്കണമെന്നും നിങ്ങൾ പറയുന്നു. ഇത് ഒരിക്കലും സാധിക്കുന്നതല്ല"

വീണ്ടും ഖുറൈഷികൾ നിരാധീനരായി അബുതലിബാകട്ടെ തൻെറ സഗോത്രരായ ബാനുഹഷീംകാരോടു ഖുറൈഷികൾ വല്ല അതിക്രമവും കാട്ടിയേക്കുമോ എന്നു ശങ്കിച്ച് അവക്ക് ആസന്നമായ മഹാവിപത്തിനെപ്പററി മുന്നറിവുനല്കി. വിശുദ്ധനബിയെ ഒരു കാരണവശാലും ശത്രുക്കൾക്കു വിട്ടുകൊടുക്കുന്നതില്ലെന്നു ആ ഗോത്രക്കാരെല്ലാം ശപഥംചെയ്തു. അബുലഹാബ് എന്നൊരുവൻ മാത്രം മാറിനിന്നു.

ഖുറൈഷികൾക്കും രക്തം ചിന്താതെ കാര്യം നേടിയാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ടായിരുന്നു. അവക്ക് ഒരു യുക്തിതോന്നി. നബിയെ സമ്മാനദാനാദികളാൽ വശപ്പെടുത്തിയാലെന്ത്? ഏതു മനുഷ്യനാണ് പണത്തിനും പദവിയ്ക്കും വശപ്പെടാത്തത്? സാധുക്കളുണ്ടോ ഏകദൈവത്തിൽ നിഷ്ഠനായ ആ പുണ്യാത്മാവിൻെറ വിശുദ്ധ മനോഭാവത്തെ അറിയുന്നു?

അവർ നബിയെ പ്രാപിച്ചിട്ട് ഇങ്ങനെ പറഞ്ഞു:- "നിങ്ങൾക്ക് ധനത്തിൽ ആശയുണ്ടെങ്കിൽ എത്ര പണം വേണമെങ്കിലും തരാൻ ഞങ്ങൾ സന്നദ്ധരാണ്. അതല്ല, ബഹുമതിയിലും പ്രഭുത്വത്തിലും ആണ് നിങ്ങൾക്ക് ആശയുള്ളതെങ്കിൽ, ഞങ്ങൾ ഖുറൈഷികളുടെ എല്ലാം രാജാവായി നിങ്ങളെ വാഴിക്കാം. സൌന്ദര്യവതികളായ കാമിനികളിലാണ് നിങ്ങൾക്കു അഭിനിവേശമെങ്കിൽ ഈ നാട്ടിലുള്ളതിൽ ഏററവും ലാവണ്യവതിയായ സ്ത്രീയെ നിങ്ങൾക്കു തരും."

എത്ര കാമ്യമായ പദവി; ഏതു മനുഷ്യനും ഈ മാതിരി വ്യാമോഹങ്ങളിൽ കുടുങ്ങിപ്പോകാതിരിക്കയില്ല. എന്നാൽ നബി പറഞ്ഞത് ഇങ്ങനെയാണ് :—

"എനിക്ക് പദൌന്നത്യമോ അധികാരശക്തിയോ ആവശ്യമില്ല. മനുഷ്യവർഗ്ഗത്തിൻെറ ഉപദേഷ്ടാവായി അല്ല എന്നെ നിയോഗിച്ചിരിക്കുന്നു. ഞാൻ അദ്ദേഹത്തിൻെറ സന്ദേശത്തെ നിങ്ങളെ അറിവിക്കുന്നു. അത് സ്വീകരിക്കുന്നപക്ഷം ഐഹികാമുഷ്മിക ലോകങ്ങളിൽ

രണ്ടും നിങ്ങൾക്ക് ആനന്ദാനുഭൂതിയുണ്ടാവും. അഥവാ അതിനെ നിങ്ങൾ നിരാകരിക്കുന്നതായാൽ ദൈവം നാം രണ്ടുകൂട്ടരേയും വിസ്തരിച്ച് തീർപ്പുഴുതും."

ഈ ഉദ്യമവും വ്യർത്ഥമായപ്പോൾ ഖുറൈഷികൾ ഒടുവിലത്തെ ആയുധം സ്വീകരിക്കതന്നെ എന്നുറച്ചു. മുടക്ക് എന്ന ആയുധം പ്രയോഗിച്ച് അവർ ബാനുഹഷീംകാരെ ശിക്ഷിക്കാനായിരുന്നു അവരുടെ ശ്രമം. അവരുമായി യാതൊരു ഇടപാടുകളും മററുള്ളവർ ചെയ്തു പോകരുതെന്നു അവർ വിലക്കി. ഈ ശാസനത്തെ അവർ കാബാ ദേവാലയത്തിൻെറ ഒരു പ്രധാന ഭാഗത്തു തൂക്കിയിട്ടു. അതുകൊണ്ട് ബാനുഹഷീംകാരെല്ലാം മെക്കായിലുള്ളതും വിജനസ്ഥലവുമായ 'ഷിബ' എന്ന ദിക്കിലേക്കു മാറിത്താമസിച്ചു. ആ സ്ഥലം വിട്ടുപോകാതെ സൂക്ഷിക്കാനായി അബുജഹാൽ വേണ്ട ബന്ദോവസ്തുകളും ചെയ്തു. അവക്ക് ഭക്ഷണസാധനങ്ങളുംമററും എത്തിച്ചുകൊടുക്കാതിരിക്കുന്നതിനും നിഷ്കൃഷ്ടമായ ഏപ്പാടുകൾ ചെയ്തുവച്ചു. എന്നിട്ടും ബാനുഹഷീം ഗോത്രക്കാർ അസ്തധൈര്യന്മാരായില്ല.

കാലക്രമേണ ഖുറൈഷീ വർഗ്ഗക്കാർക്കു തന്നെ മുടക്കിൻെറ കാഠിന്യത്തെപ്പററി വെറുപ്പുതോന്നിത്തുടങ്ങി. ആ വർഗ്ഗത്തിൽപെട്ട അഞ്ചു നായകന്മാർ ചേർന്ന് മുടക്കു നിർത്തുന്നതിനും അതിനുള്ള ശാസനത്തെ ചീന്തി ദൂരത്തെറിയുന്നതിനും തീർച്ചയാക്കി. എന്നാൽ അതിനെ ഉറുമ്പുകൾ നശിപ്പിച്ചുകളഞ്ഞു. അത് ഈശ്വരകോപത്തിൻെറ ലക്ഷണമായി പലരും വ്യാഖ്യാനിച്ചുതുടങ്ങി.

മുടക്ക് അന്ന്യായമായിപ്പോയെന്നു കണ്ട് നേതാക്കൾ ഇതൊരു നല്ല തക്കമാണെന്ന് കരുതി ഷീബ് എന്ന സ്ഥലത്തെ കോട്ടവാതുക്കൽ ചെന്നുനിന്നുകൊണ്ട് മുടക്കും അതു സംബന്ധമായ ശാസനവും തങ്ങൾ നിഷേധിക്കുന്നു എന്നു വിളിച്ചു പറഞ്ഞു. അവർ മുസ്ലിമീങ്ങളെ കോട്ടവെളിയിൽ കൊണ്ടുവന്നിട്ട് സ്വഗൃഹങ്ങളിലേക്കു പറഞ്ഞയച്ചു. ഇങ്ങനെ മൂന്നുവർഷംകൊണ്ട് മുടക്കും തീർന്നു.

ഈ സംഭവങ്ങൾക്കുശേഷം അബുതാലിബും ഏറെത്താമസിയാതെ കദീജയും മരണം പ്രാപിച്ചു. ആ സാധ്വീരത്നത്തിൻെറ നിര്യാണം നബിയ്ക്കു അപരിഹരണീയമായ ഒരു മഹാനഷ്ടമായിരുന്നു എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

ദൈവികവെളിപാടിൻെറ പത്താമത്തെ വർഷത്തിലാണ് ഈ രണ്ടു വിപത്തുകളും നേരിട്ടത്. അതിനാൽ ഈ വർഷത്തെ മുസ്ലിം ചരിത്രകാരന്മാർ 'അമുൽ ഹുസൻ' (ദുഃഖവർഷം) എന്നു വിളിച്ചുവരുന്നു.

# അദ്ധ്യായം ൧൨.

## പലായനം.

അബുതാലിബും കദീജയും പരലോകപ്രാപ്തരായതു ഖുറൈഷികൾക്ക വളരെ സന്തോഷപ്രദമായിത്തീൎന്നു. അവരുടെ സ്വാധീനശക്തി നബിയ്ക്കു അത്യന്തം അനുകൂലമായിരുന്നല്ലോ. അതു് ഇല്ലാതായതിനോടുകൂടി അവർ സന്തോഷാകുലരായി ഭവിച്ചു. അവർ പൂൎവ്വാധികം ശക്തിയോടുകൂടി നബിയെ ഹിംസിക്കാൻ തുടങ്ങി. എന്നിട്ടും അദ്ദേഹം നിരാശയ്ക്കു വഴിപ്പെട്ടില്ല. തന്റെ ഉദ്യമം വിജയോന്മുഖമാകാതിരിക്കയില്ലെന്നുതന്നെ അദ്ദേഹം വിശ്വസിച്ചു. പ്രതിബന്ധങ്ങളാകുന്ന കാർമേഘപടലത്തിനുള്ളിലേ ആശാരൂപമായ ഈ വിദ്യുല്ലേഖ അദ്ദേഹത്തിനു ആനന്ദം ജനിപ്പിച്ചു; എന്തു വേദനകളും സഹിക്കുന്നതിന് അദ്ദേഹത്തിനു ശക്തി നല്കി. തന്നിൽ സമൎപ്പിതമായിരിക്കുന്ന ഈ മഹോദ്യമത്തിന്റെ സാഫല്യത്തിന് മതിയായ ശക്തി നല്കേണമേ എന്നുള്ള പ്രാൎത്ഥന നിരന്തരം അദ്ദേഹത്തിന്റെ ഹൃദയാന്തൎഭാഗത്തു നിന്നും അള്ളാവിന്റെ തൃപ്പാദംവരെ ഉയൎന്നു.

ഒരു ദിവസം അദ്ദേഹം സ്വഗൃഹത്തിലേക്ക പോകുന്നതിനിടയ്ക്കു് ഒരാൾ മണ്ണുവാരി എറിഞ്ഞു. പിതാവിന്റെ മലിനവേഷം കണ്ടപ്പോൾ കൊച്ചു മകൾ കണ്ണീർ ചൊരിഞ്ഞുകൊണ്ടു് വിലപിച്ചു. "മകളെ കരയരുതു്. നിന്റെ അച്ഛനു് അള്ളാവിന്റെ കൃപയാൽ വിജയസിദ്ധി

ഉണ്ടാകും" എന്നു പറഞ്ഞു് അദ്ദേഹം അവളെ സമാധാനപ്പെടുത്തി.

ഹെഡ്ജാസിൽ തൈഫ് എന്നൊരു നഗരമുണ്ടായിരുന്നു. അവിടെയുള്ളവരെ മതപരിവൎത്തനം ചെയ്യാമെന്നുള്ള ഉദ്ദേശത്തോടുകൂടി നബി അങ്ങോട്ടു തിരിച്ചു. അവിടെയും ജനങ്ങൾ അദ്ദേഹത്തിനെ ധിക്കരിക്കയും കല്ലെറിഞ്ഞു വ്രണപ്പെടുത്തുകയും ആണ ഉണ്ടായതു്. ചോരയൊലിപ്പിച്ചുകൊണ്ടു് അദ്ദേഹം നഗരത്തിനു വെളിയിൽ വന്നു് ഒരു തോട്ടത്തിൽ കയറി അല്പം വിശ്രമിച്ചു. ആ തോട്ടത്തിൻെറ ഉടമസ്ഥൻ പൂൎവ്വമതവിശ്വാസിആയിരുന്നെങ്കിലും നബിയുടെ ദയനീയാവസ്ഥയിൽ അനുകമ്പാചിത്തനായിട്ടു് തൻെറ അടിമയായ അദ്ദാസ്സിൻെറ കൈയിൽ ഒരു കുല മുന്തിരിങ്ങ കൊടുത്തയച്ചു. അതു വാങ്ങാൻ കൈ നീട്ടിയ അവസരത്തിൽ എല്ലാ മുസ്ലീങ്ങളും അവശ്യം ഉച്ചരിക്കേണ്ടതും അള്ളായുടെ നാമത്തിൽ എന്നു അൎത്ഥം വരുന്നതും ആയ ഒരു വാക്കു് വിശുദ്ധ നബി ഉച്ചരിച്ചതു ആ അടിമ കേട്ടു. അതിൻെറ അൎത്ഥം എന്തെന്നു് സവിസ്മയം അയാൾ ചോദിച്ചപ്പോൾ നബിയാകട്ടെ ഇസ്ലാം സന്ദേശത്തെ വ്യക്തമായി പറഞ്ഞുകേൾപ്പിക്കയും അയാൾ ആ മതത്തെ സ്വീകരിക്കയും ചെയ്തു. ഇങ്ങനെ വിശുദ്ധ നബിയുടെ യാത്ര അല്പമായിട്ടെങ്കിലും ഈ അവസരത്തിൽ ഫലിക്കാതിരിക്കുന്നില്ല.

എല്ലായിടത്തും ഇപ്രകാരം മൂഢന്മാരുടെ ധിക്കാരത്തിനും ഉപദ്രവങ്ങൾക്കും പാത്രീഭൂതനായ നബി വീണ്ടും മക്കത്തു വന്നു അള്ളായുടെ വെളിവാടിനെ പ്രതീക്ഷിച്ചു

പാത്തു. അങ്ങനെ ഇരിക്കെ അറബികളുടെ തീൎത്ഥ യാത്രാകാലവും വന്നടുത്തു. പല ദിക്കുകളിൽ നിന്നും വന്നിരുന്ന ആളുകളുടെ കൂട്ടത്തിൽ മെദീനയിലെ ഖസ്രാജ് വൎഗ്ഗീയരായ ചിലരും ഉണ്ടായിരുന്നു. നബി അവൎക്ക് ഇസ്ലാം ധൎമ്മം ഉപദേശിച്ചു. അദ്ദേഹം വ്യാഖ്യാനിച്ചു കൊടുത്ത ഇസ്ലാം ധൎമ്മതത്വങ്ങളുടെ നിസൎഗ്ഗ മാധുരി അവരെ ഹഠാദാകൎഷിച്ചു. അവർ ആറുപേരുണ്ടായിരുന്നു. എല്ലാവരും നബിയുടെ ശിഷ്യന്മാരായിത്തീൎന്നു. അവർ മദീനയിൽ തിരിച്ചുചെന്നതിനോടുകൂടി ഇസ്ലാം ധൎമ്മപ്രചാരണത്തിന് ഒരു പുതിയ കവാടം തുറക്കപ്പെട്ടു. അവിടെ അസംഖ്യം ജനങ്ങൾ ഇസ്‌ലാം ധൎമ്മം സ്വീകരിച്ചു. അകബാബാ എന്ന സ്ഥലത്തുവച്ച് ഈ ആറു ശിഷ്യന്മാരും തങ്ങൾ നബിയുടെ അനുചരന്മാരാണെന്നും അദ്ദേഹത്തിനോടു പ്രേമപാശത്താൽ ബന്ധിതരാണെന്നും പരസ്യമായി പ്രഖ്യാപനം ചെയ്തിട്ട് ഇങ്ങനെ സത്യപ്രതിജ്ഞ ചെയ്തു:—"അള്ളായോടൊപ്പം ഞങ്ങൾ മററൊന്നിനേയും ബഹുമാനിക്കയില്ല. ഞങ്ങൾ മോഷ്ടിക്കയോ വ്യഭിചാരം ചെയ്കയോ ഞങ്ങളുടെ സന്താനങ്ങളെ ഹനിക്കയോ അന്യരുടെ പേരിൽ കൂടപ്രമാണം ചമയ്ക്കയോ ചെയ്കയില്ല. ന്യായമായ ഏതുകാൎയ്യത്തിലും ഞങ്ങൾ നബിയുടെ ശാസനത്തെ അനുസരിക്കാതിരിക്കയില്ല." ഇതിനെയാണ് അകബാബിലെ ഒന്നാമത്തെ പ്രതിജ്ഞ എന്നു മുസൽമാന്മാർ പറഞ്ഞുപോരുന്നതു്. മദീനയിൽ ഉള്ള ഔസ്, ഖസ്രജ് എന്നീ വൎഗ്ഗങ്ങളിലെ നായകന്മാരൊക്കെ ഇസ്‌ലാം മതം കൈക്കൊണ്ടു. അടുത്ത

വഷത്തിലെ തീത്ഥാടനത്തിന് എഴുപത്തിമൂന്നു പുരുഷന്മാരും രണ്ടു സ്ത്രീകളും മക്കത്തേക്കു പുറപ്പെട്ടു. അവരെ അകാബ് എന്ന സ്ഥലത്തുവച്ചു തന്നെ നബി കണ്ടു. അദ്ദേഹത്തിന്റെകൂടെ ഉണ്ടായിരുന്ന അബ്ബാസ് എന്ന മാതുലൻ ഇങ്ങനെ അവരോടു പറഞ്ഞു :—

"മുഹമ്മദിനെ ഇതേവരെ ഞങ്ങൾ ശത്രുക്കളിൽ നിന്ന് രക്ഷിച്ചു. ഇപ്പോൾ അയാൾ രക്ഷയുള്ള ഈ സ്ഥലത്തു താമസിക്കുന്നു; ഇവിടെയുള്ളവർ അയാളെ ബഹുമാനിക്കുന്നുമുണ്ട്. അയാളെ നിങ്ങളുടെ നാട്ടിലേക്കു കൊണ്ടുപോകണമെന്നാണ് നിങ്ങളുടെ ആഗ്രഹം. എന്തു വ്യവസ്ഥ അനുസരിച്ച് നിങ്ങൾ അയാളെ ഇവിടെ നിന്ന് കൊണ്ടുപോകണമെന്നു കരുതുന്നുവോ ആ വ്യവസ്ഥയെ നിവ്വഹിക്കുന്നതിനും അയാളെ ആപത്തിൽ നിന്നു മോചിപ്പിക്കുന്നതിനും നിങ്ങൾക്കു ശക്തിയുണ്ടെന്ന് പൂണ്ണമായി വിശ്വാസമുള്ള പക്ഷം ഞങ്ങൾ അയാളെ അയക്കാം. ആ വിശ്വാസമില്ലെങ്കിൽ അയാളെ ഇപ്പോഴേതന്നെ പരിത്യജിക്കുക" ഇതു കേട്ടു മദീനത്തുകാർ നബിയുടെ ഇച്ഛാനുസരണം എന്തു സത്യംചെയ്യുന്നതിനും സന്നദ്ധരാണെന്നറിവിച്ചു. നബിയാകട്ടെ വിശുദ്ധ ഖുറാനിൽ നിന്നും ഒരു വാക്യം ഉദ്ധരിച്ചശേഷം ഇങ്ങനെ പറഞ്ഞു :— "നിങ്ങൾ എപ്രകാരം നിങ്ങളുടെ പുത്രകളത്രാദികളെ കാത്തുരക്ഷിക്കുമോ അതുപോലെ എന്റെ ശത്രുക്കളിൽ നിന്ന് എന്നെയും രക്ഷിച്ചുകൊള്ളാമെന്ന് ശപഥം ചെയ്യണം." ഇതുകേട്ട് അവരെല്ലാം സത്യപ്രതിജ്ഞ ചെയ്തു. അനന്തരം അവരിൽനിന്ന്

പന്ത്രണ്ടുപേരെ അവരുടെ നായകന്മാരായി നബി തെരഞ്ഞെടുത്തു.

ഇങ്ങനെ മദീനത്തുകാരുടെ അപേക്ഷാനുസരണമാണ് നബി അങ്ങോട്ടു പുറപ്പെട്ടത്. ഈ പ്രതിജ്ഞയെ അകബാബിലെ രണ്ടാം പ്രതിജ്ഞ എന്നു വിളിച്ചുവരുന്നു.

നബി മക്കത്തു താമസിച്ചിരുന്നത് അബുബേക്കർ, അലി എന്നു രണ്ടു മിത്രങ്ങളുടെ മാത്രം പിന്തുണയോടുകൂടിയായിരുന്നു. മററു മിത്രങ്ങളെല്ലാം അന്യ സ്ഥലത്തായിരുന്നല്ലോ. ഈ അവസരങ്ങളിലൊക്കെയും മദീനത്തു പോകുന്നതല്ലേ നല്ലത്? എന്ന് അബുബേക്കർ അദ്ദേഹത്തിനോടു ചോദിക്കാറുണ്ടായിരുന്നു. അതിനെല്ലാം "ഇതേവരെ അതിലേയ്ക്കുള്ള ഈശ്വരശാസനം ലഭിച്ചുകഴിഞ്ഞില്ല" എന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി. അതുകൊണ്ട് ശത്രുക്കൾക്ക് അദ്ദേഹത്തിനെ പീഡിപ്പിക്കുന്നതിനുള്ള അവസരങ്ങൾ വേണ്ടുവോളം ലഭിച്ചു. അവരുടെ ഒരു ആലോചനാസമിതി 'ദാരുൺനദബാ' എന്ന ദിക്കിൽ വച്ചു കൂടി. നബിയെ എങ്ങനെയാണ് ശിക്ഷിക്കേണ്ടതെന്നായിരുന്നു അവരുടെ ആലോചനാവിഷയം.

ഒരാൾ:—അയാളെ ചങ്ങലയിട്ടു ബന്ധിച്ച് നിലവറയ്ക്കുള്ളിൽ ബന്ധിക്കണം. ആഹാരമില്ലാതെ അയാൾ അവിടെ കിടന്നു ചത്തുകൊള്ളും.

മറെറാരാൾ:—അതു ശരിയല്ല. അങ്ങനെ ചെയ്താൽ അയാളുടെ ബന്ധുക്കൾ വന്നു മോചിപ്പിച്ചു കൊണ്ടുപോയേക്കും.

മൂന്നാമൻ:—നാട്ടുകടത്തുന്നതാണ് എല്ലാംകൊണ്ടും ഉ
ചിതം.

ഈ അഭിപ്രായവും അവൎക്ക് സ്വീകാൎയ്യമായി തോ
ന്നിയില്ല. എന്തുകൊണ്ടെന്നാൽ തന്റെ പ്രസംഗചാതു
രിയാൽ അദ്ദേഹം ജനങ്ങളെ വശപ്പെടുത്തി അവരുടെ
സഹായത്തോടുകൂടി ഖുറൈഷികളെ നശിപ്പിച്ചേയ്ക്കുമെ
ന്നായിരുന്നു അവരുടെ ഭയം. അഭിജാതന്മാരായ ഏതാ
നും യുവജനങ്ങളെ അദ്ദേഹത്തിനെ നിഗ്രഹിക്കാനായി
നിയോഗിക്കണമെന്ന് അബുജഹൽ അഭിപ്രായപ്പെട്ടു.
ഇവർ ഇങ്ങനെ ദുരാലോചനകൾ ചെയ്തുകൊണ്ടിരിക്കെ
സൎവ്വജ്ഞനായ ഈശ്വരൻ അവരുടെ ദുരുദ്ദേശങ്ങളെ
നബിയേ അറിവിച്ചു. അന്നു രാത്രി അദ്ദേഹം തന്റെ
മെത്തയിൽ കിടക്കരുതെന്ന് അദ്ദേഹത്തിനു വെളിപാടു
ണ്ടായി. അതിനാൽ അലിയെ വിളിച്ച് തനിക്കുവേണ്ടി
ഒരു മെത്ത മാത്രം വിരിച്ചേക്കാൻ ആജ്ഞാപിച്ചു. നബി
യുടെ കൈവശത്തിൽ വിശ്വാസപൂൎവ്വം അന്യരാൽ ഏല്പി
ക്കപ്പെട്ടിരുന്ന നിരവധി സ്വത്തുക്കൾ ഉണ്ടായിരുന്നു. അ
വയെ രക്ഷിച്ച് യഥാകാലം അവരവൎക്ക് തിരിച്ചു കൊടു
ക്കേണ്ടതാണല്ലോ. അതിനാൽ അവിടെ അന്നു താമസി
ക്കുന്നതിനും അടുത്തദിവസം രാവിലെ ആ സ്വത്തുക്കളെ
ഉടമസ്ഥന്മാരെ ഏൾപ്പിച്ചിട്ട് മദീനത്തിലേയ്ക്കു തന്നെ
അനുഗമിക്കുന്നതിനും അലിയോട് അദ്ദേഹം ഏൎപ്പാടു
ചെയ്തു. ദൈവശാസനം ലഭിച്ചതിനാൽ മെദീനത്തേക്കു
പുറപ്പെടുന്നതിനു വേണ്ട ഒരുക്കങ്ങൾ ചെയ്വാനായി അ
ദ്ദേഹം അബുബേക്കറിനേയും ചുമതലപ്പെടുത്തിയിരുന്നു.

ആ കൃത്യം യഥായോഗ്യം നിർവഹിച്ചിട്ട് ആ ഭക്തൻ ചോദിച്ചു:—"ഞാൻ കൂടെ വരട്ടെയോ?" 'അങ്ങനെ തന്നെ' എന്നു വിശുദ്ധ നബി സമ്മതിച്ചപ്പോൾ അദ്ദേഹം ആനന്ദവാരിധിയുടെ മറുകര കണ്ടു.

നേരം സന്ധ്യ കഴിഞ്ഞു. ഭൂമിയിൽ അന്ധകാരം വ്യാപിച്ചു. അകത്തുംഇരുളടഞ്ഞ ഖുറൈഷികൾ ഖഡ്ഗപാണികളായി നബിയുടെ ഗൃഹത്തെ വളഞ്ഞു. ആരെയും അയാളുടെ ഗൃഹത്തിനുള്ളിൽ വച്ചു നിഗ്രഹിച്ചുകൂടെന്നാണ് അറേബിയൻ ധമ്മശാസ്ത്രം വിധിച്ചിരുന്നത്. നിക്ഷേപസ്വത്തുക്കളെ തിരിച്ചു കൊടുക്കാൻ നിയുക്തനായിരുന്ന അലി നബിയുടെ ശയ്യയിൽ കിടന്നിരുന്നു. നബിയാകട്ടെ കൊലയാളികളാരും അറിയാതെ അവരുടെ ഇടയിൽക്കൂടിത്തന്നെ വെളിക്കു കടന്ന് ഒട്ടകങ്ങളേയും തയ്യാറാക്കി നിത്തിക്കൊണ്ട് അല്പം അകലെയായി നിന്നിരുന്ന അബുബെക്കറിന്റെ സമീപത്തെത്തി. ഒട്ടും സമയം കളയാതെ രണ്ടുപേരും മെദീനയ്ക്കു യാത്രയുമായി.

രണ്ടു മൂന്നു മൈൽ തരണംചെയ്തപ്പോൾ അവർ സൗവർ എന്ന ഗുഹയ്ക്കു സമീപം പ്രാപിച്ചു. അബുബേക്കർ ആദ്യമായി അതിനുള്ളിൽ കടന്ന് അവിടം മഴവനും വൃത്തിയാക്കി. അതിന്റെ വിടവുകൾ ഭദ്രമായി അടച്ചു. അനന്തരം നബിയും അതിൽ പ്രവേശിച്ചു. ഈ ഗുഹയും ഇസ്ലാം ചരിത്രത്തിൽ സുപ്രസിദ്ധമായി. ആദ്യമായി വെളിപാടുണ്ടായത് ഹിറാഗുഹയിലാണെങ്കിൽ, ഇസ്ലാം പുനർജീവിച്ചത് സൗവ്വർ ഗുഹാന്തരത്തിൽ വച്ചാകുന്നു.

നബി ഇപ്രകാരം ഓടിപ്പോയ ദിവസം ഒരു പുണ്യദിനമായി മുസൽമാന്മാർ ഗണിച്ചുപോരുന്നു. ഈ സംഭവത്തിൽ നിന്നാണ് ഹിജിറാ എന്ന മുസ്ലീംവഷം ആരംഭിച്ചത്.

അടുത്ത ദിവസം പ്രഭാതംവരെ ഭടന്മാർ നബിയുടെ ബഹിർഗ്ഗമനത്തെ പ്രതീക്ഷിച്ചുനിന്നു. എന്നാൽ നേരം വെളുത്തപ്പോൾ അലി ശയ്യയിൽ നിന്നു എണീററു വരുന്നതാണ് അവർ കണ്ടത്. ഇതെന്തൊരു മറിമായം എന്ന് അവർ വിസ്മയിച്ചു. അവർ എല്ലായിടത്തും പരിശോധിച്ചു. പക്ഷേ ഒരു ഫലവും ഉണ്ടായില്ല.

മൂന്നഹോരാത്രം മുഴുവനും നബി ഗുഹയ്ക്കുള്ളിൽ അധിവസിച്ചു. ശത്രുക്കൾ ഈ ഗുഹയ്ക്കകത്തുവച്ച് തങ്ങളെ കണ്ടുപിടിച്ചു നിഗ്രഹിച്ചേക്കുമോ എന്നു അബൂബേക്കർ ഭയപ്പെട്ടു. എന്നാൽ നിരാശാഭരിതമായ ഈ അവസരത്തിലും നബിയുടെ അധരപുടത്തിൽ നിന്നും അമൃതോപമം നിർഗ്ഗമിച്ച വാക്കുകൾ ഇതായിരുന്നു:—

"നിങ്ങൾ ഖേദിക്കരുത്. നിശ്ചയമായും അള്ളാ നമ്മുടെ കൂടെ ഉണ്ട്".

ഹാ! എന്തൊരു അചഞ്ചലവിശ്വാസം! അതു നിശ്ചയമായും കേവലം മനുഷ്യനായ നബിയുടെ വാക്കുകളായിരുന്നിരിക്കയില്ല. തന്റെ മാർഗ്ഗത്തെ ഏകാവലംബമായി കരുതി പിന്തുടർന്നുകൊണ്ടിരുന്ന ആ പരമ ഭക്തന്റെ തപ്തഹൃദയത്തെ സമാശ്വസിപ്പിക്കാനായി പരമകാരുണികനായ അള്ളാ തന്നെ അദ്ദേഹത്തിന്റെ ജിഹ്വാഗ്രം വഴിക്ക് അരുളിച്ചെയ്തതായിരിക്കണം.

SMARAKA GRANDHA
REG NO: 3273
VENGANOOR P.O.

നബി ഗുഹയ്ക്കുള്ളിൽ ഇരുന്ന കാലമൊക്കെയും വെളിയ്ക്കു നടന്നുകൊണ്ടിരുന്ന കാര്യങ്ങളെ അദ്ദേഹത്തെ ധരിപ്പിച്ചുകൊണ്ടിരുന്നത്, അബുബേക്കരുടെ മകനും ആഹാരസാധനങ്ങൾ ഗൂഢമായി എത്തിച്ചുകൊടുത്തത് അയാളുടെ പുത്രിയും ആയിരുന്നു.

ഖുറൈഷികളുടെ അന്വേഷണം നിർത്തി അന്തരീക്ഷം ഒരുവിധം ശാന്തമായതിന്നു ശേഷമേ നബിയും ബേക്കരും ഗുഹവിട്ട് വെളിയിൽ വന്നുള്ളു. അനന്തരം അവർ യാത്ര തുടൻ. ആ യാത്ര അതീവക്ലേശകരമായിരുന്നെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. നബിയെ പിടിച്ചു കൊടുക്കുന്നയാൾക്ക് നൂറു ഒട്ടകങ്ങൾ സമ്മാനിക്കാമെന്ന് ഖുറൈഷികൾ പരസ്യം ചെയ്തിരുന്നു. ആ സമ്മാനം തട്ടിയെടുക്കുന്നതിന് ശ്രമിച്ചുകൊണ്ടിരുന്നവരുടെ കൂട്ടത്തിൽ സുറാകപാ-ബിൻ-ചാലിക് എന്നൊരാൾ ഉണ്ടായിരുന്നു. മൂന്നുപേർ ഒട്ടകത്തിൽ കയറി മദീനയ്ക്കു യാത്രചെയ്യുന്നതായി കണ്ടുവെന്നൊരാൾ അയാളെ അറിവിച്ചു. ഉടൻതന്നെ ബലിഷ്ഠശരീരനായ അയാൾ കവചവും ആയുധങ്ങളും ധരിച്ച് അതിവേഗം പായുന്ന ഒരു കുതിരപ്പുറത്തു കയറി ആ വഴിക്കു യാത്രതുടങ്ങി. മദ്ധ്യേമാർഗ്ഗം കുതിരയുടെ കാൽ തട്ടി അയാൾ നിലം പതിച്ചു. അറബികൾ അന്ധവിശ്വാസികളായിരുന്നെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. യാത്ര തുടരുന്നതു ശോഭനമാണോ എന്നറിവാനായി അയാൾ കുറിയിട്ടു നോക്കി. പിന്തിരിയുന്നതാണ് ഉചിതം എന്നു കുറി വീണു. എന്നിട്ടും അതിനെ വകവയ്ക്കാതെ അയാൾ കുതിരയെ പായിച്ചു. വീ

ണ്ടും കുതിര വീണു. അപ്പോഴും കുറി നോക്കിയതിൽ പി ന്തിരിയേണം എന്നുതന്നെ കണ്ടു. എന്നിട്ടും അയാരം വകവച്ചില്ല. അയാരം നബിയോട് ഏകദേശം അടുത്തു. ഒരു ശരം തൊടുത്തു വലിച്ച മാത്രയിൽ കുതിര വീണ്ടും വീണുപോയി. ഇത്തവണ കുതിരയുടെ കാൽ മണ്ണിൽ പുതഞ്ഞുപോകയും ചെയ്തു. "നബിയുടെ മതം വിജയി ക്കണമെന്നാണ് ഈശ്വര സങ്കല്പം" എന്നു അയാരംക്കു തോന്നി. കൊല്ലാൻ പുറപ്പെട്ട അയാരം നബിയുടെ ശിഷ്യനായിത്തീൎന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ ? ആ മനുഷ്യൻ എരിയുന്ന ഹൃദയത്തോടുകൂടി നബിയുടെ അടു ക്കൽ ചെന്ന് താൻ ചെയ്തുപോയ അപരാധത്തെ ഏററു പറകയും തനിക്കു മാപ്പു തരണമെന്നപേക്ഷിക്കയും ചെയ്തു. നബി അയാളെ അനുഗ്രഹിച്ചു; എന്നുമാത്രമല്ല ഒരു കാലത്ത് ഈ സുറാഖ്വാ പെൎഷ്യാ രാജാവിൻെറ സുവ ൎണ്ണകങ്കണം ധരിക്കാനിടയാകുമെന്നും പ്രവചിച്ചു. ഇരു പത്തിനാലു വൎഷങ്ങരംക്കു ശേഷം ആ പ്രവചനം ഫ ലിച്ചു. അന്നു പെൎഷ്യാ രാജ്യം ഇസ്ലാമിന് സ്വാധീന പ്പെട്ടു. ഉമ്മർ ഖലീഫായി. സുറാഖ്വായെ ആളയച്ചു വരുത്തി. പേൎഷ്യൻ രാജാവായിരുന്ന കോസ്രോസിൻെറ സ്വൎണ്ണകങ്കണങ്ങരം അയാരംക്ക് സമ്മാനിച്ചു.

നബി മെദീനയിൽ ചെന്നുചേൎന്നതിൽപിന്നെ ഒരു പതിന്നാലു വൎഷങ്ങരംക്കുള്ളിൽ ഇസ്‌ലാം മതത്തിന് എന്തൊരു അത്ഭുത വികാസമാണ് ഉണ്ടായത്!

എട്ടു ദിവസംകൊണ്ട് നബിയും കൂട്ടരും മദീനയിൽ എത്തി. അവർ മക്കത്തു നിന്നു പുറപ്പെട്ടിരിക്കുന്നു എ

ന്നുള്ള വാർത്ത അന്നാട്ടുകാർ നേരത്തേ അറിഞ്ഞിരുന്നു. അവർ നഗരത്തിനു മൂന്നു മൈൽ അകലെയായി സ്ഥിതി ചെയ്യുന്ന കപാബാ എന്ന സ്ഥലത്ത് എത്തിയിട്ട് അമ്രു-ബിൻ-ഓഫ് എന്നയാളിൻെറ അതിഥികളായി താമസിക്കവേ നിരവധി മുസ്‌ലീമിങ്ങൾ തദ്ദർശനാർത്ഥം അവിടെ തിക്കിക്കൂട്ടി. അവിടെ അവർ പതിന്നാലു ദിവസം താമസിച്ചു. ആദ്യത്തെ ഇസ്‌ലാം പള്ളി അന്നു പണിതുടങ്ങി. നബിയും കൂട്ടരും കൂടിയാണു പണി ആരംഭിച്ചത്. എല്ലാവരും വെറും വേലക്കാരെപ്പോലെ സ്വന്ത കൈയ്യ് ഉപയോഗിച്ച് വേലചെയ്തുണ്ടാക്കിയ ആ പള്ളിക്ക് ഭക്തിയിന്മേൽ കെട്ടി പൊക്കിയ പള്ളി എന്ന പേർ സിദ്ധിച്ചു.

പ്രസ്തുത പള്ളിയുടെ ഉൽഘാടനാനന്തരം അദ്ദേഹം മദീനാ നഗരത്തിൽ പ്രവേശിച്ചു. നിരവധിജനങ്ങൾ വസ്ത്രാലങ്കാരഭൂഷിതരായി അവിടെ കൂടിയിരുന്നു. അവരെല്ലാം അദ്ദേഹത്തിന് സ്വാഗതം അരുളി. സ്ത്രീ ജനങ്ങൾ പ്രാസാദോപരി നിന്നുകൊണ്ട് സ്വാഗതഗീതങ്ങൾ പാടി. അദ്ദേഹത്തിനെ സ്വഗൃഹത്തിൽ പാർപ്പിക്കണമെന്നുള്ള മോഹത്തോടുകൂടി പുരുഷാരം അഹമഹമികയാ മുന്നോട്ടുവന്നു. അതിനാൽ നബി പറഞ്ഞു :—"എൻെറ ഒട്ടകത്തെ കടിഞ്ഞാണയച്ചുവിട്ടാൽ അത് എവിടെ ചെന്നു നില്ക്കുന്നുവോ അവിടെ ഞാൻ പാർക്കുന്നതാണ്." ആ ഒട്ടകം അബു അയ്യൂബിൻെറ ഗൃഹത്തിനു മുമ്പിലാണു ചെന്നു നിന്നത്. അതിൻെറ മുൻവശം അനാഥബാലന്മാരുടെ വകയായിരുന്നു. അവിടം പള്ളി പണിയിക്കുന്നതിനു വിട്ടുകൊടുപ്പാൻ തങ്ങൾക്കു സമ്മതമാണെന്നു ആ

ബാലന്മാർ പറഞ്ഞു. എന്നാൽ വെറുതേ വാങ്ങാൻ നബിയ്ക്കു സമ്മതമില്ലായ്കയാൽ അവക്കു വിലവാങ്ങാതെ നിവൃത്തിയില്ലാതെയായി. ഇങ്ങനെ അവിടെയും ആഡംബരശൂന്യമായ ഒരു പള്ളി പണിയിക്കപ്പെട്ടു.

മെക്കയിൽ നിന്ന് അഭയാൎത്ഥികളായി പലരും ഇവിടെ വന്നുചേൎന്നിരുന്നു. അവരെയും അദ്ദേഹത്തിൻെറ പുതിയ സഹായികളെയും ചേൎത്ത് അദ്ദേഹം ഒരു ഭ്രാതൃസംഘം രൂപവൽക്കരിച്ചു. അഭയാൎത്ഥികളിൽ ഓരോരുത്തനെ ഓരോ സഹായിയും സ്വഭ്രാതാവെന്ന നിലയിൽ തൻെറ ഗൃഹത്തിൽകൊണ്ടുപോയി പാൎപ്പിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ വ്യവസ്ഥ. കൃഷിഭൂമികൾ പോലും അവൎക്ക് പങ്കിട്ടുകൊടുക്കാൻ ഈ നവസഹായികൾ സന്നദ്ധരായി. എന്നാൽ മക്കത്തുകാൎക്കു കൃഷിപരിചയം ഇല്ലാതായിരുന്നതിനാൽ അവരുടെ പങ്കു മദീനത്തുകാർ തന്നെ കൃഷിചെയ്തു ആദായം അവൎക്കു നൽകി. ഇങ്ങനെ ഒരു സഹോദരസംഘം മറെറവിടെ എങ്കിലും ഉണ്ടായിട്ടുണ്ടോ ? സാധാരണജനങ്ങൾ കൂടപ്പിറന്ന സഹോദരങ്ങളോടു കാണിക്കാത്ത സൗജന്യമാണ് ഈ പുതിയ സഹായികൾ അഭയപ്രാൎത്ഥികളോടു കാണിച്ചത്.

ഒരിക്കൽ മദീനത്ത് വലുതായി ക്ഷാമബാധ നേരിട്ടു. പെട്ടെന്നു ആഗതനായ ഒരു അതിഥിയ്ക്കു നല്കാൻ നബിയുടെ ഗൃഹത്തിൽ യാതൊന്നും ഉണ്ടായിരുന്നില്ല. അതിനാൽ അയാളെ തൻെറ സഹചരന്മാരിൽ ഒരാളായ അബൂതൻഹായുടെ വീട്ടിലേക്കു കൊണ്ടുചെന്ന് അയാൾക്കു ആഹാരം കൊടുപ്പാൻ അപേക്ഷിച്ചു. അബൂതൻ

ഹായുടെ സ്ഥിതിയോ? അവിടെ തൻെറ കുട്ടികൾക്കു കഴിച്ചു കൊടുപ്പാനുള്ള ആഹാരസാധനങ്ങളേ ഉണ്ടായിരുന്നുള്ളു. അതിനാൽ ആ സംഗതി വെളിപ്പെടുത്താതിരിക്കുന്നതിനുവേണ്ടി വിളക്ക് അണച്ചു കളഞ്ഞിട്ടു ഉണ്ടായിരുന്നതെല്ലാം അതിഥിക്കു വിളമ്പിക്കൊടുത്തു.

നബി മദീനയിൽ മൂന്നാമതായി ചെയ്ത സംഗതി അവിടെ കുടിപാൎത്തിരുന്നവരെ എല്ലാം ചേൎത്തിണക്കുക എന്ന മഹനീയ കൃത്യമായിരുന്നു. മുസ്ലിമീങ്ങളും യൂദന്മാരും തമ്മിൽ ദൃഢമായി ഒരു സന്ധിക്കരാറ് അദ്ദേഹം ചെയ്യിച്ചു. ഇരുകൂട്ടരും തങ്ങളുടെ മതത്തെ നിർബാധം അനുസരിച്ചുകൊണ്ടു് സഹോദരഭാവേന വൎത്തിക്കുന്നതിന് ഈ സന്ധി പ്രേരകമായിത്തീൎന്നു. ശത്രുക്കൾ മെദീനാ ആക്രമിച്ചാൽ രണ്ടുകൂട്ടരും ഒന്നു ചേൎന്ന് അവരോടു പോരാടുന്നതിനും, ഒരു കാരണവശാലും മദീനത്തു രക്തം ചിന്താതെ സൂക്ഷിക്കുന്നതിനും തൎക്കം വല്ലതും ഉണ്ടായാൽ ഇരു കൂട്ടരും നബിയെ മദ്ധ്യസ്ഥനായി ഗണിക്കുന്നതിനും ഈ കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു.

# അദ്ധ്യായം ൧൨.

---

## ഇസ്ലാം യുദ്ധങ്ങൾ.

നബിയ്ക്കു യുദ്ധത്തിനോടു കഠിനമായ വെറുപ്പാണു ണ്ടായിരുന്നതു്. എന്നിട്ടും മുസ്ലിമീങ്ങൾക്കു യുദ്ധത്തിൽ ഏൎപ്പെടേണ്ടതായി വന്നുകൂടി. മക്കത്തുകാർ മെദീനയിൽ നിർബാധം താമസിച്ചിരുന്ന ഇസ്ലാംകാരെ നശിപ്പിക്കുന്ന തിനു തക്കം നോക്കിയിരിക്കയായിരുന്നു. അവൎക്കു മെദീന യിൽ തന്നെ ഒരു ബന്ധുവിനെ ലഭിച്ചു. നബിയുടെ ആവിൎഭാവംവരെ മദീനാപട്ടണനിവാസികളുടെ അധിനാ യകത്വം അബ്ദുല്ല ബിൻ ഉബൈക്കായിരുന്നു. ആ സ്ഥാ നം നഷ്ടപ്പെട്ടു പോയതിൽ അദ്ദേഹത്തിനു നബിയോടും കൂട്ടരോടും വിദ്വേഷം ജനിച്ചു. എന്നാൽ ജനങ്ങളിൽ ഒരു പ്രധാന വിഭാഗം നബിക്കനുകൂലമായിരുന്നതിനാൽ, അയാൾക്കു നേരെ പകവീട്ടാൻ സാധിക്കാതെ വന്നു. ഖുറൈഷികളുടെ പ്രേരണ എത്രതന്നെയുണ്ടായിട്ടും അയാൾ ആക്രമണത്തിനു മുതിൎന്നില്ല. അതിനാൽ അവർ മക്കത്തിനും മദീനയ്ക്കും ഇടയ്ക്കുള്ള ദേശക്കാരെ ഇളക്കാൻ നോക്കി. അതു ഫലിച്ചു എന്നു് അറിഞ്ഞപ്പോൾ, മുസ്ലിമീ ങ്ങൾക്കു ആത്മരക്ഷണാൎത്ഥം ആയുധം ധരിക്കാതെ നിവൃ ത്തിയില്ലാതെ വന്നു. നാലുപാടും ശത്രുക്കളാൽ ഞെരുക്ക പ്പെട്ടിരുന്നതിനാൽ, നബിയുടെ ആളുകൾ ആപന്നിവാര ണത്തിനുള്ള മാൎഗ്ഗങ്ങൾ ആലോചിച്ചു തുടങ്ങി. തന്മദ്ധ്യേ ആത്മരക്ഷാൎത്ഥം ആയുധം ധരിച്ചുകൊള്ളുന്നതിനു നബി

യും ദൈവികാനുമതിയും ലഭിച്ചു. എന്നാൽ "നിങ്ങളോടു യുദ്ധം ചെയ്യാൻ വരുന്നവരോട് അല്ലാവിൻെറ നാമത്തിൽ പോരാടിക്കൊള്ളുക. ഒരിക്കലും അതിരു കടന്നു പോകയുമരുത്" എന്നായിരുന്നു ഈശ്വരാജ്ഞ. അതുകൊണ്ട്, ആത്മരക്ഷാർത്ഥമായിട്ടു മാത്രമേ യുദ്ധത്തിൽ ഏൎപ്പെടാവു എന്നും, യുദ്ധത്തിൽ ആത്മനിയന്ത്രണം അപേക്ഷിതമാണെന്നും, ശത്രുക്കൾ സമാധാനത്തിന് ആഗ്രഹമുണ്ടെന്നു വെളിപ്പെടുത്തുന്ന നിമിഷത്തിൽ യുദ്ധം നിൎത്തണമെന്നും ആയിരുന്നു ഖുറാനിലെ വിധി. ആ വിധിയെ അക്ഷരം പ്രതി അനുവൎത്തിക്കയല്ലാതെ സ്വയം ഒരു യുദ്ധത്തിലും നബി ചാടുക ഉണ്ടായിട്ടില്ല. വാളിൻെറ അഗ്രത്തിൽ സ്വമതം പ്രചരിപ്പിച്ചു എന്നു ചില ചരിത്രകാരന്മാർ നബിയെപ്പററി പ്രസ്താവിച്ചിട്ടുള്ളതു പരമാൎത്ഥമല്ല.

ശത്രുക്കളുടെ ആക്രമണം അസന്ദിഗ്ദ്ധമാണെന്നു കണ്ടതിനുശേഷം,തന്നിരോധാൎത്ഥം വേണ്ടകരുതലുകളേ നബി ചെയ്യുകയുണ്ടായുള്ളു. ഒന്നാമതായി അദ്ദേഹം ബെദുയിൻ വൎഗ്ഗക്കാരുമായി ഒരു സന്ധിചെയ്തേതീരു എന്നുകണ്ടു. അതിലേക്കും നിഷ്പക്ഷനിലവരിക്കുന്നതിനു ചിലവൎഗ്ഗക്കാരെ പ്രേരിപ്പിക്കുന്നതിനും ശത്രുക്കളുടെ യഥാൎത്ഥനില സൂക്ഷിച്ചറിയുന്നതിനും വേണ്ടി ഗ്രൂഢചാരന്മാരെ അദ്ദേഹം നിയോഗിച്ചു. അവരുടെ ഈ മുൻകരുതലുകളാണ് ശത്രുക്കളുടെ ആക്രമണത്തിൽനിന്നു തൽക്കാലത്തേക്കെങ്കിലും മദീനയെ ഒഴിച്ചുനിൎത്തിയതു്. എന്നാൽ മക്കത്തുള്ളവർ ഗ്രൂഢമായിട്ടു വേണ്ട യുദ്ധസന്നാഹങ്ങൾ ചെയ്തു കഴിഞ്ഞി

രുന്നു. പെട്ടെന്നു യുദ്ധമുണ്ടായാൽ സിറിയായിലേക്കു പോകുന്ന ഖുറൈഷീവ്യാപാരികൾക്കു മദീനാനിവാസികളിൽനിന്ന് പല അനത്ഥങ്ങൾ നേരിട്ടേയ്ക്കും എന്നുള്ള ശങ്കയും അവക്കുണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ മദീന ഈ രണ്ടുദേശങ്ങൾക്കും മദ്ധ്യേയാണ് സ്ഥിതിചെയ്യുന്നത്.

അങ്ങനെ ഇരിക്കെ ഹിജിരാബ്ദം രണ്ടാമാണ്ട് അബ്ദുള്ളാബിൻ ജിഷ് എന്ന ആളിൻെറ നേതൃതചത്തിൽ അയക്കപ്പെട്ടിരുന്ന പയ്യവേക്ഷകസംഘം സിറിയായിൽനിന്നു തിരിച്ചുവരുന്ന ഏതാനും ഖുറൈഷികളെ കാണ്മാൻ ഇടയായി. അയാൾ ഉടനെതന്നെ നബിയുടെ ആജ്ഞയ്ക്കു വിപരീതമായി അവരെ നിഗ്രഹിച്ചു. ഇതറിഞ്ഞപ്പോൾ നബി അയാളെ കഠിനമായി ശാസിച്ചുവെങ്കിലും അതുകൊണ്ടെന്തു പ്രയോജനം? ഖുറൈഷികൾ യുദ്ധത്തിന് ഒരുങ്ങി. ഇങ്ങനെയാണ് ബദരിലെ യുദ്ധം നടന്നത്.

സംഖ്യയിൽ മുസ്ലിം സൈന്യം ശത്രുക്കളുടെ എണ്ണത്തിൻെറ മൂന്നിലൊരുഭാഗമേ ആയിരുന്നുള്ളു. എന്നിട്ടും വിജയം നബിയുടെ അനുയായികൾക്കു ലഭിച്ചത് ഈശചരകൃപകൊണ്ടു മാത്രമായിരുന്നു. പലേ ഖുറൈഷീപ്രഭുക്കന്മാർ പോക്കളത്തിൽ വീണു; അബുജഹാലും നിഗ്രഹിക്കപ്പെട്ടു.

ഈശചരൻ ദുബ്ബലന്മാക്കു ഹസ്താവലംബം നൽകുന്നു; അവരിൽ മുമ്പില്ലാതിരുന്ന ശക്തി അങ്കുരിപ്പിക്കുന്നു. അതു കേവലം. സംഖ്യവഴിക്കോ ആയുധംവഴി

യ്യോ ഉള്ള ശക്തിയല്ല. ആ ശക്തി ലൗകികശക്തിയെ തോല്പിക്കുന്നു.

യുദ്ധത്തിൽ ബന്ധനസ്ഥന്മാരാക്കപ്പെട്ടവരോടു മുസ്ലിമീങ്ങൾ ദയാപൂർവം പെരുമാറിയതു കണ്ടപ്പോൾ അവർ അത്ഭുതപരവശരായിച്ചമഞ്ഞു. ചിലർ അതുനിമിത്തം മുസ്ലീം ധർമ്മം കൈക്കൊള്ളുന്നതിനും പ്രേരിതരായി. തങ്ങളുടെ ശത്രുക്കളോടു പക വീട്ടുന്നതിന് ഒരു നല്ല അവസരം ലഭിച്ചിട്ടും അവർ അതിനെ ദുർവിനിയോഗം ചെയ്തില്ല. മക്കത്തുവച്ച് തന്റെ വാക്ചാതുരി മുഴുവനും മുസ്ലിം ധർമ്മത്തിന്റെ പ്രചരണത്തെ തടയുന്ന വിഷയത്തിൽ പ്രയോഗിച്ചുവന്ന ഒരു വാഗ്മിയെ ബന്ധനസ്ഥനാക്കി നബിയുടെ മുമ്പിൽ കൊണ്ടുവന്നു. ഇസ്ലാമിനു വിപരീതമായി ഇനി പ്രവർത്തിക്കാതിരിക്കത്തക്കവണ്ണം അയാളുടെ പല്ലുകളിൽ രണ്ടെണ്ണം അടിച്ചുകളയണമെന്ന് ഒരാൾ അഭിപ്രായപ്പെട്ടു. അതുകേട്ടു നബി അരുളിച്ചെയ്തു :— "അയാളുടെ ശരീരത്തിന് ഞാൻ അംഗവൈകല്യം വരുത്തുന്നതായാൽ ദൈവം എന്നെയും വികലാംഗനാക്കിത്തീർക്കും."

ഈ യുദ്ധം ഖുറൈഷികളുടെ ശക്തിക്കു വല്ലതായ ഹാനിവരുത്തി ; ഇസ്ലാം അത്രയ്ക്കു പ്രബലീഭവിക്കയും ചെയ്തു.

അബുജഹാൽ വധിക്കപ്പെടുകയാൽ അബു സുഫിയാൻ എന്നയാൾ നായകപദം സ്വീകരിച്ചു. ഇസ്ലാമിനോട്ട് പക വീട്ടിയിട്ടേ അടങ്ങു എന്ന് അയാൾ ശപഥം ചെയ്തു. ഒരു കൊല്ലം കഴിഞ്ഞു് അദ്ദേഹം മൂവായിര

ത്തിൽ പരം ഭടന്മാരോടുകൂടി മദീനത്തേക്കു തിരിച്ചു.
ഷൗവാൻമാസം ൯-ാംതീയതി തന്നഗരത്തിനു മൂന്നു
മൈൽ വടക്കുള്ള ദാഹദ് കുന്നിൻെറ മറുവശത്തു ചെന്നു
പാളയം അടിച്ചിട്ടു് മേച്ചിൽ സ്ഥലങ്ങളെ ഓരോന്നായി
കൈവശപ്പെടുത്തി; വയലുകളിൽ വിളവുകളെല്ലാം കൊ
യ്തെടുത്തു കുതിരകൾക്കു കൊടുത്തു.

നബിയ്ക്കു് ഈ അവസരത്തിലും ഒരു സ്വപ്നമുണ്ടായി.
ഷൗവൻ ൧൦-ാതീയതി വെള്ളിയാഴ്ച അദ്ദേഹം അനുചര
ന്മാരെ വിളിച്ചു വരുത്തി ആ സ്വപ്നത്തിനെ വ്യാഖ്യാനിച്ചു
കേൾപ്പിക്കയും പട്ടണത്തിനുള്ളിൽ ഇരുന്നുകൊണ്ടു് ശത്രു
ക്കളെ നിരോധിച്ചാൽ മതിയെന്നു് ഉപദേശിക്കയുംചെയ്തു.
ബദറിലേ യുദ്ധത്തിനു ശേഷം ചതിക്കണമെന്നുള്ള ഏ
കോദ്ദേശത്തോടുകൂടി മാത്രം ഇസ്ലാം സ്വീകരിച്ച അബ്ദു
ള്ളാ-ബിൻ-ഉബൈയ്യും ഈ അഭിപ്രായക്കാരനായിരുന്നു.
എന്നാൽ ചോരത്തിളപ്പോടുകൂടി യുവജനങ്ങൾ യുദ്ധം
ചെയ്കതന്നെ വേണം എന്നു വാദിച്ചു. ഭൂരിപക്ഷം ജന
ങ്ങളും ആ അഭിപ്രായക്കാരായിരുന്നതിനാൽ നബിയും
അങ്ങനെ സമ്മതിച്ചു. ആയിരം പടയാളികളുടെ നേതൃ
ത്വം വഹിച്ചുകൊണ്ടു് അദ്ദേഹം മദീനയിൽ നിന്നു പുറ
പ്പെട്ടു. പട്ടണത്തിൽ നിന്നു അല്പം അകലെയുള്ള ഒരു
സ്ഥലത്തു രാത്രി കഴിച്ചുകൂട്ടി. നേരം വെളുത്തപ്പോൾ
അവർ വീണ്ടും യാത്ര തുടങ്ങി. ശത്രുക്കളെ കണ്ടമാത്രയിൽ
തന്നെ അബ്ദുള്ള മറുപക്ഷത്തു ചേൎന്നുകളഞ്ഞു. അതി
നാൽ മുസ്ലിം സൈന്യം എണ്ണത്തിൽ എഴുനൂറായിക്കുറ
ഞ്ഞുപോയി. അവരോ യുദ്ധപരിചയം കുറഞ്ഞുവരുമാ

യിരുന്നു. സൈന്യത്തിൽ ആളുകളെ ചേൎത്ത രീതി അത്യന്തം രസാവഹമാകുന്നു. പ്രായക്കുറവു നിമിത്തം ഒരു പയ്യനെ ആദ്യം സൈന്യത്തിൽ ചേൎത്തില്ല; അപ്പോൾ അവൻ, തനിക്കും വേണ്ടുവോളം നീളമുണ്ടെന്നു കാണിപ്പാനായി ശരീരം ഞെളിച്ചു പിടിച്ചുകൊണ്ട് വിരലിന്മേൽ എത്തിനിന്നുവത്രേ. അയാളുടെ ഉത്സാഹവും ചൊടിയും കണ്ട് അവനെയും അവർ സ്വീകരിച്ചു. പരലോകത്തേക്ക് ഒരു കാൽ ഊന്നിക്കഴിഞ്ഞ ഒരു പടുവൃദ്ധൻ മുമ്പോട്ടു വന്നിട്ട് ഇങ്ങനെ പറഞ്ഞു :— "അള്ളായുടെ പൂജ്യനബിയേ! ഞാൻ ശവക്കുഴിയുടെ വക്കിലെത്തിയിരിക്കുന്നു. അള്ളായുടെ നബിയുടെ രക്ഷക്കുവേണ്ടി യുദ്ധം ചെയ്യവേ, പ്രാണൻ നിന്നു പോകുന്നെങ്കിൽ എനിക്ക് അതു എത്ര മഹിമാഹേതുവായിരിക്കും."

ഇങ്ങനെ ചേൎത്ത സൈന്യമായിട്ടും ഒഹദിലെ യുദ്ധത്തിലും ഇസ്ലാം തന്നെ ജയിച്ചു. എന്താണു കാരണം? ഈശ്വരൻ എല്ലായ്പോഴും സത്യനിഷ്ഠന്മാരെ രക്ഷിക്കയും ദുഷ്ടന്മാരെ നിഗ്രഹിക്കയും ചെയ്യുന്നു. ഈ യുദ്ധത്തിൽ മുസ്ലിമീങ്ങൾ നിശ്ശേഷം പരാജിതരായി പോയേക്കുമെന്നുള്ള ഘട്ടംവരെയെത്തി; എന്നാൽ എങ്ങനെയോ പെട്ടെന്നു യുദ്ധഗതി അവൎക്കു അനുകൂലമായി ഭവിച്ചു. ഈശ്വരസഹായം എന്നല്ലാതെ മറെറാന്നും പറയാനില്ല. എന്നാൽ അവൎക്കു നേരിട്ട ആൾ നഷ്ടം വിപുലവും അപരിഹാൎയ്യവുമായിരുന്നു. നബിക്കുപോലും മുറിവേല്ക്കാൻ ഇടവന്നു. ഇതാണു രണ്ടാമത്തെ ഇസ്ലാംയുദ്ധം. ഇതു് അറബികളുടെ ഇടയിൽ വലുതായ അസംതൃപ്തി ജനിപ്പിച്ചു.

അവൎക്ക് ഇസ്ലാമിനോടുണ്ടായിരുന്ന വിദ്വേഷം പൂൎവ്വാധികം വൎദ്ധിച്ചു. എല്ലാവരും ഒന്നുചേൎന്ന് അവരെ ആക്രമിയ്ക്കുന്നതിനുതീൎച്ചപ്പെടുത്തി. യൂദന്മാർപോലും മുൻകരാറിനെ ലംഘിച്ച് ഖുറൈഷികളോടു ചേൎന്നു. ഇസ്ലാമിന്റെ കാലം അവസാനിച്ചെന്നുവിചാരിച്ച സമീപദേശക്കാർ പോലും അവരോടു വിരോധഭാവംകൈക്കൊണ്ടു. അതുകൊണ്ട് മദീനാനഗരത്തിന്റെ നില വളരെ ദയനീയമായിത്തീൎന്നു.

ഈ ഘട്ടത്തിൽ മുസ്ലിമിന് കരണീയമായി ഒന്നുമാത്രമേ ഉണ്ടായിരുന്നുള്ളു. യുദ്ധസന്നദ്ധത അപരിഹാൎയ്യമാണെന്നുവന്നു. മുസ്ലിമീങ്ങളും ശത്രുക്കളുമായി പിന്നിട്ട് പലേ ചെറുസമരങ്ങൾനടന്നു. എപ്പോഴും മുസ്ലിംസൈന്യത്തെ യുദ്ധസന്നദ്ധമായിത്തന്നെ നബി നിൎത്തിയിരുന്നതുകൊണ്ട് അവൎക്ക് വലിയ പരാജയം ഒന്നും നേരിടാതെ കഴിഞ്ഞു. ഇതൊക്കേ നയകൌശലംകൊണ്ടാണ് നബി സാധിച്ചത്. ശത്രുസൈന്യം വൎദ്ധിച്ചുവരുന്നതിന് ഇടവരുത്താതെ അതിനെ ഛിന്നിച്ചിതറിക്കുക എന്ന നയം ആണ് അദ്ദേഹം അവലംബിച്ചത്.

യുദ്ധത്തിൽ പൊതുവേ വിമുഖനെങ്കിലും അതു ഒഴിക്കാൻ തരമില്ലാതെ വന്നപ്പോൾ ഉത്തമസേനാപതിയ്ക്കു് അവശ്യംഉണ്ടായിരിക്കേണ്ട സൽഗുണങ്ങളും വിശുദ്ധനബിയിൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹം ആപത്തിനെ തൃണവൽഗണിച്ചുവെങ്കിലും വെറുതെ അതിൽച്ചെന്നുകടുങ്ങാൻ ഇഷ്ടപ്പെട്ടില്ല. താൻ അനുഭവിക്കാൻ തയാറില്ലാത്ത ഒരു ക്ലേശവും സഹാനുചരന്മാരെക്കൊണ്ട് അദ്ദേഹം

അനുഭവിപ്പിക്കാറില്ലായിരുന്നു. ആത്മരക്ഷയ്ക്കു പലായനമേ കൎത്തവ്യമായിട്ടുള്ളു എന്നുവന്ന ഘട്ടങ്ങളിൽപോലും അദ്ദേഹം അനുചരന്മാരെ സന്ത്യജിച്ചുപൊയ്ക്കളഞ്ഞിട്ടില്ല.

നബി ഇപ്രകാരം അറബിവൎഗ്ഗക്കാരുടെ ആക്രമണങ്ങളെ അമൎച്ചചെയ്തുകൊണ്ടിരുന്ന അവസരങ്ങളിലെല്ലാം ഖുറൈഷികൾ മദീന ആക്രമിയ്ക്കുന്നതിന്നുവേണ്ട സൈന്യശേഖരം ചെയ്യുന്നജോലിയിൽ ഏൎപ്പെട്ടിരിയ്ക്കയായിരുന്നു. ചില യൂദവൎഗ്ഗക്കാരും അവരോടുചേൎന്നു. ബദൂയിൻകാരേയും അവർ സ്വാധീനപ്പെടുത്തിക്കളഞ്ഞു. മദീനപട്ടണത്തിൽ കുടിയേറിപ്പാൎത്തിരുന്നവരും സമയാബദ്ധന്മാരും ആയ യൂദന്മാർപോലും ശത്രുപക്ഷംചേൎന്നു.

അഭൂതപൂൎവ്വമായ ഒരു മഹായുദ്ധം ആസന്നമായിരിക്കുന്നു എന്ന് നബി മനസ്സിലാക്കി. അതുകൊണ്ടു മദീനാനഗരിയുടെ രക്ഷയ്ക്കുവേണ്ട മുൻകരുതലുകളെല്ലാം അദ്ദേഹം ചെയ്തു. പട്ടണത്തിന്റെ ഒരു വശം നിമ്നോന്നതങ്ങളായ പാറകളും മറുവശം പ്രാകാരം എന്നു തോന്നിക്കത്തക്കവണ്ണം ദൃഢമായി കല്ലുകൊണ്ടു നിൎമ്മിക്കപ്പെട്ടിരുന്ന ഗൃഹങ്ങളും ആയിരുന്നതിനാൽ ആക്രമണം ഉണ്ടായേയ്ക്കാവുന്ന സ്ഥലങ്ങളിൽ കിടങ്ങുകൾ കുഴിച്ചു. പത്തുപേർവീതമുള്ള ചെറു സംഘങ്ങൾക്കായി ഈ ജോലി പങ്കിട്ടുകൊടുത്തു. നബിയും സാധാരണ വേലക്കാരനെപ്പോലെ ജോലി ചെയ്തു. അടിക്കടി അവരിൽ നിന്ന് ഈശ്വര പ്രാൎത്ഥനകൾ എഴുന്നു; ഉള്ളിൽനിന്ന് വല്ല ചതിയും ഉണ്ടായേക്കുമോ എന്നു ശങ്കിച്ചു സ്ത്രീകളേയും കുഞ്ഞുങ്ങളേയും ഉറപ്പുള്ള സ്ഥലങ്ങളിലേക്കു മാററിപ്പാൎപ്പിച്ചു.

ഒരു മാസത്തോളം ശത്രുക്കൾ നഗരത്തെ വളഞ്ഞു. ഒട്ടേറെ ദിവസങ്ങളിൽ നബിയ്ക്കും കൂട്ടർക്കും യാതൊരു ആഹാരവും ലഭിക്കാതെ വന്നുപോയി. എന്നിട്ടും അവരുടെ വിശ്വാസത്തിന് അണുപോലും കുറവു വന്നില്ല. ഒരുത്തൻ ശേഷിക്കുംവരെ ശത്രുക്കളെ നിരോധിച്ചു നില്ക്കുന്നതിന്നുതന്നെ അവർ നിശ്ചയിച്ചു. ആയോധനം തുടങ്ങുംമുമ്പ് ദ്വന്ദ്വയുദ്ധം ചെയ്യുക അറബികളുടെ ഇടയ്ക്കു നടപ്പുണ്ടായിരുന്നു. അതിലൊക്കെ മുസൽമാന്മാർ തന്നെ വിജയംതോന്നി. ആയിരം പേർക്ക് ഒരുത്തൻ എന്നു പ്രസിദ്ധി നേടിയ അമ്രു-ബിൻ-വുദ് എന്ന അറബി മല്ലൻ അലിയുടെ കൈയാൽ മരിച്ചു.

യുദ്ധം സമാരംഭിച്ചു. ഖുറൈഷികൾ അമ്പുകളും കല്ലുകളും തെരുതെരെ ചൊരിഞ്ഞു. ഇരുപതിനായിരത്തിൽപരം ശത്രുക്കളോടു ഒരു ചെറിയ മുസ്ലിം സൈന്യം എങ്ങനെ നേരിടും? എന്നാൽ അവർ പ്രകാശിപ്പിച്ച അതിമാനുഷമായ സ്ഥൈര്യവും ആയോധനാ ചാതുരിയും അത്ഭുതാവഹമായിരുന്നു. അതുകൊണ്ട് അവരുടെ ഉപരോധത്തെ ലംഘിക്കുന്നതിന് ഖുറൈഷികൾക്കു സാധിക്കാതെ വന്നു. അവർ വല്ലാതെ തളർന്നുവശായി. എന്നാലും ആഹാരാദികൾ ഇല്ലാതെ നബിയുടെ ആളുകൾ എത്ര കാലം കഴിക്കും? ഈശ്വരസഹായം ഒന്നുമാത്രമേ അവരെ രക്ഷിക്കുന്നതിന്നു പര്യാപ്തമായിരുന്നുള്ളൂ. "അപ്പോൾ നാം അവരുടെനേർക്കു ശക്തിയേറിയ കൊടുങ്കാററിനേയും അദൃശ്യമായ ഒരു സൈന്യത്തേയും അയച്ചു" (വി. ഖു.) ഖുറൈഷികൾ ഭയപരവശരായിച്ചമഞ്ഞു.

ആ രാത്രിതന്നെ അവർ നഗരോപരോധം നിൎത്തിയിട്ടു തങ്ങളുടെ പാട്ടിനുപോയി. മുസ്ലിമീങ്ങൾ ആഹ്ലാദഭരിതരായിട്ട് ഈശ്വരനെ സ്തോത്രം ചെയ്തു. ഈ യുദ്ധത്തെ അസാബിലെ യുദ്ധം എന്നു വിളിച്ചു വരുന്നു.

ഇതുകൊണ്ടും ഇസ്ലാമിൻെറ ദൃഢസ്ഥിതി നീങ്ങാറായില്ല. യൂദന്മാൎക്കു നബിയുടെ പേരിൽ വലുതായ അസൂയ ജനിച്ചു. ബാനു നാസിർ എന്നീ യൂദന്മാർ ഖുറൈഷികളോടു ചേൎന്നു നബിയെ കൊലപ്പെടുത്താൻ പോലും യത്നിച്ചു. അതിനാൽ മദീനത്തുകാർ യൂദന്മാരോടു ഒന്നുകിൽ ഉടമ്പടി പുതുക്കയോ അല്ലെങ്കിൽ മാറിത്താമസിക്കയോ ചെയ്തു കൊള്ളണമെന്നു നിർബന്ധിച്ചു. യൂദന്മാരിൽ ചിലർ കരാറു പുതുക്കി എങ്കിലും ബാനുനാസിർവൎഗ്ഗം പരസ്യശത്രുഭാവം കൈക്കൊണ്ടു. തന്നിമിത്തം മുസ്ലിമീങ്ങൾ അവരുടെ കോട്ടയെ വളഞ്ഞു. ഒടുവിൽ യൂദന്മാർ അവിടം വിട്ടു പൊയ്ക്കൊള്ളാമെന്നു പറകയാൽ യുദ്ധം അവസാനിപ്പിച്ചു.

ആ യൂദവൎഗ്ഗം മദിനായിൽ നിന്ന് ഇരുന്തുറു മൈൽ അകലെയുള്ള കൈബർ എന്ന സ്ഥലത്തു പോയി താമസിച്ചു കൊണ്ട് മുസൽമാന്മാൎക്കെതിരായി കൂട്ടുകെട്ടുകൾ ഉണ്ടാക്കി. അതുകൊണ്ട് അവരുമായി യുദ്ധം ചെയ്യാതെ തരമില്ലെന്നു വന്നു. പ്രത്യേകിച്ച് അസാബിലെ യുദ്ധത്തിൽ യൂദന്മാർ ഖുറൈഷികളെ സഹായിക്കയും ചെയ്തുവല്ലോ. ഇതെല്ലാം കൊണ്ടും മുസൽമാന്മാർ കൈബർ കോട്ട ആക്രമിച്ചു പിടിച്ചു. മററു ചില കോട്ടകളും അവൎക്കു സ്വാധീനമായി. ഒടുവിൽ അവർ നബിയോടു

സന്ധിക്കപേക്ഷിച്ചു. തങ്ങളുടെ ഭൂസ്വത്തുക്കളെ അവരുടെ കൈവശം തന്നെ വച്ചു കൊണ്ടിരിക്കാൻ അനുവദിക്കണമെന്നും ആദായത്തിൽ പകുതി മുസൽമാന്മാൎക്ക് കപ്പമായി കൊടുത്തുകൊള്ളാമെന്നും അവർ പറഞ്ഞു. നബി അങ്ങനെ തന്നെ സമ്മതിക്കയും ചെയ്തു. എന്നിട്ടും യൂദന്മാർ നബിയെ വധിക്കാനുള്ള ഗൂഢയത്നങ്ങളിൽ നിന്നും പിന്മാറിയില്ല. നബി അവരോടു കാണിച്ച ദയ വിഫലമായിത്തീൎന്നുപോയി.

അസാബിലെ യുദ്ധം കഴിഞ്ഞു് ഒരു സംവത്സരം ചെന്നപ്പോൾ താനും കൂട്ടരും കാബായിൽ തീൎത്ഥയാത്ര ചെയ്യുന്നതായി സ്വപ്നം കണ്ടു. അതിനാൽ ഹിജിറാ ആറാം വൎഷത്തിൽ നബി ൧൪൦൦-സഹചരന്മാരോടുകൂടി മക്കത്തേക്കു പുറപ്പെട്ടു. പട്ടണത്തിനു സമീപത്തെത്തിയപ്പോൾ ഖുറൈഷികൾ ശക്തി പ്രയോഗിച്ചു തടഞ്ഞു. മുസൽമാൻമാർ ആയുധം ധരിച്ചു കൊണ്ടല്ല തീൎത്ഥയാത്രയ്ക്കു പുറപ്പെട്ടതു്. അതിനാൽ ഹുദൈബാ എന്ന ദിക്കിലേക്കു മാറിത്താമസിച്ചു കൊണ്ടു് അവർ ഖുറൈഷികൾക്കു രണ്ടു മൂന്നു സന്ദേശങ്ങൾ അയച്ചു നോക്കി. എല്ലാം വിഫലമായതേയുള്ളു. എന്നാൽ തങ്ങളുടെ അവകാശസംരക്ഷണത്തിൽ നിന്നു ഇസ്ലാം പിന്മാറുകയില്ലെന്നു കണ്ടതിനോടുകൂടി തങ്ങൾക്കു് അനുകൂലമായ ഒരു ഉടമ്പടി ചെയ്യുന്നതിനുള്ള സന്നദ്ധതയെ ഖുറൈഷികൾ നബിയെ അറിവിച്ചു.

ഹുദൈബായിലെ സന്ധി വ്യവസ്ഥകൾ താഴെ ചേൎക്കുന്നു :—

(൫.) ഈയാണ്ടു തീൎത്ഥയാത്രക്കാർ തിരിച്ചു പോകണം.

(൨.) അടുത്ത കൊല്ലത്തിൽ അവൎക്കു തീൎത്ഥയാത്രയായി വരുന്നതിനു ബാധകമൊന്നുമില്ല. എന്നാൽ അവരാരും മൂന്നുദിവസത്തിൽ കൂടുതൽ മക്കത്തു താമസിച്ചുകൂട.

(൩.) മക്കത്തുള്ള ഒരു മുസ്ലിമിനെയും അവർ കൊണ്ടുപോകരുത്. അവരിൽ തന്നെയും ആൎക്കെങ്കിലും മക്കത്തു താമസിക്കാൻ ആഗ്രഹമുണ്ടെങ്കിൽ അവനെയും അവർ കൊണ്ടുപോകാൻ പാടില്ല. എന്നാൽ മെക്കാക്കാരിൽ ആരെങ്കിലും മദീനത്തു ചെല്ലുന്നപക്ഷം അവനെ തിരിയെ മക്കത്തുകാരെ ഏല്പിക്കണം.

പ്രഥമദൃഷ്ടിയിൽ ഇത്ര അപഹാസ്യമായ ഒരു കരാറിനു നബി സമ്മതിച്ചതിൽവച്ച് അദ്ദേഹത്തിൻെറ അനുയായികളിൽ പലൎക്കും കുണ്ഠിതംതോന്നി. അവരിൽ ചിലർ എതിർവാദംചെയ്യാതിരുന്നുമില്ല. ഖുറൈഷികളുടെ ദുശ്ശാഠ്യങ്ങളെല്ലാം നബി വകവച്ചുകൊടുത്തു.

എന്നാൽ അവരെല്ലാം മദീനത്തു തിരിച്ചുചെന്നതിനുശേഷം നബിക്ക് ഒരു വെളിവാടുണ്ടായി. "നിശ്ചയമായും നിനക്കു ഞാൻ പരിപൂൎണ്ണവിജയം നല്കിയിരിക്കുന്നു." ഈ വിവരം അദ്ദേഹം അനുയായികളെ അറിയിച്ചപ്പോഠം അവർ തങ്ങളുടെ മൌഢ്യത്തെ ഓൎത്തു ലജ്ജിച്ചു. താമസിയാതെ, ഈ കരാറു ഇസ്ലാമിൻെറ വിജയത്തിനാണ് കാരണമായതെന്നു പ്രത്യക്ഷപ്പെട്ടു. അതുനിമിത്തം അറബികഠംക്കു പരസ്പരം ഉണ്ടായിരുന്ന അകൽച്ച നശിക്കയും

മുസൽമാന്മാരുടെ സംഖ്യ അല്പകാലത്തിനുള്ളിൽ ബഹുഗുണം വർദ്ധിക്കുകയും ചെയ്തു. ഇങ്ങനെ യുദ്ധംകൊണ്ടു സാധിക്കാഞ്ഞതു സമാധാനത്താൽ സാധിച്ചു. പരാജയം വിജയമായി രൂപാന്തരപ്പെട്ടു.

---

# അദ്ധ്യായം ൧൩.

---

ഇസ്ലാം ധമ്മം അന്ന്യരാജ്യങ്ങളിലും പ്രചരിപ്പിക്കേണ്ടതാണെന്ന് നബി ഇപ്പോൾ ആലോചിച്ചു. അതനുസരിച്ചു ഈജിപ്ത്, റോം, പെഷ്യ, അബിസ്സീനിയ, മുതലായ രാജാക്കന്മാക്കെല്ലാം ഇസ്ലാംസന്ദേശം അയച്ചു. ഈജിപ്തിലെ രാജാവായ മുകൌകാസ് സന്ദേശഹരനെ ബഹുമാനപൂവ്വം സ്വീകരിക്കയും ഇസ്ലാം മതം കൈയേൾക്കയുംചെയ്തു. റോമാചക്രവത്തിക്ക് നബിയുടെ സന്ദേശം സ്വീകരിച്ചാൽകൊള്ളാമെന്ന് ആഗ്രഹം തോന്നിയെങ്കിലും ക്രൈസ്ത്യപട്ടക്കാരുടെ വൈപരീത്യംനിമിത്തം ആ ആഗ്രഹത്തെ നിറവേററിയില്ല. കോസ്സറോസ്സിനുള്ള സന്ദേശം വായിച്ച നിമിഷത്തിൽ ആ രാജാവ് കോപപരവശനായിച്ചമഞ്ഞു. 'അള്ളയുടെ നാമത്തിൽ മഹമ്മദിൽനിന്നു' എന്നു തൻെറപേരിൻെറ മുകളിൽ നബിയുടെ നാമധേയം ചേത്തിരുന്നതാണ് കോപകാരണം. ഉടൻതന്നെ അദ്ദേഹം യാമൻ ദേശത്തെ ഗവണ്ണക്ക് നബിയെ ബന്ധനസ്ഥനാക്കാൻ കല്പനകൊടുത്തു. ബാസൻ എന്നു പേരായ പ്രസ്തുത ഗവണ്ണർ അതിലേക്കു രണ്ടുപേരെ അയച്ചു. അവർ മദീനത്തുചെന്ന് തങ്ങളുടെ സന്ദേശം അറിവിച്ചപ്പോൾ രാജാവ് മരിച്ചുപോയല്ലോ എന്നു നബി മറുപടി പറഞ്ഞു. അവർ തിരിച്ചുചെന്നപ്പോൾ കായ്യം പരമാത്ഥമാണെന്ന്കണ്ടു് അവർ അത്ഭുതപ്പെട്ടു. ഗവണ്ണർ ഉടൻ തന്നെ ഇസ്ലാം സ്വീകരിച്ചു.

അറേബിയായിലെ ബസ്രാ രാജാവ് സന്ദേശഹരനെ കൊന്നു കളഞ്ഞു. ഇതിനെ പോർ വിളിയായി വ്യാഖ്യാനിച്ചു നബി അടിമയായിരുന്ന സയ്യിദിൻെറ കീഴിൽ മൂവായിരം പേരടങ്ങിയ ഒരു സൈന്യത്തെ അയച്ചു. നബിയും ഏതാനും ദൂരം അവരോടൊന്നിച്ചു യാത്ര ചെയ്തു. ഇതിനിടയ്ക്കു ൧൦൦൦൦൦ പേരെ ഷറാബിയിൽ തയ്യാറാക്കിക്കൊണ്ടു കൈസറും യുദ്ധത്തിനൊരുങ്ങി. മൃൂട്ടോ എന്ന സ്ഥലത്തുവച്ചു നടന്ന യുദ്ധത്തിൽ മൂന്നു ഇസ്ലാം സേനാപതിമാർ മരിച്ചുപോയി. ഒടുവിലത്തെ സേനാപതിയായ ഖാലിമിൻെറ സാമർത്ഥ്യത്താൽ മുസ്ലിം സൈന്യം രക്ഷപ്പെട്ടു.

അബിസീനിയൻ രാജാവായ നെഗസ് നബിയുടെ പത്രിക കിട്ടിയ ഉടനെ തന്നെ ഇസ്ലാം ധർമ്മം കൈക്കൊണ്ടു.

ഈ പത്രികകൾ എല്ലാം അയച്ചത് ഹിജിറാ ഏഴാം വർഷത്തിലായിരുന്നു.

ഹുദൈബിയിൽ വച്ച് സന്ധിചെയ്തുവെങ്കിലും ഖുറൈഷികളുടെ വിദ്വേഷം ശമിച്ചില്ല. ആ സന്ധിയുടെ വ്യാപ്തി അനുസരിച്ചു കുസാ എന്ന ജാതിക്കാർ മുസ്ലിമീങ്ങളുമായി സഖ്യം ചെയ്തു. അതുകണ്ടു് അവരുടെ ശത്രുക്കളായ ബാനുനസിർ വർഗ്ഗം മെക്കാക്കാരോടു ചേർന്ന് കുസാജാതീയരെ ആക്രമിച്ചു. അവർ നിർബ്ബന്ധപൂർവ്വം രക്തം ചൊരിച്ചൽ നിഷേധിക്കപ്പെട്ടിട്ടുള്ള ഹറാം ദേശത്തുചെന്ന് അഭയം പ്രാപിച്ചുവെങ്കിലും ശത്രുക്കൾ അവിടെ

കടന്നുചെന്ന് അവരെ വാളിന്നിരയാക്കി. അതുകൊണ്ട് നബി ഇടപെടേണ്ടതായി വന്നുചേൎന്നു. അദ്ദേഹം മുസൽമാന്മാരുടെ ബന്ധുക്കളെ എല്ലാം വിളിച്ചുകൂട്ടി മെക്കായെ ആക്രമിക്കാൻ തന്നെ തീൎച്ചപ്പെടുത്തി. മെക്കാ ദേശീയരും സമരോദ്യമങ്ങൾ ചെയ്തു. എട്ടാം വൎഷം റംസാൻ മാസം ൧൦-ാം തീയതി നബി പതിനായിരം പുണ്യാത്മാക്കളുടെ നേതൃത്വത്തിൽ മെക്കയ്ക്കു പുറപ്പെട്ടു. അത്ഭുതം! മെക്കാക്കാർ യാതൊരു നിരോധനവുംകൂടാതെ കീഴടങ്ങി. ഖുറൈഷികളുടെ നേതാവായിരുന്ന അബുസുഫിയാന്ന് നബി മാപ്പുകൊടുത്തു. ഇരുപതു വൎഷക്കാലം ഇസ്ലാമിന്നു പ്രവേശിക്കാൻ സാധിക്കാതിരുന്ന അയാളുടെ ഹൃദയത്തിൽ ഇപ്പോൾ അതിൻെറ പ്രകാശംകടന്നു. അയാളും ഇസ്ലാം മതം സ്വീകരിച്ചു.

പിന്നീട് നബി കാബാദേവാലയത്തിലേക്കു കടന്നു. അവിടെ ഉണ്ടായിരുന്ന വിഗ്രഹങ്ങളെയെല്ലാം ഇപ്പോൾ അവിടെ നിന്നുമാററി. ഇങ്ങനെ കാബാ മുസ്ലീം ദേവാലയമായി രൂപാന്തരപ്പെട്ടു. മെക്കാക്കാർ ഒന്നൊഴിയാതെ പുതിയ മതത്തിൽ ചേൎന്നു.

അചിരേണ ഹവാസിൽ വൎഗ്ഗക്കാരോട് നബിയ്ക്കു എതിരിടേണ്ടിവന്നു. ഹുണൈനിലെ യുദ്ധത്തിൽ അദ്ദേഹം അവരേയും ജയിച്ചു. ഹവാസികളും താമസിയാതെ നബിയുടെ മതത്തിനു കീഴടങ്ങി. ചുരുക്കിപ്പറയുന്നതായാൽ അല്പം കാലം കൂടി കഴിഞ്ഞപ്പോഴെക്ക് അറേബിയന്മാർ മുഴുവനും മുസൽമാന്മാരായി.

ഇസ്ലാമിനുണ്ടായ ഈ പ്രചാരം അയൽ ദേശത്തെ ക്രിസ്ത്യൻ രാജ്യക്കാരെ ചകിതരാക്കി. മൂട്ടായിൽ വച്ചു റോമചക്രവത്തിയും മുസ്ലിമിങ്ങളുമായുണ്ടായ യുദ്ധത്തെ പ്പററി അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലോ. കൈസർ വീണ്ടും സകല ക്രിസ്ത്യൻ ദേശക്കാരോടും യോജിച്ച് ഇസ്ലാമിൻെറ ശക്തിയെ ധ്വംസിക്കാൻ ഒരുമ്പെടുന്നു എന്ന് നബിക്ക് അറിവു കിട്ടുകയാൽ അദ്ദേഹം സിറിയായിലേക്ക് ഒരു മുസ്ലീം സൈന്യത്തെ അയച്ചു. മുപ്പതിനായിരം ഭടന്മാരെ അദ്ദേഹം അതിലേക്കു സജ്ജമാക്കി. മദീനയ്ക്കും ദമാസ്കസ് നഗരത്തിനും മദ്ധ്യേയുള്ള തബൊക്ക് എന്ന സ്ഥലത്തു മുസ്ലീം പട പാളയമടിച്ചു. എന്നാൽ മൂട്ടായിൽ വച്ച് ഒരു ലക്ഷം ഭടന്മാരോടു നേരിട്ടു നിന്ന മൂവായിരം പേരുടെ അമാനുഷ പ്രതാപത്തെ ഓർത്ത് കൈസർ യുദ്ധം ഒന്നും ചെയ്യാതെ പിന്മാറിക്കളഞ്ഞു. ഇങ്ങനെ രക്തവർഷം കൂടാതെ തന്നെ നബി വിജയശ്രീലാളിതനായി. അദ്ദേഹം അനേകം ക്രൈസ്ത്യപ്രധാനന്മാരുമായി സന്ധി ചെയ്തിട്ട് അതിർത്തിപ്രദേശത്തു സമാധാനം ഉറപ്പിച്ചു.

# അദ്ധ്യായം ൧൪.

ഒൻപതാംവഷം അവസാനിക്കാറായി. തന്റെ സന്ദേശദിനങ്ങൾ അവസാനിക്കാറായി എന്ന് അദ്ദേഹത്തിന്ന ഉണർവുണ്ടായി. ഇസ്ലാംധമ്മത്തിന്റെ സമ്പൂണ്ണതയെപ്പററി പ്രഖ്യാപനംചെയ്യാനുള്ള അവസരം ഇതുതന്നെയാണല്ലോ. ൧൨൪൦൦൦-ആളുകളോളം അറേബിയായുടെനാനാഭാഗങ്ങളിൽനിന്നും മക്കത്തുകൂടി. മനുഷ്യസമത്വത്തെ സവ്വാത്മനാ ആദരിക്കുന്ന ഒരു ജനതതിയായിരുന്നു അത്. രാജാവും കൃഷീവലനുംതമ്മിൽ അവിടെ യാതൊരു ഭേദവും ഉണ്ടായിരുന്നില്ല. അവിടെവച്ചു നബി ഹൃദയസ്പൃക്കായ ഒരു പ്രസംഗംചെയ്തു. ഇസ്ലാം ധമ്മത്തിന്റെ മൂലതത്വങ്ങളെ അദ്ദേഹം ഈ അവസരത്തിൽ വെളിപ്പെടുത്തി. അപരാധികൾക്കെല്ലാം ക്ഷമാദാനം ചെയ്തു. സാവ്വലൌകികമായ ഒരു സാഹോദയ്യത്തിന്ന അടിസ്ഥാന കല്ലിട്ടു.

൧൧-ാംവഷത്തിന്റെ അവസാനംവരെ നബി ഈശ്വരധ്യാനമാത്രനിരതനായി ജീവിച്ചു. അപ്പോഴേക്കും അദ്ദേഹം രോഗശയ്യയെ അവലംബിച്ചുകഴിഞ്ഞു. അദ്ദേഹത്തിന്റെ അന്ത്യശ്വാസംവരെ അയിഷാ ശയ്യക്കു സമീപം ഇരുന്നു ശുശ്രൂഷിച്ചുകൊണ്ടിരുന്നു. ഈകാലങ്ങളിലും അദ്ദേഹം പള്ളിക്കുപോകാതിരുന്നിട്ടില്ല. ഒരു ദിവസം പ്രാത്ഥനയ്ക്കുശേഷം നബി അവിടെ കൂടിയിരുന്ന ഭക്തന്മാ

രോടുപറഞ്ഞു. "അള്ളാ തൻെറ ഒരു ദാസനോട്ട് ഐഹികവാസമോ അള്ളാവിനോടുകൂടിയുള്ള ജീവിതമോ ? നിനക്കേതാണ് ഇഷ്ടം" എന്നു ചോദിച്ചു. "ഒടുവിൽ പറഞ്ഞ ജീവിതമാണ് എനിക്കിഷ്ടം" എന്നു പ്രസ്തുത ദാസൻ മറുപടിപറഞ്ഞു.

അടുത്തു നടക്കാൻപോകുന്ന മഹാനിര്യാണത്തെയാണ് നബി സൂചിപ്പിച്ചതെന്നു അബൂബേക്കറിനു മനസ്സിലായി. അദ്ദേഹത്തിൻെറ നേത്രങ്ങളിൽനിന്നു അശ്രുക്കൾ ധാരധാരയായി ഒഴുകി. അബൂബേക്കരുടെ ഗൃഹദ്വാരം ഒഴിച്ച് മററുള്ള പടിവാതിലുകളെല്ലാം ബന്ധിക്കാൻ നബി ആജ്ഞാപിച്ചു.

അടുത്തദിവസം നബിയുടെ ക്ഷീണം വിർദ്ധിച്ചു. ശയ്യയിൽനിന്ന് എണീല്ക്കാൻപോലും സാധിക്കാതെയായി. അതിനാൽ പ്രാത്ഥന നടത്താൻ അബൂബേക്കരെ അദ്ദേഹം നിയോഗിച്ചു. ഒരു ദിവസം അദ്ദേഹത്തിനു അല്പം ആശ്വാസം തോന്നി. അപ്പോൾ അദ്ദേഹം വീട്ടിൻെറ പടുത മാററിയിട്ടു പള്ളിയിലേക്കു കടന്നു. ജനതതി പ്രാത്ഥനയിൽ ഏപ്പെട്ടിരിക്കുന്നതു കണ്ട് അദ്ദേഹത്തിൻെറ മുഖം പ്രസന്നമായി.

റബ്ബി-ഉൽ-അവ്വാൽ മാസം ൨-ാംനു- വിശുദ്ധ നബി തൻെറ അറുപത്തിമൂന്നാമത്തെ തിരുവയസ്സിൽ അള്ളാവിൻെറ സന്നിധിയെ പ്രാപിച്ചു. ഈ സംഭവം കാട്ടുതീപോലെ നാടൊട്ടുക്കു പരന്നു. ആളുകൾ പള്ളിയിലേക്കു തിക്കിത്തിരക്കിച്ചെന്നു. എല്ലാവരുടേയും ഹൃദയം തപിച്ചു.

നബി ഇങ്ങനെ ഐഹികവാസം വെടിഞ്ഞു വെങ്കിലും അദ്ദേഹം കൊളുത്തിവെച്ച അധ്യാത്മദീപം ഇന്നും ജ്വലിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിനു അല്ലാവ് നിത്യശാന്തി അരുളട്ടെ.

---